

കൂട്ടുകൃഷി
ഇടശ്ശേരി

# കൂട്ടുകൃഷി

നാടകം

ഇടശ്ശേരി ഗോവിന്ദൻ നായർ

# ഇടശ്ശേരി ഗോവിന്ദൻ നായർ

1906 ഡിസംബർ 23-ാം തിയ്യതി, കുറ്റിപ്പുറത്ത് ജനനം. പൊന്നാനിയിലെ കൃഷ്ണപ്പണിക്കർ സ്മാരക വായനശാലയുടെ സ്ഥാപകരിലൊരാളായിരുന്നു ഇടശ്ശേരി. പിന്നീട് ജീവിതകാലം മുഴുവൻ ഈ വായനശാലയോടു ബന്ധപ്പെട്ട് കലാസാംസ്കാരിക പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു. ഇടശ്ശേരി ഓഫീസിൽനിന്നു വരുന്നതും കാത്ത് ഒരു സഹൃദയസംഘംതന്നെ കൃഷ്ണപ്പണിക്കർ വായനശാലയുടെ വരാന്തയിൽ കാത്തിരിപ്പുണ്ടാകും. അവരുമായി അടുത്ത് അവതരിപ്പിക്കാൻ പോകുന്ന നാടകത്തിന്റെ റിഹേഴ്സലിനായി എ.വി. ഹൈസ്കൂളിലോ, മിഷ്യൻ സ്കൂളിലോ പോകും. സംവിധാനവും നിർദ്ദേശവും ഇടശ്ശേരിയും ടി. ഗോപാലക്കുറുപ്പും കൂടിയായിരുന്നു നിർവ്വഹിച്ചിരുന്നത്. സുഹൃത്തുക്കളായ പി. നാരായണൻ വൈദ്യർ, എം. ഗോവിന്ദൻ, വി.ടി. ഭട്ടതിരിപ്പാട്, പി.സി. കുട്ടിക്കൃഷ്ണൻ, ചെറുകാട്, അക്കിത്തം, കടവനാട് കുട്ടിക്കൃഷ്ണൻ തുടങ്ങിയവരും ഈ കൂട്ടായ്മയിൽ പങ്കുചേരാൻ എത്താറുണ്ട്. 1974 ഒക്ടോബർ 16-ാം തിയ്യതി, അറുപത്തെട്ടാം വയസ്സിൽ പൊന്നാനിയിൽവെച്ച് മരണം.

കവിതാസമാഹാരങ്ങൾ:

അളകാവലി (1940), പുത്തൻകലവും അരിവാളും (1951), ലഘുഗാനങ്ങൾ (1954), കറുത്ത ചെട്ടിച്ചികൾ (1955), തത്വശാസ്ത്രങ്ങൾ ഉറങ്ങുമ്പോൾ (1961), കാവിലെ പാട്ട് (1966), ഒരു പിടി നെല്ലിക്ക (1968), ത്രിവിക്രമന്നു മുമ്പിൽ (1971), കുങ്കുമപ്രഭാതം (1975), അന്തിത്തിരി (1977), ഇടശ്ശേരിയുടെ കവിതകൾ: സമ്പൂർണ സമാഹാരം. (1988).

നാടകസമാഹാരങ്ങൾ:

നൂലാമാല (1947), കൂട്ടുകൃഷി (1950), കളിയും ചിരിയും (1954), എണ്ണിച്ചുട്ട അപ്പം (1957), ചാലിയത്തി (1960), ഞെടിയിൽ പടരാത്ത മുല്ല (1963), ഘടോൽക്കചൻ, ജരാസന്ധന്റെ പുത്രി എന്നീ നാടകങ്ങൾ. ('ഘടോൽക്കചനും', 'ജരാസന്ധന്റെ പുത്രി'യും പുസ്തകരൂപത്തിൽ പ്രസിദ്ധപ്പെടുത്തിയിട്ടില്ല. രണ്ടും ആകാശവാണിയിൽ പ്രക്ഷേപണം ചെയ്തിട്ടുണ്ട്. ഘടോൽക്കചൻ പിന്നീട് ചന്ദ്രികയിലും (റിപ്പബ്ലിക് സ്പെഷ്യൽ '59) ജരാസന്ധന്റെ പുത്രി മറ്റൊരു രൂപത്തിൽ മാതൃഭൂമിയിലും (1962 സെപ്റ്റംബർ 9) പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.)

ലഭിച്ച പുരസ്കാരങ്ങൾ:

മദ്രാസ് ഗവൺമെന്റ് അവാർഡ് - കൂട്ടുകൃഷി
മദ്രാസ് ഗവൺമെന്റ് അവാർഡ് - പുത്തൻ കലവും അരിവാളും
കേരള സാഹിത്യ അക്കാദമി അവാർഡ് 1969 - ഒരു പിടി നെല്ലിക്ക
കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് - 1970 - കാവിലെ പാട്ട്
കുമാരനാശാൻ പ്രൈസ് (മരണാനന്തരം) - 1979 - അന്തിത്തിരി

ഔദ്യോഗിക നിലകളിൽ പ്രവർത്തിച്ച സ്ഥാപനങ്ങൾ:

കേന്ദ്ര കലാ സമിതി - പ്രസിഡന്റ്
കൃഷ്ണപ്പണിക്കർ വായനശാല - സ്ഥാപകൻ
സാഹിത്യ പ്രവർത്തക സഹകരണ സംഘം - ഡയറക്ടർ ബോർഡ് അംഗം
കേരള സാഹിത്യ അക്കാദമി - ജനറൽ കൗൺസിൽ അംഗം
സംഗീത നാടക അക്കാദമി - ജനറൽ കൗൺസിൽ അംഗം
സമസ്ത കേരള സാഹിത്യ പരിഷത് - അംഗം
സാഹിത്യ സമിതി - പ്രസിഡന്റ്

## സമർപ്പണം

പൊന്നാനി കൃഷ്ണപ്പണിക്കർ സ്മാരകവായനശാലയുമായി ബന്ധപ്പെട്ട, കലാസ്നേഹികളായ കുറേ സഹൃദയർ ഈ സമാഹാരത്തിലുൾപ്പെടുത്തിയ നാടകങ്ങൾ പല തവണ അരങ്ങേറിയിട്ടുള്ളതാണ്. കൂട്ടുകൃഷിയുടെ മുഖവുരയിൽ ഇടശ്ശേരിതന്നെ പറയുന്നു:

'ഇതാദ്യമായി അഭിനയിച്ച നടന്മാരെ ഞാനീയവസരത്തിൽ കൃതജ്ഞതാപൂർവ്വം സ്മരിക്കുന്നു. അവരാണ് ഈ കൃതിയെ ഭാഗ്യവത്താക്കിയത്; വാക്കിനോട് വാക്കു ചേർക്കുമ്പോൾ വിറകൊള്ളുന്ന എന്റെ കൈ പിടിച്ച് ഒരു നാടകമെഴുതിച്ചതും.'

ഇടശ്ശേരി മുതിർന്ന ഒരു തലമുറയെപ്പറ്റി മാത്രമേ പറഞ്ഞിട്ടുള്ളു. ലേഖനത്തിൽ ഉദ്ദേശിച്ച കാലയളവിൽ അവർ പ്രസക്തരായിരുന്നു. ഇവരുടെ അടുത്ത തലമുറ മുൻതലമുറയുടെ ചുവടുവച്ച് ഇടശ്ശേരിയുടെ നാടകങ്ങൾ വീണ്ടും വീണ്ടും അവതരിപ്പിച്ചിട്ടുണ്ട്. അന്നെല്ലാം അവരെ പ്രോത്സാഹിപ്പിച്ചിരുന്നതും മാർഗ്ഗനിർദ്ദേശം കൊടുത്തിരുന്നതും ഇടശ്ശേരിയും, കുറുപ്പേട്ടൻ എന്ന് എല്ലാവരും സ്നേഹപൂർവ്വം വിളിച്ചിരുന്ന ശ്രീ. ടി. ഗോപാലക്കുറുപ്പുമായിരുന്നു. ആരുടെയെങ്കിലും പേർ വിട്ടുപോകുമോ എന്ന ഭയംകൊണ്ട് ഇടശ്ശേരിയെ ഹൃദയത്തിൽ സദാ സൂക്ഷിച്ചുവയ്ക്കുന്ന ആ കലാസ്നേഹികളുടെ പേരുകൾ എടുത്തു പറയുന്നില്ല.

അവർക്കായി, ഇടശ്ശേരിയുടെ കഥാപാത്രങ്ങൾക്ക് ജീവൻ കൊടുക്കാൻ സ്വയം മറന്ന് ഇറങ്ങിത്തിരിച്ച ആ പൊന്നാനിക്കാർക്കായി, ഈ പതിപ്പ് സമർപ്പിക്കുന്നു.

Web: www.edasseri.org

# 'കൂട്ടുകൃഷി'യെക്കുറിച്ച്

**എൻ.വി. കൃഷ്ണവാരിയർ.**

'നിങ്ങളുടെ നാടകം യഥാർത്ഥത്തിൽ സജീവമാണെങ്കിൽ അത് നിശ്ചയമായും സാഹിത്യവും ആയിരിക്കും. വിശ്വസ്തതയോടും ഉള്ളിൽകടന്നും നിങ്ങളുടെ സഹോദരപൗരരെ നിങ്ങൾ പഠിച്ചിട്ടുണ്ടെങ്കിൽ; സ്വന്തം സ്വഭാവവിശേഷങ്ങളാൽ നമുക്ക് രസമുളവാക്കുന്നവരും ശാശ്വതമായൊരു മനുഷ്യതാല്പര്യം ഉൾക്കൊള്ളുന്നവരുമായ കഥാപാത്രങ്ങളെ അവരിൽനിന്നു നിങ്ങൾ തിരഞ്ഞെടുത്തിട്ടുണ്ടെങ്കിൽ; ഈ രസാവഹങ്ങളായ വ്യക്തിത്വങ്ങളെ അധ്യയനം ചെയ്യുന്നതിന്നിടക്ക് അവരുടെ വാക്കുകളുടെയും പ്രവൃത്തികളുടെയും മാനസപ്രചോദനങ്ങളുടെയും സമുച്ചയത്തിൽ നിന്ന് കർശനമായ ഒരു തിരച്ചിൽ നടത്തി അവരെ വ്യക്തികളും അതേസമയത്തുതന്നെ വർഗ്ഗമാതൃകകളുമാക്കുന്ന വാക്കുകളെയും പ്രവൃത്തികളെയും മാനസപ്രചോദനങ്ങളെയും മാത്രം നിങ്ങൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ; ഈ ഉപാദാനങ്ങളെ നിങ്ങൾ വീണ്ടും വീണ്ടും അനുസന്ധാനം ചെയ്യുകയും വീണ്ടും രൂപപ്പെടുത്തുകയും ചെയ്തിട്ടുണ്ടെങ്കിൽ; വികസിച്ചുവരുന്നതും ഇണങ്ങിയൊന്നിക്കുന്നതുമായ ഒരു കഥയായി നിങ്ങൾ ഇവയെ ആവിഷ്കരിച്ചിട്ടുണ്ടെങ്കിൽ – എങ്കിൽ, ഇന്നത്തെ സാധാരണ ദൈനന്ദിനവ്യവഹാരത്തിൽ ഉപയോഗിച്ചുവരുന്നതല്ലാത്ത ഒരൊറ്റവാക്കും നിങ്ങൾ ഉപയോഗിച്ചിട്ടില്ലെങ്കിൽക്കൂടി, നിങ്ങൾ ഒരു സജീവമായ സാഹിത്യകൃതി രചിച്ചുവെന്നു ഞാൻ പറയും. അതായത് നാടകശാലയിലെ അരങ്ങത്തു പ്രദർശിപ്പിക്കുമ്പോൾ ആസ്വാദ്യമായ ഒരു 'കഥ' മാത്രമല്ല, സാഹിത്യമെന്ന നിലയിൽ വായനമുറിയിലിരുന്ന് ആഹ്ലാദത്തോടെ വായിക്കുകയും, ചർച്ചചെയ്യുകയും, വാദപ്രതിവാദത്തിന്നു വിഷയമാക്കുകയും, ആസ്വദിക്കുകയും, ജീവിതത്തിനാവശ്യമായ പോഷാകാംശങ്ങൾ ഉൾകൊള്ളുകയും ചെയ്യാവുന്ന ഒരു ഉത്തമകൃതി" (ഹെന്റി ആർദർ ജോൺസ്).

ഇടശ്ശേരി ഗേവിന്ദൻനായരുടെ 'കൂട്ടുകൃഷി'യെന്ന നാടകത്തെക്കുറിച്ച് ചിലതു പറയുന്നതിന്നു പ്രാരംഭമായി സാമാന്യം ദീർഘമായ ഈ ഉദ്ധരണം എടുത്തുചേർത്തതിൽ ഒരു ക്ഷമാപണം ആവശ്യമാണെന്നു ഞാൻ കരുതുന്നില്ല. കാരണം, ആ ഉദ്ധരണത്തിൽ പ്രതിപാദിച്ചിട്ടുള്ളതും മലയാളസാഹിത്യത്തിൽ തുലോം അപൂർവ്വമായിമാത്രം സംഭവിച്ചിട്ടുള്ളതുമായ അത്ഭുതകൃത്യം ഇടശ്ശേരി നിർവ്വഹിച്ചിരിക്കുന്നു. നാടകശാലയിലെ രംഗമണ്ഡപത്തിന്നു മുകളിൽ ആവിഷ്കരിക്കപ്പെട്ടപ്പോൾ 'ഇരമ്പിയ' ഒരു കഥയും, വായനമുറിയിലിരുന്നു വായിക്കപ്പെടുമ്പോൾ ഉൽക്കൃഷ്ടമായ കാവ്യാഹ്ലാദം നല്കുന്നൊരു സാഹിത്യഖണ്ഡവും അദ്ദേഹം ഒരേ സമയത്ത് നിർമ്മിച്ചിരിക്കുന്നു. നമുക്കതിൽ അദ്ദേഹത്തെ അഭിനന്ദിക്കുക.

എന്നാൽ 'കൂട്ടുകൃഷി' ഇത്രയും മാത്രമല്ല. നാടകംപോലെ ഫലപ്രദമായ മറ്റൊരു പ്രചാരണോപാധിയില്ല. ബർണാർഡ്ഷായുടെ വാക്കുകളിൽ: 'വ്യക്തിയുടെ പെരുമാറ്റം എന്ന ഒരൊറ്റ സംഗതി ഒഴിച്ചാൽ ലോകത്തിലേറ്റവും ആന്തരവും ഏറ്റവും പ്രഭാവജനകവുമായ പ്രചാരണമാർഗ്ഗം ലളിതകലകളാണെന്നതിൽ എനിക്ക് സംശയമില്ല. നാടകകലയെസ്സംബന്ധിച്ചാണെങ്കിൽ മുൻപറഞ്ഞ ഒഴിച്ചുനിർത്തലും വേണ്ട. കാരണം, നിരീക്ഷണശക്തിയും ചിന്താശക്തിയുമില്ലായ്കയാൽ വാസ്തവജീവിതത്തിൽ നിന്ന് ഒന്നും ധരിക്കുവാൻ കെല്പില്ലാത്ത ജനക്കൂട്ടങ്ങൾക്ക് മനസ്സിലാകത്തക്കവിധത്തിലും, അവരെ ഉത്തേജിപ്പിക്കത്തക്കവിധത്തിലും, വ്യക്തികളുടെ പെരുമാറ്റങ്ങളെ പ്രദർശിപ്പിച്ചുകൊണ്ടാണല്ലോ അത് പ്രവർത്തിക്കുന്നത് ." നാടകകലയുടെ പരമമായ ഈ പ്രചരണവീര്യത്തെ ഇടശ്ശേരി തികച്ചും ഉപയോഗപ്പെടുത്തിയിട്ടുണ്ട്. യഥാർത്ഥത്തിൽ 'കൂട്ടുകൃഷി' ഒരു കൂട്ടുകൃഷി തന്നെയാണ് – നാടകകല, സാഹിത്യകല, പ്രചാരണകല എന്നീ കലാത്രയത്തിന്റെ. ഇവയുടെ സഹകരണത്തിൻഫലമായി കൊഴുത്തു കനത്ത ഒരു പുകിൽ കൊയ്തെടുക്കുവാൻ ഇടശ്ശേരിക്കു കഴിഞ്ഞിട്ടുമുണ്ട്.

'കൂട്ടുകൃഷി' ഒരു വിജയകരമായ നാടകമായതെന്തുകൊണ്ട്? ആദ്യമായി പൊന്നാനിയിൽ ഒരു ഗ്രാമീണ മഹാസദസ്സിന്റെ മുമ്പിൽവെച്ച് അക്കിത്തം, പി. സി. കുട്ടിക്കൃഷ്ണൻ

മുതലായവർ ഈ കൃതി അഭിനയിച്ചപ്പോൾ ആ ഒന്നുരണ്ടുമണിക്കൂർ നേരത്തേയ്ക്കു കാഴ്ചക്കാർക്കിടയിലുണ്ടായ ആവേശവും തന്മയീഭാവവും അസാധാരണമായിരുന്നു. അഭിനയത്തിന്റേയോ രംഗസംവിധാനത്തിന്റേയോ മഹിമയായിരുന്നില്ല ഈ അഗാധമായ പ്രഭാവത്തിന്നടിയിൽ. അതിലെ നടന്മാർ അഭിനയം തൊഴിലാക്കിയവർ അല്ലായിരുന്നു. രംഗസംവിധാനമോ, വെറും അഞ്ചാംതരവും. വാസ്തവത്തിൽ ആ 'നാടക'മാണ് അഭിനയത്തെ ഇത്രയും ഇരമ്പിപ്പിച്ചത്. 'കൂട്ടുകൃഷി' തുടിക്കുന്ന നാടൻജീവിതത്തിൽ നിന്നു മുറിച്ചെടുത്ത ഒരു കഷ്ണമാണ്. ഇബ്സൻ പറഞ്ഞപോലെ ഇടശ്ശേരിയും "താൻ അറിഞ്ഞിട്ടോ കേട്ടിട്ടോ ഉള്ള ചില വ്യക്തികളേയും, അനുഭവിച്ചിട്ടോ കേട്ടിട്ടോ ഉള്ള ചില വസ്തുതകളേയും അരങ്ങത്തു കൊണ്ടുവന്ന് അവയ്ക്കെല്ലാം മുകളിൽ കവിതയുടേതായ ഒരന്തരീക്ഷം വീശുകയും, അവയിലെല്ലാം ഒരാത്മാവിനെ ഉണർത്തുകയും" മാത്രമേ ചെയ്തിട്ടുള്ളു. "കൂട്ടുകൃഷി''യിലെ കഥാപാത്രങ്ങളെല്ലാം പൊന്നാനിയിലും പരിസരങ്ങളിലും പാർക്കുന്നവരാണ്. ശ്രീധരനും, സുകുമാരനും, പാറുക്കുട്ടിയും, ലക്ഷ്മിഅമ്മയും – ക്ഷയക്ഷീണമായൊരു നായർജന്മിത്തറവാട്ടിലെ, തറവാടിത്തം പുലർത്തി മാനമായി ജീവിക്കുവാൻ പ്രയത്നത്തെ ആശ്രയിക്കുന്ന യുവാക്കളും അവരുടെ പുതുമകൾക്ക് വാത്സല്യത്താൽ വഴങ്ങിക്കൊടുക്കുന്ന മാതാവും – നമ്മുടെ ഉൾനാടുകളിൽനിന്നും ഇനിയും തീരെ മാഞ്ഞുകഴിഞ്ഞിട്ടില്ലാത്തൊരു വർഗ്ഗത്തിന്റെ പ്രതിനിധികളാകുന്നു – ഗ്രന്ഥകാരന്റെ സ്വന്തം വർഗ്ഗം. വേലുവിനെപ്പോലെ അധ്വാനധനനായ ഒരു കുടിയാനെ നാം പലപ്പോഴും ഇടവഴിത്തിരിവിൽ കണ്ടുമുട്ടാറുണ്ട്. അബൂബക്കറെപ്പോലെ വിശാലഹൃദയനും മതസഹിഷ്ണുവുമായൊരു മധ്യവയസ്കൻ ഒരുപക്ഷേ അസാധാരണനായിരിക്കാം. പക്ഷേ തീരെ അസംഭാവ്യനല്ല. അയാളുടെ മക്കളായ ആയിഷയും ബാപ്പുവും തികച്ചും സാധാരണക്കാരാണ്. റേഷൻകട നടത്തി കൊച്ചുമുതലാളി പദത്തിലേയ്ക്കുയർന്ന പോക്കരേയും, നാട്ടുകാര്യസ്ഥനായ നമ്പ്യാരേയും, കുറേയേറെ കുശുമ്പും കുനുഷ്ഠും എന്നാലും, കുറച്ചു കഴിഞ്ഞിട്ടെങ്കിലും, കാര്യം കണ്ടറിയാനുള്ള കർഷകന്റെ നാടൻവിവേകവും ഉള്ള വാര്യരേയും പറങ്ങോടൻനായരേയും മിക്ക ഉൾനാടുകളിലും ഇപ്പോഴും കാണാം. ഈറ്റും മാറ്റും നടന്നുമുടക്കുന്നവരുടെ ദുർബോധനത്തിന്നടിപ്പെട്ട് കിട്ടാവുന്ന കൂലി ഉപേക്ഷിച്ച് വേലയ്ക്കു നില്ക്കുവാൻ 'വ്യവസ്ഥയും വെള്ളിയാഴ്ചയു'മുള്ളവരെ തേടുന്ന കർഷകത്തൊഴിലാളി സ്ത്രീകളും നമുക്ക് അപരിചിതരല്ല. ഇവരെല്ലാം തങ്ങളാണ്. തങ്ങളുടെ അയൽക്കാരാണ്. തങ്ങളുടെ സർവ്വദുഃഖങ്ങളാണിവരുടെ സുഖദുഃഖങ്ങളും. ഇവയിൽ ഗ്രാമീണജനങ്ങൾ എങ്ങിനെ മുഴുകി ഒലിച്ചുപോവാതിരിക്കും?

'കൂട്ടുകൃഷി'യിലെ കഥാപാത്രങ്ങൾ ഓരോരുത്തരും നീരും ചോരയും ഉടലും ആത്മാവുമുള്ള മനുഷ്യരാണ്. സ്വന്തങ്ങളും വിവിധകളും തമ്മിലുരസിയുരസിത്തെളിഞ്ഞു മിഴിവുറ്റ് വരുന്നവയുമായ വ്യക്തിത്വങ്ങളുണ്ട് അവർക്ക്. ഇടശ്ശേരി ചരടുവലിക്കുന്നതിന്നനുസരിച്ച് ആടുവാൻ നില്ക്കുന്ന പാവകളല്ല അവർ. സാഹിത്യത്തിന്റെ പ്രചാരണക്കഴിവിനെ ബോധപൂർവ്വം ഉപയോഗിച്ചിട്ടുള്ളവരിൽ മുമ്പനായ മാക്സിംഗോർക്കി നാടകപാത്രങ്ങളുടെ വ്യക്തിത്വത്തെപ്പറ്റി പ്രസ്താവിച്ചിട്ടുള്ളത് ഇവിടെ ഉദ്ധരിക്കാവുന്നതാണ് : "നാടകകർത്താവിന്റെ ഇച്ഛാശക്തിയിൽനിന്നും സ്വതന്ത്രരായി, സ്വന്തം വ്യക്തിസ്വഭാവങ്ങളുടെയും സാമൂഹിക പരിതസ്ഥിതികളുടെയും നിയമങ്ങൾക്കനുസരിച്ചുവേണം നാടകത്തിലെ എല്ലാ കഥാപാത്രങ്ങളും പ്രവർത്തിക്കുവാൻ. അവർ താന്താങ്ങളുടെ വിധിയുടെ പ്രേരണാശക്തിയെ പിൻതുടരണം; ലേഖകൻ സ്വേച്ഛയാൽ അവരുടെമേൽ കെട്ടിവെച്ച മറ്റൊരു വിധിയുടേയും പ്രേരണാശക്തിയെ പിൻതുടർന്നുകൂട. സ്വന്തം ആന്തരപ്രചോദനങ്ങളാൽ തെളിക്കപ്പെട്ട് അവർ ദുരന്തങ്ങളോ സുഖാന്തങ്ങളോ ആയ സംഭവങ്ങളും ആഖ്യാനങ്ങളും സൃഷ്ടിക്കുകയും തങ്ങളുടെ പരസ്പരവിരുദ്ധങ്ങളായ സ്വഭാവങ്ങൾ, താല്പര്യങ്ങൾ, വികാരങ്ങൾ എന്നിവയ്ക്കനുഗുണമായി പ്രവർത്തിക്കുവാനനുവദിക്കപ്പെട്ടുകൊണ്ട് നാടകത്തിന്റെ മുന്നൊഴുക്കിനെ നിയന്ത്രിക്കുകയും വേണം." സാഹിത്യത്തെ പ്രചാരണോപാധിയായി ഉപയോഗിക്കുന്ന ഒരു ലേഖകൻ തന്റെ ആശയാദർശങ്ങൾക്കുയോജിച്ച സന്ദർഭങ്ങളും പാത്രങ്ങളും തിരഞ്ഞെടുക്കുന്നതിലാണ് വകതിരിവു കാണിക്കേണ്ടതെന്നും, തിരഞ്ഞെടുപ്പ് നടന്നുകഴിഞ്ഞാൽപ്പിന്നെ ആ പാത്രങ്ങളുടേയും സന്ദർഭങ്ങളുടേയും മേൽ നിർബ്ബന്ധം ചെലുത്തുന്നത് കലാസംഹാരമായിരിക്കുമെന്നുമാണല്ലോ മേല്പറഞ്ഞതിന്റെ ചുരുക്കം. ഗോർക്കി തുടരുന്നു: "സാങ്കല്പികാതിഥികളെ ക്ഷണിച്ചുവരുത്തിയിട്ടുള്ള ഒരു വിരുന്നിലെ ആതിഥേയനെപ്പോലെ വേണം നാടകകാരൻ പെരുമാറാൻ. അതിഥികളിലൊരാൾ മറ്റൊ

രാളെ വളരെയധികം വേദനിപ്പിച്ചാൽപോലും ആതിഥേയൻ ഒരു വിധത്തിലും ആ വഴക്കിൽ കൈകടത്തിക്കൂട. അതിഥികളുടെ പെരുമാറ്റസമ്പ്രദായങ്ങൾ ചോരത്തണുപ്പോടെ വർണ്ണിക്കുന്നതു മാത്രമാണ് അയാളുടെ കടമ." ഗോർക്കിയുടെ ഈ നിർദ്ദേശങ്ങൾ 'കൂട്ടുകൃഷി'യിലെ കഥാപാത്രങ്ങളെ സംബന്ധിച്ചിടത്തോളം തികച്ചും അനുവർത്തിക്കപ്പെട്ടിട്ടുണ്ടെന്നുകാണാം. ഈ അതിഥി സമ്മേളനത്തിൽ ആതിഥേയന്റെ ശബ്ദംതന്നെ നാം കേൾക്കുന്നില്ല. അദ്ദേഹം അപ്പുറത്തെങ്ങാണ്ടിരുന്ന്, മുറുക്കി, തന്റെ അതിഥികളുടെ കെട്ടുപിണഞ്ഞും അയഞ്ഞുംവരുന്ന ഇടവാടുകൾ നോക്കി രസിക്കുകയാണ്. 'കൂട്ടുകൃഷി'യിലെ കഥാപാത്രങ്ങൾ ഉയിരും ഊക്കുമുള്ള മനുഷ്യരായത് ഇതിനാലാണ്. അവർ കാഴ്ചക്കാരുടെ ജിജ്ഞാസയെ കുലുക്കിയുണർത്തുന്നു. "ഇനിയെന്ത് !" എന്ന ചോദ്യം അവസാനത്തെ തിരശ്ശീല വീഴുംവരെ കാണികൾ ഓരോരുത്തരുടെയും മനസ്സിൽ എഴുന്നുനില്ക്കുകയും ചെയ്യുന്നു. ആ കഥാപാത്രങ്ങളുടെ വിധി സ്വന്തം വിധിയായി കാഴ്ചക്കാർക്കനുഭവപ്പെടുന്നു.

ദൃഢബന്ധമായ ഒരു കഥയുണ്ട് 'കൂട്ടുകൃഷി'യിൽ. നാടകത്തിൽ കഥ അത്യാവശ്യമല്ലെന്നു പല പ്രമാണികരും വാദിച്ചിട്ടുണ്ടെങ്കിലും, വെറും സംഭാഷണരംഗങ്ങൾ കോർത്തുകെട്ടിപ്പോകുന്ന ശ്ലഥബന്ധങ്ങളായ നാടകങ്ങൾ സുപ്രസിദ്ധരായ നാടകകാരന്മാർകൂടി എഴുതിയിട്ടുണ്ടെങ്കിലും, കാലത്തെ കടന്ന് തലയുയർത്തിനില്ക്കുന്ന നല്ല നാടകങ്ങളെല്ലാം നല്ല കഥകളും കൂടിയാണെന്ന സംഗതി നിരാക്ഷേപമാകുന്നു. "കൂട്ടുകൃഷി" യിലെ കഥ ഒരു നീതികഥപോലെ സരളവും, ഋജുവും, ലഘുവും, ജീവിതത്തിലെ അടിസ്ഥാന സത്യങ്ങളെ ആസ്പദിച്ചിട്ടുള്ളതുമത്രേ. കഥയിൽ പരിണാമഗുപ്തിയോ ആശ്ചര്യമോ ഒന്നുമില്ല. "ഒരു രഹസ്യവും കാഴ്ചക്കാരിൽ നിന്നു മറയ്ക്കാതിരിക്കുക" എന്ന നാടകതത്ത്വം ഇടശ്ശേരിയും അംഗീകരിച്ചിരിക്കുന്നു. കഥാപാത്രങ്ങളുടെ സ്വഭാവവൈചിത്ര്യത്തിൽനിന്ന് കഥ സ്വാഭാവികമായി, കമ്പുകമ്പായി, പടർന്നുവരുന്നു. നമ്പ്യാർ രംഗത്തുവന്ന് അഞ്ചുനിമിഷങ്ങൾക്കുള്ളിൽ, പോക്കർക്കു ലഭിക്കേണ്ടതും കാവ്യനീതിവിധിച്ചതും നാമാഗ്രഹിക്കുന്നതുമായ ശിക്ഷ ആധാരമെഴുതിത്തഴമ്പിച്ച അയാളുടെ കൈകൾതന്നെ നല്കുമെന്ന് നമുക്ക് തീർച്ചയാകുന്നു. കവിതയെഴുത്തും കമ്പവുമായി നടക്കുന്ന മനസ്സുമൂക്കാത്ത ഭാവുകനായ സുകുമാരനും മുഗ്ദ്ധഹൃദയയായ ആയിഷയും ഒരേ പ്രയത്നത്തിന്റെ ചൂടിൽ പരസ്പരം അടുക്കുമ്പോൾ അവരുടെ പ്രണയങ്ങൾ പരസ്പരം ഉരുകിച്ചേരാതെ വയ്യ. പെങ്ങളെന്നാൽ പ്രാണനായിരുന്ന ബാപ്പുവിന്റെ സാമുദായികവൈരത്താലും തെറ്റിദ്ധാരണയാലും കുരുണ്ട കണ്ണു തുറപ്പിക്കുവാൻ ആ ഉടപ്പിറപ്പിന്റെ സ്നേഹം തന്നെ മതി. കഥാഘടനയിൽ അമർത്തി നീട്ടുകയോ വളച്ചൊടിക്കുകയോ ചെയ്തിട്ടുള്ള ഒരംശവുമില്ല. അതോടൊപ്പംതന്നെ, ഉപസംഹാരസന്ധിയിൽ ഒന്നിച്ചിണങ്ങിച്ചേർന്നുപോകാതെ വേർവിട്ട് ഞാന്നു തൂങ്ങിനില്ക്കുന്ന ഒരിഴയും കഥയിലില്ല. വെറുതെയൊന്നു കിക്കിളിപ്പെടുത്തി ചിരിപ്പിക്കുവാനായി ഒരൊറ്റ വാക്കുപോലും ഉച്ചരിക്കപ്പെട്ടിട്ടില്ല.  ഓരോവാക്കും, ഓരോ ചേഷ്ടയും, ഓരോ കഥാപാത്രവും മുഖ്യമായ കഥാബന്ധത്തിന് അനുപേക്ഷണീയമാകുന്നു. അവയിലൊന്നില്ലാതിരുന്നാൽ കഥാശരീരത്തിലൊരു വിടവുകിടക്കും. 'സംക്ഷേപണപരിഹാരണങ്ങളുടെ കലയും ശാസ്ത്രവുമാണ് സങ്കേതം" എന്ന ചൊല്ല് ശരിയാണെങ്കിൽ, ഒരു യഥാർത്ഥകലാകാരന്റെ സാങ്കേതികപരിചയവും കൈത്തഴക്കവും ഈ ചുരുക്കലിലും തിരവിലും നാം കണ്ടെത്തുന്നു.

നാടകത്തിലെ അതിമുഖ്യമായ ഘടകം സംഭാഷണമാണല്ലോ. പാത്രസ്വഭാവത്തെ അത് അനാവരണം ചെയ്യുന്നു. കഥയെ പടിപടിയായി മുന്നോട്ടു നീക്കുന്നതും അതത്രേ. ഓരോ നാടകത്തിന്നും പ്രത്യേകമായ അന്തരീക്ഷവും കാലാവസ്ഥയും നിർമ്മിക്കുന്നതും സംഭാഷണമാണ്. ഇതിനൊക്കെപ്പുറമെ, അത് സ്വയമേവ രസാവഹവും ആകർഷകവും കൂടിയായിരിക്കണം. കൂട്ടുകൃഷിയിലെ സംഭാഷണം മിക്കവാറും നിത്യജീവിതത്തിൽ നാം കേൾക്കാറുള്ളതുതന്നെയാണ്. പാടത്തെ ചേറിന്റേയും, കന്നിന്റേയും വയ്ക്കോലിന്റേയും മണം അതിന്നുമുണ്ട്. അതൊടൊപ്പം അതിൽ ശുദ്ധമായ നാടൻ ഹാസ്യരസം തുളുമ്പിനിൽക്കുകയും ചെയ്യുന്നു. പക്ഷേ, വേണ്ട സന്ദർഭങ്ങളിൽ ഈ ലളിതസംഭാഷണം ഗൗരവം കൈക്കൊള്ളുന്നു; അർത്ഥഗരിമയാൽ ശബ്ദം കനത്തുപോകുന്നു. വാക്കുകൾ അപ്പോഴും മുമ്പുപയോഗിച്ചിരുന്നവ തന്നെ; പക്ഷേ അവ ഓരോന്നും ഓരോ കൂറ്റൻ കുടമണി പോലെ മുഴങ്ങാൻ തുടങ്ങുന്നു. അവസാനരംഗത്തിലെ ഈ വാക്യങ്ങൾനോക്കുക:

ശ്രീധരൻ : ഈശ്വരാ, അങ്ങയുടെ ഉഭയം. ഞങ്ങളിട്ടിരുന്ന എടവരമ്പൊക്കെ ഞങ്ങൾ തന്നെ കൊത്തിയിട്ടു. ആ വരമ്പുകളാണ് കണ്ടത്തിൽ നീരൊഴുക്കില്ലാതാക്കീത്. ഞങ്ങൾ

ക്കിന്നത് മനസ്സിലായി.

ബാപ്പു : ശ്രീധരൻനായരേ, നിങ്ങൾ മതത്തിന്റെ എടവരമ്പുംകൊത്തി. നന്നായി. കൊറ ച്ചൊക്കെ നീരൊഴുക്കം അവിടേയും ഉണ്ടാവും.

പിന്നേയും:

ശ്രീധരൻ : നമുക്കു കാക്കാം. ക്ഷമയോടും ഒരുമയോടുംകൂടി നമുക്കു കാക്കാം. ഇന്നീ കൂട്ടുകൃഷിയിലുണ്ടായ സമൃദ്ധിപോലെ അടുത്ത പുകിലിൽ നാം സമൃദ്ധമായ ഒരു പുതിയ തലമുറയെ വിളയിക്കും.

(സുകുമാരനും ആയിഷയും നെടുവീർപ്പിടുന്നു. അവരെ മറ്റുള്ളവർ ഒന്നിച്ചുനോക്കുന്നു. അവർ രണ്ടാളും തലതാഴ്ത്തുന്നു.)

അബൂബക്കർ: (ആ യുവാവിനെയും മകളെയും മാറിമാറിനോക്കി, ഭക്തിപൂർവ്വം) പടച്ചവനേ, ഇനി ഇതിനെന്താ ബഴി?

"ഇനി ഇതിനെന്താ ബഴി!" – നാടകം കണ്ടുമടങ്ങുന്ന ഓരോരുത്തരുടെയും തലയിൽ കുറെയേറെനേരത്തേയ്ക്ക് ഈ മണി മുഴങ്ങിക്കൊണ്ടിരിക്കും. പക്ഷേ അവർക്കു വഴി ഇപ്പോൾ അറിയാം. നാടകം അവരെ അതു പഠിപ്പിച്ചുകഴിഞ്ഞിരിക്കുന്നു. ഇത്രയധികം വ്യഞ്ജനാശക്തി ഈ സാധാരണവാക്കുകൾക്ക് എങ്ങനെ കൈവന്നു!

'പ്രശ്നനാടക'ങ്ങളെഴുതുമ്പോൾ പലരും മറന്നുപോകാറുണ്ട്. നാടകത്തിലെ ജീവൻ ആക്ഷൻ – പ്രവർത്തനം – ആണെന്ന്. ഇതിനാൽ പലപ്പോഴും നാടകം വെറും സംഭാഷണങ്ങളുടെ ഒരു തുടരായിപ്പോകുന്നു. ഈ നിശ്ചലത സാധാരണക്കാരായ കാഴ്ചക്കാരെ അത്യന്തം മുഷിപ്പിക്കുകയും ചെയ്യുന്നു. വായിക്കുമ്പോൾ രസം തുളുമ്പുന്ന ഒരു കൃതി അരങ്ങത്തു വരുമ്പോൾ നിറം കെട്ടുപോകുന്നതിന്റെ കാരണം ഇതാണ്. കൂട്ടുകൃഷിയിൽ പ്രവർത്തനം മുഖ്യമായ ഒരു ഭാഗം വഹിക്കുന്നു. അതിലെ പളുങ്കുപോലെ തിളങ്ങുന്ന സംഭാഷണംപോലും അഭിനയത്തെ നിഴല്പാട്ടിലാക്കുന്നില്ല. കന്നുപൂട്ടലും, വിതയ്ക്കലും, കളപറിക്കലും, മെതിക്കലും, കാറ്റത്തിടലും കർഷകജീവിതത്തിന്റെ വർണ്ണോജ്വലങ്ങളായ എല്ലാ വശങ്ങളും – അരങ്ങത്തുവരുന്നുണ്ട്. ഒരൊറ്റ രംഗവുമില്ല, നിശ്ചലവും ചർച്ചാമാത്രവുമായിട്ട്. സാധാരണയായി നാടകകർത്താക്കൾ തടഞ്ഞുവീഴാറുള്ളത് തുടക്കത്തിലും ഒടുക്കത്തിലുമാണ്. മുഖ്യകഥാപാത്രങ്ങളെയും അവരുടെ ഭൂതകാലചരിത്രത്തെയും, തൽക്കാലത്തെ പ്രയത്നങ്ങളെയും, പരസ്പര ബന്ധങ്ങളെയും നമുക്കു പറഞ്ഞുമനസ്സിലാക്കിത്തരുവാൻ കുശലരായ നാടകകാരന്മാർപോലും തുടക്കത്തിൽ കുറെയേറെ സമയമെടുക്കാറുണ്ട്. ഇതെല്ലാം കഴിഞ്ഞ് ആക്ഷൻ ഇന്ന സ്ഥലത്തുനിന്നു തുടങ്ങുന്നു എന്ന് പല പ്രസിദ്ധ നാടകങ്ങളിൽപ്പോലും അടയാളപ്പെടുത്തുവാൻ കഴിയും. അതുപോലെ, കഥയിലെ വഴിത്തിരിവു കടന്നശേഷം, ഫലാഗമഘട്ടത്തിൽ തൂങ്ങിക്കിടക്കുന്ന പല കഥാതന്തുക്കൾ പിടിച്ചൊന്നിച്ചു കെട്ടുവാനും പലപ്പോഴും നാടകകാരന്മാർ ക്ലേശിക്കുന്നതായി കാണാം. 'കൂട്ടുകൃഷി'യിൽ ആദ്യത്തെ രംഗത്തിന്റെ മുമ്പിൽനിന്നു കർട്ടൻ ഉയരുന്നതു മുതൽ ആക്ഷൻ തുടങ്ങുകയായി. പരിചയപ്പെടുത്തൽ മുതലായ ചടങ്ങുകൾ, അങ്ങിനെ ചെയ്യുകയാണെന്നറിയിക്കാതെ, അനായസമായി, അക്ലിഷ്ടമായി ഇടശ്ശേരി നിർവ്വഹിക്കുന്നു. ഈ ഹസ്തലാഘവം അവസാനംവരെ തുടർന്നുവരുന്നു. "നില്ക്കൂ, ഇനി ചില വിശദീകരണങ്ങൾ കേട്ടിട്ടേ മുമ്പോട്ടു പോകാവൂ" എന്ന് ഗ്രന്ഥകാരൻ ഒരവസരത്തിലെങ്കിലും നമ്മോടു പറയുന്നില്ല. അവസാനം വന്ന്, സാമ്പത്തികസാമൂഹികരംഗങ്ങളിലെ ഇടവരമ്പുകൾ കൊത്തുകയെന്ന ലക്ഷ്യത്തിൽ എത്തുമ്പോഴാകട്ടെ, അബൂബക്കറുടെയും ശ്രീധരന്റെയും വേലുവിന്റെയും മാത്രമല്ല, പറങ്ങോടൻനായരുടെയും വാര്യരുടെയുംകൂടി കയ്ക്കോട്ടുകൾ ഒന്നിച്ച് വരമ്പുകളിൽ വന്നുവീഴുന്നതായി നാം കാണുന്നു. പൊതുലക്ഷ്യത്തിൽ എല്ലാ കഥാപാത്രങ്ങളും, എല്ലാ സംഭവങ്ങളും ഒന്നിച്ചു ചേർന്നിരിക്കുന്നു.

'കൂട്ടുകൃഷി'യിലെ രണ്ടുസ്ഥലങ്ങളിൽ വിമർശകന്നു വിരൽ ചൂണ്ടുവാനുണ്ടാവാം. ഒന്നാമത്തേത് മൂന്നാമങ്കത്തിൽ നാലാം രംഗം. അതു മുഴുവൻ ഒരു സ്വഗതാഖ്യാനമാണ്. നാടകങ്ങളിൽ സ്വഗതാഖ്യാനത്തിന്റെ സ്ഥാനം അസ്തമിച്ചിരിക്കുകയാണല്ലോ. ഇതൊരു സാങ്കേതിക ന്യൂനതതന്നെ. പക്ഷേ, 'കടുത്ത ജിന്നിൻ വിളികേട്ട്' കൊടുംകൊലയ്ക്കു അല്ലിലിറങ്ങിത്തിരിക്കുന്ന ആ യുവാവിന്റെ ഹൃദയത്തിലെ തിളച്ചുമറിയൽ മറ്റേതു വിധത്തിലാണ് വെളിപ്പെടുത്തുക? മാത്രമല്ല, കത്തികൈയിലെടുക്കുന്നതു മുതൽ അതൊരു സ്വഗതാഖ്യാനമല്ലാതെ സംഭാഷണമായിത്തീർന്നിരിക്കുന്നു. ബർണാർഡ്ഷായുടെ നാടകത്തിൽ സീസറും സിംഹികയുമായുള്ള ഏകഭാഗീയമായ സംഭാഷണം പോലെ സാങ്കേത

ദൃഷ്ട്യാ എങ്ങിനെയിരുന്നാലും ഈ സ്വഗതാഖ്യാനം രംഗത്ത് വളരെ ഉജ്ജ്വലവും പ്രഭാവോദ്ബണവുമായ ഒരു ഘട്ടമാകുന്നു. എന്തൊക്കെപ്പറഞ്ഞാലും ഒടുവിൽ കാര്യം അതാണല്ലോ. ഹെന്റി ബാതൈൽ പറയും പോലെ, "നാടകശൈലി പ്രത്യക്ഷത്തിലോ വാസ്തവത്തിലോ ജീവിതത്തിന്റെ തനിപ്പകർപ്പല്ല. അതിലെ സംഭാഷണം സന്ദർഭത്തിന്റെയോ കഥാപാത്രങ്ങളുടെയോ സ്വാഭാവിക പരിണതി മാത്രമാണ്. കഥാപാത്രങ്ങൾ ഇതുവഴി തങ്ങളുടെ ആശയമടക്കം എല്ലാം പൊതുജനങ്ങൾക്കു തുറന്നു കാട്ടുന്നു. സങ്കേതസാരം ഇതത്രേ!!

മറ്റൊരു ചെറിയ കുറവു പറയാനുള്ളത് മൂന്നാമങ്കത്തിൽ ഒന്നാം രംഗത്തിലാണ്. "അന്യായത്തിൽ വല്ലതും കൂട്ടിച്ചേർക്കാൻ" പോലീസ് സ്റ്റേഷനിൽപോയ നമ്പ്യാർ രണ്ടോ മൂന്നോ നിമിഷങ്ങൾ കഴിയുമ്പോഴേക്കുമുണ്ട് തലയിലൂടെ മുണ്ടിട്ട് മുടന്തിക്കൊണ്ട് മടങ്ങിവരുന്നു. പോലീസ് സ്റ്റേഷനിൽ സാധാരണ പതിവുള്ള ചോദ്യാഭേദ്യാദികൾക്ക് ഇത്രയും സമയം മതിയോ? നമ്പ്യാരുടെ "വീണിടം കൊണ്ടുള്ളവിദ്യ" നാടകകർത്താവിന്റെ ഒരൊന്നാന്തരം പൊടിക്കൈയായിട്ടുണ്ട്. അരങ്ങത്ത് ഈ ഭാഗം ഇരമ്പുകയല്ല അലറുകതന്നെ ചെയ്യുമെന്നതും നിസ്തർക്കമാണ്. പക്ഷേ അതിന്നുവേണ്ടി കാലയുക്തി പരിഗണിക്കാതിരുന്നത് ഒരാധുനിക നാടകത്തിൽ ശരിയായില്ലെന്നു തോന്നുന്നു.

അരങ്ങത്തഭിനയിക്കാനുള്ള ഒരു കഥയെന്ന നിലയ്ക്കാണ് – അതാണല്ലോ പ്രധാനവും – 'കൂട്ടുകൃഷി'യെപ്പറ്റി ഇത്രയും പറഞ്ഞത്. ഇതിന്നുപുറമെ അതൊരു ഭംഗി തികഞ്ഞ കാവ്യം കൂടിയാണ്. ജീവിതാനുഭവങ്ങൾ ആത്മാവിൽ നിറഞ്ഞൊഴുകുന്നതാണല്ലോ എല്ലാ കലകളുടേയും പ്രഭവം. ഈ അനുഭൂതികൾ ആവിഷ്കരണത്തിന്നു ലഹള കൂട്ടുമ്പോൾ കലാകാരൻ കലാസൃഷ്ടി നടത്തുന്നു. അങ്ങനെ സൃഷ്ടിക്കപ്പെട്ട കലാവസ്തുവിൽ നാം നമ്മുടെ ചലനാത്മകവും അതിനാൽ ഏകവീക്ഷണത്തിലൊതുങ്ങാത്തതും, അപൂർണ്ണവും ആയ ജീവിതത്തിന്റെ ഭദ്രരൂപമായ പ്രതിഫലനവും പരിപൂർണ്ണതയും, വ്യഖ്യാനവും കാണുന്നു. പരിതസ്ഥിതികൾ പടുത്തുയർത്തുന്ന പ്രതിബന്ധങ്ങളോടെതിർത്തെതിർത്തു മുന്നേറുന്ന മനുഷ്യേച്ഛാശക്തിയുടെ വികാസം നാം അതിൽ കണ്ടെത്തുന്നു. നമ്മെ അതിരിടുകയും വെട്ടിച്ചുരുക്കുകയും ചെയ്യുന്ന സാമൂഹികശക്തികളോടും വ്യക്തികളുടെ മൂഢതകളോടും മുൻവിധികളോടും ഇടുങ്ങിയ സ്വാർത്ഥങ്ങളോടും സമരം ചെയ്യുവാൻ ജീവനോടെ അരങ്ങത്തേക്കെറിയപ്പെട്ട നമ്മുടെ ചില സഹജീവികളെ നാം 'കൂട്ടുകൃഷി'യിൽ കാണുന്നു. ജീവിതത്തിന്റെയും വ്യക്തിത്വത്തിന്റെയും ഒരു പ്രതിഫലനവും, സംക്ഷേപണവും, വ്യാഖ്യാനവും, മനുഷ്യത്വത്തിന്റെ ഒരാവിഷ്കരണവും ഇതിൽനിന്ന് നമുക്കു ലഭിക്കുന്നു. ഇതാണല്ലോ സാഹിത്യകലയിൽ നാം തേടുന്നതും. ഇതു നിമിത്തം തണുത്ത അച്ചടിയിൽ വായിക്കുമ്പോഴും 'കൂട്ടുകൃഷി' സരസവും സാരഗർഭവുമായനുഭവപ്പെടുന്നു. 'കൂട്ടുകൃഷി'യിലെ ആർജ്ജവ സുന്ദരമായ ഭാഷയെപ്പറ്റി മുമ്പുതന്നെ പറഞ്ഞിട്ടുണ്ട്. കന്നുപൂട്ടുന്നതിന്നും കളപറിക്കുന്നതിന്നും അനുബന്ധമായിച്ചേർത്തിരിക്കുന്ന ഭാവഗീതങ്ങൾ ഈ പ്രബന്ധത്തിന്റെ സർവ്വാംഗണീയമായ കാവ്യാത്മകതയിൽ ലയിച്ചുചേർന്നു പോകുന്നു.

നമ്മുടെ നാട്ടിലെ പൊള്ളുന്ന രണ്ടു സാമ്പത്തിക സാമൂഹികപ്രശ്നങ്ങൾക്കു പരിഹാരം നിർദ്ദേശിക്കുവാൻ കൂടിയാണ് 'കൂട്ടുകൃഷി' എഴുതപ്പെട്ടിട്ടുള്ളത്. ഭൂവുടമയിലെ ജന്മിത്വസമ്പ്രദായം എങ്ങനെ അവസാനിപ്പിക്കാമെന്നും, തുണ്ടുതുണ്ടായിക്കിടക്കുന്നതും തന്മൂലം നഷ്ടകരവുമായ കൃഷിയിടങ്ങൾ ഒരുമിച്ചുചേർത്ത് സഹകരണാടിസ്ഥാനത്തിൽ കൃഷി നടത്തി എങ്ങനെ അത് ആദായകരമായ ഒരു തൊഴിലാക്കിത്തീർക്കാമെന്നുമുള്ളതാണ് ഇതിലെ സാമ്പത്തിക പ്രശ്നം. ജാതിപ്പോരും മതപ്പോരും അയൽക്കാരനെ അയൽക്കാരനിൽ നിന്നകറ്റിനിർത്തി സഹകരണത്തെ തടഞ്ഞ് മനുഷ്യത്വത്തെ ചേറ്റിലാഴ്ത്തുന്നതിന്ന് എങ്ങനെ പരിഹാരം കാണാമെന്ന സാമൂഹികപ്രശ്നമാണ് രണ്ടാമത്തേത്. ഇതിൽ രണ്ടാമത്തേതിന്നുള്ള പരിഹാരം സഹകരിച്ചുള്ള സാമ്പത്തികോല്പാദന പ്രയത്നവും മിശ്രവിവാഹവുമാണെന്ന് ഇടശ്ശേരി വ്യക്തമാക്കുന്നു. വർഗ്ഗബോധത്തെ രൂഢമൂലമാക്കി മതസമുദായ വൈരത്തെ പിഴുതുകളയുന്ന ഈ പ്രയത്നം കൃഷിക്കാരിൽ നിന്നുതന്നെ ഉയർന്നുവരേണ്ടതും വരുന്നതുമാണെന്നും അദ്ദേഹം സൂചിപ്പിക്കുന്നു. മതങ്ങളെ എതിർത്തു തുരത്താമെന്ന വിചാരം അദ്ദേഹത്തിന്നില്ല. അതിനേക്കാൾ എളുപ്പമായ വഴി മതത്തെ വ്യക്തിയുടെ സ്വന്തകാര്യമെന്ന നിലയിലേക്കു ചുരുക്കുകയും സമഷ്ടികാര്യങ്ങളിൽ നിന്നതിനെ വരഞ്ഞു മാറ്റിനിർത്തുകയുമാണ്. ഇത്രയും കാലത്തെ അനുഭവത്തിന്നുശേഷം ലോകകമ്മ്യൂണിസംകൂടി ഏതാണ്ടീയഭിപ്രായത്തിൽ വന്നുചേരുകയും, വ്യക്തിമേഖലയിൽ

നിന്നു പുറത്തുകടക്കാത്ത കാലത്തോളം മതത്തെ വെച്ചുപൊറുപ്പിക്കുവാൻ തെയ്യാറാവുകയും ചെയ്തിട്ടുണ്ടല്ലോ. മിശ്രവിവാഹവും തൽഫലമായുണ്ടാകുന്ന ചോരയും തമ്മിലുള്ള ഉറഞ്ഞുകൂടലും മാത്രമേ ചോരയിൽക്കലർന്നു കിടക്കുന്ന നമ്മുടെ വർഗ്ഗചിന്തയ്ക്കു മറുമരുന്നായുള്ളൂ എന്ന് എല്ലാക്കാലത്തും ചിന്തകന്മാർ വാദിച്ചു പോന്നിട്ടുണ്ട്. ജന്മിത്വം അവസാനിപ്പിക്കുവാനും, കൃഷിയെന്ന സാമൂഹികപ്രവർത്തനത്തെ മത്സരത്തിൽ നിന്നടർത്തിയെടുത്ത് സഹകരണത്തിൽ പ്രതിഷ്ഠിക്കാനും ഗ്രന്ഥകാരൻ നിർദ്ദേശിക്കുന്ന വഴി ഗാന്ധിജി ചൊല്ലിത്തന്ന ഹൃദയപരിവർത്തനം തന്നെയാകുന്നു. ജന്മി സ്വമേധയാ ജന്മാവകാശം ഒഴിയുക, ബുദ്ധിമാന്മാരായ കുടിയാന്മാർ സ്വമേധയാ  സഹകരിച്ചു കൃഷിതുടങ്ങുക. അവരുടെ ഉദാഹരണം കണ്ട് മറ്റുള്ളവർകൂടി സംഘർഷത്തിന്റെ ഇടവഴികൾ വിട്ട് സഹകരണത്തിന്റെ രാജപാതയിലേക്കു കാലക്രമേണ വന്നെത്തിക്കൊള്ളും - ഇതാണ് ഈ പ്രശ്നത്തിന്ന് ഇടശ്ശേരി ചൂണ്ടിക്കാട്ടുന്ന പരിഹാരം. ഇതുണ്ടാവുമോ? ജന്മികൾ - ഒറ്റയ്ക്കും തെറ്റയ്ക്കുമുള്ള ചില അസാധാരണ വ്യക്തികളല്ലാതെ, ജന്മിവർഗ്ഗമാകെ - സാന്മാർഗ്ഗികബോധത്തിന്റെ ഫലമായി പ്രതിഫലം വാങ്ങാതെ തങ്ങളുടെ ചൂഷണാവകാശം സ്വമേധയാ ഒഴിഞ്ഞുപോകുമോ! നിയമത്തിന്റേതായ നിർബന്ധമില്ലാതെ കർഷകൻ തനിയെ സഹകരണത്തിലേയ്ക്ക് പ്രവേശിക്കുമോ? നമ്മുടെ അനുഭവം 'ഇല്ല' എന്ന ഉത്തരം നിസ്സംശയം നല്കുന്നു. എല്ലാ രാജ്യങ്ങളിലും ഭൂമി ചോരയിൽ  കുതിർന്നശേഷമേ ജന്മി തന്റെ ചൂഷണാധികാരങ്ങൾ വെച്ചൊഴിഞ്ഞിട്ടുള്ളു. അല്ലെങ്കിൽ, ഇന്ത്യയിലിന്ന് കോൺഗ്രസ്സുകാർ ചെയ്യുമ്പോലെ വമ്പിച്ച പ്രതിഫലം നല്കി, ജന്മികളെയെല്ലാം മുതലാളിമാരാക്കി മാറ്റണം. അതുപോലെത്തന്നെ പരസ്പരമാത്സര്യത്തിൽ അടിയുറച്ച മുതലാളിത്തസാമ്പത്തികഘടന സർവ്വശക്തവും അനിയന്ത്രിതവുമായി വാഴുന്ന കാലത്തോളം സഹകരണത്തിന്നുള്ള അസംഘടിത  പരിശ്രമങ്ങൾ  വെറും "കോപ്രാട്ടി"കൾ സൃഷ്ടിക്കുന്നതിന്നേ മതിയാവുകയുള്ളു. മുതലാളിത്തത്തിന്റെ നഷ്ടാവശിഷ്ടങ്ങൾക്കുമേൽ മാത്രമേ സോഷ്യലിസം - സഹകരണോല്പാദനം - കെട്ടിപ്പടുക്കാനാവൂ. ഈ സ്ഥിതിക്ക് ഇടശ്ശേരിയുടെ ഗാന്ധിയൻ സാമ്പത്തികാദർശങ്ങളോട്   യോജിക്കുവാനെനിക്കു സാധിക്കുന്നില്ല. പക്ഷേ അതുകൊണ്ട് 'കൂട്ടുകൃഷി'യുടെ കലാമൂല്യം കിഴിഞ്ഞുപോകുന്നില്ല. സത്യത്തെ സംഭാവ്യമാക്കിക്കാണിക്കുകയെന്ന പോലെ സംഭവിക്കേണ്ടതിനെ സത്യമാക്കിക്കാണിക്കുകകൂടി ഉൽക്കൃഷ്ടസാഹിത്യത്തിന്റെ സ്വഭാവമാകുന്നു. ജന്മിത്വം സ്വയം പിരിച്ചുവിട്ടാൽ നന്നായിരുന്നു എന്നും സാമ്പത്തികമത്സരത്തിൽനിന്ന് സാമ്പത്തികസഹകരണത്തിലേയ്ക്കുള്ള ഗിയർമാറ്റം ചോരച്ചൊരിച്ചിലൊ നിർബ്ബന്ധമൊ കൂടാതെ നടന്നാൽ വളരെ നന്നായിരുന്നു എന്നുമേ എനിക്ക് പറയാനുള്ളൂ. ഇതു സാധിക്കുമൊ എന്ന് ഇടശ്ശേരിയെപ്പോലെ അചികിത്സ്യ ശുഭപ്രതീക്ഷകരായ അല്പം ചില കോൺഗ്രസ്സുകാരുള്ളവർ ശ്രമിച്ചുനോക്കട്ടെ. ഭൗതികമായി വലിയ നേട്ടമൊന്നും ഉണ്ടായില്ലെങ്കിലും അവരുടെ പരിശ്രമം സംഘർഷം മൂടിക്കെട്ടി വിങ്ങിനില്ക്കുന്ന നമ്മുടെ അന്തരീക്ഷത്തിൽ കുറച്ചൊരു പുത്തൻകാറ്റ് വീശുവാനുപകരിക്കാതിരിക്കയില്ല. ഒരു പക്ഷേ എവിടെ എത്തി എന്നതിനോളംതന്നെ പ്രധാനമാണ് എങ്ങനെ എത്തി എന്നതും. അതിനാൽ ആത്മാർത്ഥമായ അഹിംസാ വിശ്വാസത്തിലടിയുറച്ച ഏത് പ്രയത്നത്തെയും സ്വാഗതം ചെയ്യാതെ വയ്യ.

മേറ്റർ ലിങ്കിന്റെ ചില വാക്കുകൾക്കൂടി ഉദ്ധരിച്ചുകൊണ്ട് ഈ അവതാരിക ഉപസംഹരിക്കാം. 'ഒരു നാടകം നിശ്ചലമൊ, ക്രിയാത്മകമൊ, പ്രതിരൂപാത്മകമൊ യഥാർത്ഥാത്മകമൊ എന്നതല്ല കാര്യം. അത് സുലിഖിതവും, സുചിന്തിതവും; മനുഷ്യോചിതവും, കഴിയുമെങ്കിൽ അതിമാനുഷോചിതവും– ആ വാക്കിന്റെ അഗാധാർത്ഥത്തിൽ–ആണോ എന്നതാകുന്നു പ്രധാനം. മറ്റതെല്ലാം വെറും വാചാലതയത്രേ." സുലിഖിതവും സുചിന്തിതവും, തികച്ചും മനുഷ്യസ്നേഹനിർഭരവും, ഒരു പക്ഷേ അതിമാനുഷതയിലേയ്ക്ക് നീണ്ടു മുഴങ്ങുന്നതുമായ ഒരു നാടകം മലയാളത്തിൽ അവതരിപ്പിക്കുവാൻ കഴിഞ്ഞതിൽ ഞാൻ ഊറ്റം കൊള്ളുന്നു.

**കേരളവർമ്മ കോളേജ്**
**തൃശൂർ, 20. 12. 1949.**

**എൻ.വി. കൃഷ്ണവാരിയർ.**

# മുഖവുര.
### ഇടശ്ശേരി

ഈ പുസ്തകം എഴുതുമ്പോൾ നാഗരികരായ സഹൃദയന്മാരെപ്പറ്റി ഞാൻ ആലോചിച്ചിരുന്നുവോ? പറയാൻ വയ്യ. എന്റെ ചുറ്റുപാടുമുള്ള ഗ്രാമീണരുടെ സദസ്സായിരുന്നു ഭാവനയിൽ. അവരുടെ ജീവിതത്തിൽനിന്നുതന്നെ ചിലതെടുത്ത് ഞാനീ കഥയുണ്ടാക്കി; അവരിൽ തന്നെയുള്ള എന്റെ ചില സ്നേഹിതന്മാർ എന്റെ പ്രതീക്ഷകളെ നിറവേറ്റിക്കൊണ്ട് അതേ ഗ്രാമീണരുടെ സദസ്സിൽതന്നെ അരങ്ങേറ്റുകയും ചെയ്തു. 1949 ആദ്യത്തിൽ കൃഷ്ണപ്പണിക്കർ വായനശാലയുടെ വാർഷികോത്സവത്തിൽ വെച്ചാണത്. ആ നടന്മാരുടെ മിടുക്ക് രംഗത്തിൽ കിടന്ന് ഒന്നിരമ്പിയപ്പോൾ ഇതൊരു നാടകമാണെന്ന പേരും വീണു.

ആദ്യത്തെ പ്രദർശനത്തിൽവെച്ച് എന്റെ നാട്ടുകാർതന്ന അഭിനന്ദനംകൊണ്ടുണ്ടായ ആശയും ധൈര്യവും, എന്നിൽ മെല്ലെമെല്ലെ കെട്ടടങ്ങുകയാണുണ്ടായത്. കാരണമുണ്ട്. അത്രയും നിരുന്മേഷകരവും ഉത്സവശൂന്യവുമാണ്  നമ്മുടെ നാട്ടിൻപുറങ്ങൾ. എന്തെങ്കിലും ഒരു രസംതേടി നടക്കുന്ന ജനസാമാന്യം ഏതൊരു വിശേഷസംഭവത്തിന്നും മുമ്പിൽ കൂട്ടംകൂടി നില്ക്കുന്നു. ഒരു വർത്തമാനപ്പത്രം ചുരുട്ടി കത്തിച്ചുപിടിച്ചുകൊണ്ട് പക്ഷേ താൻ ഒരിക്കലും കാണിക്കാത്ത ഇന്ദ്രജാലവിദ്യയെപ്പറ്റി ഒരു വാഗ്ദാനവും ചെയ്ത് തെരുവുമൂലയിൽനിന്ന് വില്പനയ്ക്കുള്ള മരുന്നുകളെക്കുറിച്ചു പ്രസംഗിക്കുന്ന മരുന്നുവില്പനക്കാരന്റെ മുമ്പിൽപോലും അവർ മണിക്കുറുകണക്കിൽ കൂട്ടംകൂടി നില്ക്കും. മരുന്ന് ആവശ്യമുണ്ടായിട്ടല്ല, പ്രസംഗം നന്നായിട്ടല്ല, അവൻ വാഗ്ദാനം ചെയ്ത ഇന്ദ്രജാലം കണ്ടേ പറ്റൂ എന്നുവെച്ചിട്ടുമല്ല. എന്തെങ്കിലുമൊന്നിന്റെ മുമ്പിൽനിന്ന്, ഇഴഞ്ഞിഴഞ്ഞു പോകുന്ന ദിവസത്തിന്റെ ഒരു ഭാഗം അങ്ങനെ കടന്നുപോകട്ടെ എന്ന്  കരുതിമാത്രം. അത്തരം ഒരു ജനാവലിയുടെ അഭിനന്ദനത്തെ ഒരു ശാശ്വതരേഖയായി കണക്കാക്കാൻ പാടില്ലെന്ന് എന്റെ ഹൃദയം മന്ത്രിച്ചു. പക്ഷേ, കേരളത്തിലെ പ്രാമാണികരായ മൂന്ന് നിരൂപകന്മാർ അക്കൂട്ടത്തിലുണ്ടായിരുന്നു; കലാവിദ്യകളെപ്പറ്റി അധികാരപൂർവ്വം സംസാരിക്കാൻ അർഹതയുള്ള മൂന്നാളുകൾ: മെ. കുട്ടിഷ്ണമാരാർ, ജോസഫ് മുണ്ടശ്ശേരി, വർഗ്ഗീസ്  കളത്തിൽ. എന്നിട്ടും എന്റെ ആത്മവിശ്വാസം വാതൽ മറഞ്ഞും തൂൺപിടിച്ചും നിന്നതേയുള്ളൂ. അവർ മറിച്ചു പറയുമോ. അവരാൽ പ്രോത്സാഹിപ്പിക്കപ്പെടേണ്ടവനാണല്ലോ ഞാൻ.

അങ്ങിനെ മൂല്യം ക്ലിപ്തപ്പെടുത്താത്ത വിനിമയച്ചരക്കുപോലെ ഞാനീ നാടകവും വെച്ചുകൊണ്ടിരുന്നു. അവതാരികാകാരനാണ് എന്നെ ഉശിരുപിടിപ്പിച്ചത്. ഈ നാടകത്തിന്ന് എന്തൊക്കെയൊ ഗുണങ്ങളുണ്ടെന്ന് അദ്ദേഹം പറയുമ്പോൾ അത് വിശ്വസിക്കാൻ തന്നെയാണ് ഞാനിഷ്ടപ്പെടുന്നത്. ഒന്നാമത്  ഇക്കാര്യത്തിൽ അദ്ദേഹത്തിന്നു വിവരമുണ്ട്. പിന്നെ, തന്റെ മുമ്പിലൂടെ കടന്നുപോകുന്ന ഏതു തെറ്റിന്നും ഒരു പരിഹാസച്ചിരിയെങ്കിലും സമ്മാനിക്കാതെ അടങ്ങുന്ന ആളല്ലതാനും ആ കവിയായ നിരൂപകൻ. അതുകൊണ്ടു ഇതു പ്രസിദ്ധപ്പെടുത്തുന്ന കാര്യത്തിൽ സമാധാനിക്കാമെന്നു തോന്നുന്നു.

മൂന്നാമങ്കം നാലാംരംഗത്തിലെ സ്വഗതാഖ്യാനത്തിന്നുനേർക്കും അതേ അങ്കം ഒന്നാം രംഗത്തിലെ കാലഗണനാപ്രമാദത്തിന്നുനേർക്കും അവതാരികാകാരൻ വിരൽ ചൂണ്ടുന്നുണ്ട്. ഇതേ ഉത്തരമുള്ളു: ഒന്നാമത്തേത് കാണായ്കയല്ല; കൂടുതൽ പ്രയോജനപ്രദമായ മറ്റുവഴിയൊന്നും തോന്നിയില്ല. രണ്ടാമത്തേതാകട്ടേ, പറ്റിപ്പോയതുതന്നെയാണ്. മറ്റൊരു സംശയമുണ്ട്. നമ്മുടെ ചില പോലീസുസ്റ്റേഷനുകളെ മുമ്പിൽവെച്ച്, അവയ്ക്കുള്ളിൽ നിന്ന് ആളുകൾ 'ഡാമേജ്ഡ് ഗുഡ്സ് ' ആയി പുറത്തെറിയപ്പെടാൻ രണ്ടുമൂന്നു നിമിഷത്തിലധികം വേണ്ടിവരുമെന്ന് വിഭാവനം ചെയ്തപ്പോൾ ശുഭപ്രതീക്ഷാമാർഗ്ഗത്തിൽ ഞാനെന്റെ അവതാരികാകാരനെ പിന്തിരിഞ്ഞു നോക്കേണ്ടിവരുമോ?

ഇതാദ്യമായി അഭിനയിച്ച നടന്മാരെ ഞാനീയവസരത്തിൽ കൃതജ്ഞതാപൂർവ്വം സ്മരിക്കുന്നു. അവരാണ് ഈ കൃതിയെ ഭാഗ്യവത്താക്കിയത്; വാക്കിനോട് വാക്കു ചേർക്കുമ്പോൾ വിറകൊള്ളുന്ന എന്റെ കൈപിടിച്ച് ഒരു നാടകമെഴുതിച്ചതും. അവതാരികാകാരനോടെന്നപോലെത്തന്നെ അവരോടും ഞാൻ കൃതജ്ഞനാണ്.

# കൂട്ടുകൃഷി

**ജോസഫ് മുണ്ടശ്ശേരി**

തമിഴ്നാടകത്തിന്റെ പാരമ്പര്യത്തിൽ, ഇന്നാട്ടിലെ ജീവിതവുമായി പറയത്തക്ക ബന്ധമൊന്നുമില്ലാത്ത പഴയതും പുതിയതുമായ കഥകൾ അഭിനയിച്ചു കണ്ടുകൊണ്ട്, നാടകമെന്നുവെച്ചാൽ ഒരു വിധം കാണാൻകൊള്ളാവുന്ന നടീനടന്മാരും നവീനവർണ്ണമട്ടുകളിൽ കുറെ പൊടിപ്പൻപാട്ടുകളും മാത്രമെന്നർത്ഥമാക്കിയിട്ടുള്ള ജനങ്ങളുടെ മുമ്പിൽ, ആ രണ്ടിന്നും അത്രയേറെ പ്രാധാന്യം കൊടുക്കാതെ യഥാർത്ഥ ജീവിതത്തെ സമർത്ഥമായി പ്രതിഫലിപ്പിക്കുന്ന പാത്രങ്ങളെക്കൊണ്ട്, ഇന്നധികംപേരും അടിയന്തിരമായി സമാധാനമാവശ്യപ്പെടുന്ന മഹാപ്രശ്നങ്ങളിൽ ചിലതുന്നയിപ്പിച്ചടങ്ങുന്ന പുതുനാടകങ്ങൾ അവതരിപ്പി ക്കുവാൻ ആർക്കും ഭയമാണ്. അധികമാരും ആ വഴിക്കു ശ്രമിക്കുന്നില്ല. നമ്മുടെ നാടകം സിനിമയിൽ പ്രവേശിക്കത്തക്ക പതനത്തിൽ എത്തിയിട്ടും ആ പഴയ രീതിയിലുള്ള നടീനടന്മാരുടേയും സംഗീതക്കൊഴുപ്പിന്റേയും കോയ്മയാണ് നിലനില്ക്കുന്നതെന്നു കാണുമ്പോൾ സ്വന്തം കല്പനാശക്തിയിൽക്കവിഞ്ഞൊരു സ്വാധീനശക്തിയുമില്ലാത്ത നമ്മുടെ നാടകകൃത്തുക്കൾ മറിച്ചൊരു പാരമ്പര്യം സൃഷ്ടിക്കുവാൻ ധൈര്യപ്പെട്ടിറങ്ങാത്തതിൽ ഒട്ടും അത്ഭുതപ്പെടുവാനില്ല. പക്ഷേ, ഇന്നാട്ടിലെ ജനങ്ങൾ ഈ ഭയപ്പെടുന്നേടത്തോളംതന്നെ, ജീവൽപ്രശ്നപ്രതിപാദകങ്ങളായ നാടകങ്ങളുടെ അരങ്ങേറ്റത്തെ സ്വാഗതം ചെയ്യുവാൻ അസമർത്ഥരാണോ? അല്ലെന്നാണ് അത്തരം ചുരുക്കം ചില കൃതികൾ അവിടവിടെ അരങ്ങേറുമ്പോൾ നിർന്നിമേഷാക്ഷരായി കണ്ടിരുന്നിട്ടുള്ളവരുടെ ഉത്സാഹത്തിൽ നിന്നൂഹിക്കേണ്ടത്. വേഷം കെട്ടി സ്റ്റേജിൽ ഇറങ്ങുന്നവരെല്ലാം സൗഭാഗ്യ ക്കൊടികളാവുകയും ഇടയ്ക്കിടയ്ക്കു സംഗീതം കോരിപ്പകരുകയും ചെയ്തില്ലെങ്കിൽത്തന്നെയും – എന്നു പറയാനില്ല, ആ ഭാഗംതന്നെ അവർ മറന്നിരിക്കുന്നു – കഥക്കെട്ടിൽ അങ്ങുമിങ്ങും ചില ചില ശൈഥില്യങ്ങൾ ഉണ്ടെങ്കിൽപ്പോലും അതിൽ പൊന്തിനില്ക്കുന്ന യാഥാർത്ഥ്യവും അവശ്യംഭാവികളായ പരിഷ്കാരങ്ങളും അവരെ ഉന്മേഷപ്പെടുത്തുന്നുണ്ട്; അവസാനം വരെ പിടിച്ചിരുത്തുന്നുമുണ്ട്. ശ്രീ. എം. പി. ഭട്ടതിരിപ്പാടിന്റെ 'ഋതുമതി' എന്ന നാടകവും അതുപോലെ വേറെ ചിലതും അഭിനയിച്ചു കണ്ടപ്പോൾ ഉണ്ടായതാണു എനിക്കീ അനുഭവം. തത്സംബന്ധമായി പലരോടായിട്ടും പല സന്ദർഭങ്ങളിലായിട്ടും പറഞ്ഞിട്ടുണ്ടെന്നിരുന്നാലും നമ്മുടെ ജീവിതപ്രശ്നങ്ങളെപ്പറ്റി ചിന്തിക്കുവാൻ പ്രേരിപ്പിക്കുന്ന പുതിയ നാടകങ്ങൾ ഇറങ്ങിക്കാണു വാൻ പിന്നേയും അവസരങ്ങൾ ചുരുക്കമായേ ഉണ്ടായുള്ളൂ. അടുത്ത കാലത്ത് അപ്രകാര മൊന്നു കണ്ടിട്ടുണ്ടെങ്കിൽ അതു ശ്രീ. ഇടശ്ശേരിയുടെ 'കൂട്ടുകൃഷി'യാണ്.

പൊതുവെ പ്രയോജനകരങ്ങളായ നൂതനാശയങ്ങൾ അത്രയേറെ പ്രൗഢബുദ്ധികളല്ലാത്ത ബഹുജനങ്ങളുടെ മനസ്സിൽ നിഷ്പ്രയാസം അടിച്ചു കയറ്റുവാൻ മറ്റേതു കലയേക്കാളും നിപുണമായിട്ടുള്ളതു നടനവിദ്യയാണ്. സ്വരങ്ങളുടേയോ രേഖകളുടേയോ വാക്കുകളുടേയോ പിമ്പിൽ ചിറകടക്കിക്കിടക്കുന്ന അർത്ഥപരമ്പരകൾ സ്വയം രൂപപ്പെടുത്തിയെടുത്തു മനോരംഗത്തിൽവെച്ചു തട്ടിക്കൂട്ടി ജീവിത ചിത്രങ്ങളാക്കിത്തീർത്തതിന്നുശേഷം വേണം ഗുണദോഷവിചാരത്തിലേയ്ക്കു കടക്കുവാൻ എന്നുള്ള ആസ്വാദനപരിമിതി നടനകലയെ സംബന്ധിച്ചിടത്തോളം ഇല്ലെന്നുതന്നെ പറയാം. ജീവിതത്തെ അങ്ങനെതന്നെ അടർത്തിയെടുത്ത് മറ്റൊരിടത്തു വെച്ചുപിടിപ്പിക്കുന്നതു പോലാണല്ലോ നാടകത്തിലെ അനുഭവം. രൂപവത്തായ ജീവിതം നേരിട്ടങ്ങനെ കാണുന്നതുകൊണ്ട് അതിനെ കാലേക്കൂട്ടി മനസ്സിൽ സംവിധാനം ചെയ്യാനുള്ള ഒരു ശ്രമം

ആവശ്യമില്ലാതെ വരുന്നു. കാണുന്നതോടുകൂടി ഗുണദോഷവിചാരമാരംഭിക്കുകയായി; കയ്യിലുള്ളേടത്തോളം അവധാരണശക്തി ആകപ്പാടെ അതിൽ ചെന്നേർപ്പെടുകയുമായി. നടനവിദ്യയുടെ ഈ കുറുക്കുവഴി മനസ്സിലാക്കിത്തന്നെയാണ് മാനവസംസ്കാരത്തെ പുതിയ കൈച്ചാലുകളിലൂടെ വെട്ടിത്തിരിച്ചു വിടണമെന്നു വാശിപിടിച്ച പല നല്ല എഴുത്തുകാരും നാടകത്തെ ഉപകരണമായി കൈക്കൊണ്ടിട്ടുള്ളത്. ഇബ്സന്റേയും ചെക്കോവിന്റേയും ഷായുടേയും അവരുടെ പിൻതലമുറക്കാരുടേയും കൃതികൾ സാധിച്ചു കഴിഞ്ഞിട്ടുള്ള സംസ്കാരികവിപ്ലവങ്ങൾ എത്രയെത്രയാണെന്നു നോക്കു. അവരോളം തന്നെ ബോധപൂർവ്വമായിരുന്നിരിക്കില്ല പ്രവർത്തിച്ചതെന്നിരുന്നാലും അവരുടെ മുൻഗാമികളായ ഭാരതീയരും അഭാരതീയരുമായ ഒന്നാംകിട നാടകപ്രണേതാക്കൾ ഉണ്ടാക്കിയിട്ടുള്ള വിചാരവിപ്ലവങ്ങളും കുറച്ചല്ല. ആയിരം കഥകളോ പത്തുനൂറു നോവലുകളോ വരുത്തി ക്കൂട്ടിയിട്ടുള്ള പരിവർത്തനത്തിന്റെ നാലിരട്ടി , ഉത്തമനാടകങ്ങളെക്കൊണ്ടു ലോകത്തിന്ന നുഭവപ്പെട്ടിട്ടുണ്ട്. ഈ സ്ഥിതിക്കു സാമൂഹ്യവും സാമ്പത്തികവും മറ്റുമായുള്ള നവനീതികൾ ഭൂരിപക്ഷമാളുകളെക്കൊണ്ടും സമ്മതിപ്പിച്ചു നടപ്പിലാക്കണമെന്ന് കാംക്ഷിക്കുന്ന ഈ ദശയിൽ ബഹുജനഗമ്യങ്ങളായ നാടകവേദികൾ സൃഷ്ടിക്കുവാൻ പുരോഗമനവാദികൾ ചുമലൊത്തു നിന്ന് ഉത്സാഹിക്കേണ്ടതാണ്. ‘കൂട്ടുകൃഷി’യെ പ്പോലുള്ള കൃതികളുടെ അരങ്ങേറ്റം അതിന്റെ ഒരു നാന്ദിയായാൽക്കൊള്ളാം.

നാട്ടിൻപുറത്തെ കർഷകജീവിതത്തിൽനിന്നും കരുപ്പിടിച്ചിട്ടുള്ളതാണ് ഈ നാടകത്തിലെ കഥ. ജന്മിത്തം മിക്കവാറും പാപ്പരാകുന്ന കാലം. പാട്ടക്കാർക്കു സ്ഥിരാവകാശം കൊടുക്കാൻ നിയമമായിക്കഴിഞ്ഞിരിക്കുന്നു. തകർന്നു തരിപ്പണമാകാൻ പോകുന്ന ജന്മിത്തത്തിന്റെ പ്രതിരൂപമായ ഒരു നായർതറവാട്ടിലെ കാരണവർ ഭാവിയെപ്പേടിച്ചു തന്റെ പാട്ടക്കാരനായ ഒരു അബൂബക്കറുടെ പേരിൽ നിലം ഒഴിഞ്ഞുകിട്ടുവാൻ കേസ്സു ഫയൽ ചെയ്തിരുന്നു. പെട്ടെന്നദ്ദേഹം അന്തരിച്ചുപോയി. പിന്നത്തെ കാരണവർ ഒരു മി. ശ്രീധരൻനായർ പാട്ടക്കാർക്കു രക്ഷ കൊടുക്കുന്ന പുതിയ നടപടികളെ ഏറെക്കുറെ സ്വാഗതം ചെയ്യുന്ന മട്ടാണ്. എല്ലു മുറിയെ പണിയെടുക്കാത്തവനെന്തു ഭോഗം? ഈ ചോദ്യം ആ മനുഷ്യന്റെ മനസ്സിലങ്ങനെ കുത്തിക്കേറാറുണ്ട്. മറ്റൊരു യഥാർത്ഥകർഷകനായ വേലുവുമായി ആലോചിച്ചു ശ്രീധരൻനായർ, കേസ്സവസാനിപ്പിച്ച് അബൂബക്കറോടുകൂടി താനും കൃഷിപ്പണിക്കു നേരിട്ടിറങ്ങാനും പ്രയത്നത്തിന്റെ തോതനുസരിച്ചു വിളവു വീതിച്ചെടുക്കാനും തയ്യാറാണെന്നൊരഭിപ്രായം കൊണ്ടുവരുന്നു. പാട്ടത്തെ പങ്കുവാരമായി തരംതാഴ്ത്തുവാനുള്ള ഒരു വിദ്യയാണതെന്ന് ആലോചനയുടെ തുടക്കത്തിൽ അബൂബക്കർക്കു തോന്നാതിരിക്കുന്നില്ല. പക്ഷേ ക്രമേണ അത്തരം ഒരു വഞ്ചനോദ്ദേശം ശ്രീധരൻനായർക്കില്ലെന്നു ബോധ്യമാവുകയാൽ അബൂബക്കർ അതിനു സമ്മതിക്കുന്നു. മാത്രമല്ല, അപ്പുറവും ഇപ്പുറവുമായിക്കിടക്കുന്ന അബൂബക്കറുടെ പാട്ടനിലവും അതിന്റെ നടുവിൽക്കിടക്കുന്ന വേലുവിന്റെ നിലവും വരമ്പു തട്ടിക്കളഞ്ഞ് ഒരൊറ്റ താക്കാക്കി മൂന്നു കൂട്ടരും ഒരുമിച്ചു കൃഷിയിറക്കി ഓരോരുത്തന്റേയും വീതംപോലെ വിളവെടുക്കാമെന്നുള്ള തീരുമാനത്തിലും അവർ എത്തുന്നു. പുരോഗമന വാദികൾക്കാകെ തുലോം അഭികാമ്യമാണെന്നിരുന്നാലും കൃഷിക്കാർ സ്വമനസാ വരുത്തി ക്കൂട്ടുന്ന ഈ പരിവർത്തനം, സ്വന്തം താല്പര്യങ്ങൾക്കുവേണ്ടി ഉടമയും പാട്ടാവകാശവും എന്നുവേണ്ട സാമുദായികജീവിതത്തിൽ യാതൊരർത്ഥവുമില്ലാത്ത തരംതിരിവുകൾക്കിടയാക്കുന്ന വിധിനിഷേധങ്ങൾ ഒക്കെത്തന്നെയും അഭംഗം പരിരക്ഷിച്ചുപോരണമെന്നു ശാഠ്യമുള്ള പഴഞ്ചന്മാർക്കു വല്ലാത്ത തലക്കുത്തുണ്ടാക്കുന്നു. ആ വർഗ്ഗത്തിന്റെ പ്രതിനിധികൾ പലരും – ഒരു വാരിയരും ഒരു നായരും ഒരു നമ്പ്യാരും ഒരു മുസ്ലീമും – ഒത്തുപിടിച്ചുത്സാഹിക്കുകയാണ് മേല്പറഞ്ഞ ത്രിശക്തിസന്ധിയെ തുരത്തിക്കളയുവാൻ. കളപറിക്കാൻ വരുന്ന പെണ്ണുങ്ങളെപ്പോലും വഴിമാറ്റിവിട്ടു, ശ്രീധരൻ നായരുടേയും മറ്റും കൃഷിപ്പണിയുടെ നേരെ ഒരു

മാതിരി നിസ്സഹകരണനയം അനുഷ്ഠിക്കുവാൻ ഈ അസൂയാലുക്കൾ ശ്രമപ്പെടുന്നു. അതിനിടയ്ക്കു കള്ളക്കേസ്സുണ്ടാക്കി വേലുവിനെ നട്ടംതിരിക്കാനുള്ള ശ്രമം ഒരു ഭാഗത്ത്; അബൂബക്കറുടെ പാട്ടാവകാശം തീറുകിട്ടാൻ പണിപ്പെട്ടു തോല്ക്കുകയാൽ അയാളെ കുടിയിറക്കാനുള്ള ശ്രമം മറ്റൊരു ഭാഗത്ത്. എല്ലാറ്റിലും പ്രയോക്താക്കൾ പരാജയപ്പെട്ടു മടങ്ങുകയാണ്. സ്വന്തം കുടിയിരുപ്പിൽനിന്നു കണ്ണീരും കയ്യുമായി ഇറങ്ങിപ്പോരേണ്ടിവരുന്ന അബൂബക്കറുടെ കുടുംബത്തെ ശ്രീധരൻനായർ സ്വന്തം വീട്ടിലേയ്ക്കു പിടിച്ചുകയറ്റുന്നതോടുകൂടി ആ പരാജയം അതിന്റെ പരമകാഷ്ഠയിൽ എത്തുന്നു. എന്നിട്ടും മതിവരാതെ, ആ കുടിയിറക്കന്യായം നടത്തിയ പോക്കർ, കുറേ നാൾ മുമ്പു ബാപ്പയുമായി പിണങ്ങിച്ചാടിപ്പോയ ബാപ്പുവിനെ (അബൂബക്കറുടെ മകൻ) തിരഞ്ഞുപിടിച്ചുകൊണ്ടു വന്ന് അവനിൽ സമുദായവിഷം അടിച്ചുകയറ്റി അവനെക്കൊണ്ട് അറുകൊല ചെയ്യിക്കുവാൻ കൂടി വട്ടംകൂട്ടുന്നു. പക്ഷേ, സ്വന്തം പിഞ്ചുസോദരിയായ ആയിഷയുടെ സൽപ്രേരണയാൽ ആ കലികൊണ്ട മുസ്ലീംയുവാവും പുതിയ നീതിയുടെ ഭാഗത്തേയ്ക്കു തിരിയുന്നു. നിലത്തിന്റേതോടൊപ്പം സമുദായങ്ങളുടേയും വരമ്പുകൾ തട്ടിനിരത്തി, ആ ഹിന്ദുമുസ്ലീം തറവാടുകൾ തമ്മിലാരംഭിച്ച മൈത്രി അങ്ങോട്ടുമിങ്ങോട്ടും ആകാമെന്നുറയ്ക്കുന്ന മിശ്രവിവാഹങ്ങളാൽ എന്നേയ്ക്കും നിലനില്ക്കുന്നതായിത്തീരുന്നു.

നൂറ്റാണ്ടുകളായി തറഞ്ഞുകിടക്കുന്ന കേരളത്തിലെ കർഷകജീവിതത്തിൽ അടിയന്തരമായി വരേണ്ട ചില പരിഷ്കൃതികൾ ലക്ഷ്യമാക്കിക്കൊണ്ടാണ് ഇപ്രകാരം ഒരു കഥ നിബന്ധിച്ചിട്ടുള്ളതെന്നു വ്യക്തമാണല്ലോ. കലയെ കഴിയുന്നത്ര മനുഷ്യപ്രയോജനകരമാക്കണം എന്നു കാലേകൂട്ടി ധരിച്ചിട്ടുള്ള ഇടശ്ശേരി പ്രകടലക്ഷ്യങ്ങളോടുകൂടി കഥയെ സംവിധാനം ചെയ്തിട്ടുള്ളതിൽ തികച്ചും ഔചിത്യമേയുള്ളു. രണ്ടാണ് അദ്ദേഹത്താൽ സമുൽഭാവിതമായിട്ടുള്ള നവനീതികൾ: ഒന്ന്, ജന്മിയും കുടിയാനുമായുള്ള പഴയ ബന്ധം പൊട്ടിച്ചെറിഞ്ഞ് ഇരുഭാഗക്കാരും ഒരേ നിരപ്പിൽ ഒറ്റക്കയ്യായിനിന്നു വെട്ടിത്തിരിഞ്ഞുകിടക്കുന്ന നിലങ്ങൾ സഹകരണാടിസ്ഥാനത്തിൽ കൂട്ടിച്ചേർത്തു കൃഷിചെയ്തുല്പാദനം വർദ്ധിപ്പിക്കണമെന്നുള്ളതും മറ്റൊന്ന്, മതത്തെ വ്യക്തിമാത്രഗതമായി നീക്കി കാർഷികവൃത്തിപോലുള്ള സാമൂഹ്യ യത്നങ്ങളിൽ പഴഞ്ചൻ സമുദായപ്പിണക്കങ്ങൾ വിസ്മരിച്ചു മനുഷ്യർ ഒത്തൊരുമിച്ചേർപ്പെടണമെന്നുള്ളതും. ഒന്നാമങ്കത്തിന്റെ അതിർത്തിത്തിരശ്ശീല വീഴുമ്പോഴയ്ക്കും ഇവയിൽ ആദ്യത്തേതായ സാമ്പത്തികപ്രശ്നത്തിന്നു സമാധാനമായിക്കഴിഞ്ഞു; അവിടന്നങ്ങോട്ടു പ്രക്ഷുബ്ധമതികളായ എതിർഭാഗക്കാർ ഏഷണിക്കാരൻ നമ്പ്യാരേയും ഉപയോഗപ്പെടുത്തി ഉണ്ടാക്കിത്തീർക്കുന്ന വിഷമതകളുടെ മറ്റേത്തലയ്ക്കൽ വെച്ച് – രണ്ടാമങ്കത്തിന്റെ അവസാനത്തിൽവെച്ച് – സാമുദായികപ്രശ്നത്തിന്നും. പിന്നേയും പ്രതിപക്ഷത്തിന്റെ വികൃതികൾ തുടരുകയാണ് – അബൂബക്കറുടെ ആ ചാടിപ്പോയ മകനെ പിടിച്ചുകൊണ്ടുവന്നു വെളിച്ചപ്പാടാക്കിക്കൊണ്ട്. പക്ഷേ, കാര്യസ്ഥിതി ശരിയാംവണ്ണം മനസ്സിലാക്കുന്നതോടെ ആ ചെറുപ്പക്കാരൻ പരിവർത്തനകാരികളുടെ പക്ഷത്തേയ്ക്കു മാറുന്നതോടൊന്നിച്ചു തൽപ്രതിരോധികളായ പഴമക്കാരുടെ പരാജയം ഒട്ടും ബാക്കിവെയ്ക്കാതെ തികയുകയും നാലാമങ്കത്തിൽവെച്ച് അവർ പുതിയ കാർഷിക നീതിക്കു വഴങ്ങുകയും ചെയ്യുന്നു. സമുദായഭേദപ്രധ്വംസനത്തിനു മകുടംചാർത്തുന്ന മട്ടിൽ ഹിന്ദു–മുസ്ലീംയുവതീയുവാക്കന്മാരുടെ ആ പാങ്ങിപ്പാർത്തുനിന്നിരുന്ന അനുരാഗം മറനീക്കി പുറത്തുവരുന്നു. ഈ സംവിധാന പരിപാടിക്കകത്തു നാടകത്തിന്റെ വിജയത്തിന്നുപകരിക്കുന്ന പല കലാകൗശലങ്ങളും ഒത്തിണങ്ങീട്ടുണ്ട്.

എ– പാത്രങ്ങളുടെ വൈചിത്ര്യവും സ്വഭാവത്തെളിമയും.

ബി– സംഭാഷണങ്ങളുടെ സത്വരതയും യാഥാതഥ്യവും.

സി– കാർഷികജീവിതത്തിലുള്ള കൃത്യാകൃത്യങ്ങളെ യഥാസ്ഥാനം ഘടിപ്പിച്ച് ആ

നടക്കുന്ന മാതിരിതന്നെ ചിത്രീകരിക്കുകയാൽ ആകെക്കൂടി ഉണ്ടാകുന്ന അന്തരീക്ഷം.

ഡി- ഉടനീളമുള്ള ക്രിയാത്മകത്വം.

ഇവയ്ക്കെല്ലാം, ആ കർഷകാന്തരീക്ഷത്തിൽത്തന്നെ വളരെക്കാലം ശ്വസിച്ചു വളർന്നിട്ടുള്ള നടീനടന്മാരുടെ അഭിനയ വൈദഗ്ദ്ധ്യവുമായി മേളിക്കുമ്പോൾ മാറ്റിരട്ടിക്കുന്നു. പൊന്നാനിയിൽ വെച്ചും മറ്റും അരങ്ങേറിക്കണ്ടപ്പോൾ 'കൂട്ടുകൃഷി'യുടെ അസാധാരണ വിജയത്തിനു നിദാനമായി എനിക്കു തോന്നിയത് ഇപ്പറഞ്ഞതെല്ലാമാണ്. സ്വതേ ഇരുന്ന ഇരിപ്പിൽ അധികം നേരമിരുന്നു നാടകമായാലും മറ്റെന്തായാലും കാണുവാൻ ക്ഷമയില്ലാത്ത എന്റെ ശരീരപ്രകൃതി ആ പൊന്നാനിയിലെ നാടൻ സ്റ്റേജിൽ നല്ല പച്ചപ്പോടുകൂടി തുടരെത്തുടരെക്കാണായ കർഷക ജീവിതത്തിൽ നിന്നു കണ്ണെടുക്കുവാൻ മടിച്ച എന്റെ മനസ്സിനു പൂർണ്ണമായും വഴങ്ങിക്കൊടുക്കേണ്ടിവന്നു. ആദർശത്തിന്റെ നെറുകയിൽ ചൂടിയ പൂവായ ആയിഷയുടെ അനുരഞ്ജനോക്തികൾ ഇന്നും എന്റെ കാതിൽ മാറ്റൊലിക്കൊള്ളുന്നു. അതേ നടീനടന്മാർതന്നെ 'കൂട്ടുകൃഷി' കേരളത്തിലങ്ങോളമിങ്ങോളം അഭിനയിക്കുകയാണെങ്കിൽ ഇടശ്ശേരി കാംക്ഷിക്കുന്ന 'മാനസാന്തരം' ഏതാണ്ടൊക്കെ നമ്മുടെ ഗ്രാമീണർക്കു സംഭവിച്ചേയ്ക്കുമെന്നു തോന്നുന്നു.

മേൽപ്പറഞ്ഞ വിജയത്തിനിടയ്ക്കു മിക്കവാറും അനിർദ്ധാര്യമാകാനിടയുള്ള ചില തരക്കേടുകൾ നാടകം സൂക്ഷിച്ചു വായിച്ചപ്പോൾ തോന്നി. അവതാരികയിൽ ശ്രീ. എൻ. വി. കൃഷ്ണവാരിയർ പ്രസ്താവിച്ചിട്ടുള്ളതുപോലെ ഇടശ്ശേരി അഭിലഷിക്കുന്ന സാമൂഹ്യവും സാമ്പത്തികവുമായ പരിവർത്തനങ്ങൾ ഇവിടത്തെ ജന്മികൾക്കും കുടിയാന്മാർക്കും സ്വമനസാ ഉണ്ടാക്കിത്തീർക്കുവാൻ സാധിക്കുമോ എന്നുള്ളത് ഇനിയും ഒരു വല്ലാത്ത ചോദ്യമാണ്. ഗാന്ധിസം ഖദർജൂബ്ബയിൽ തുന്നിപ്പിടിപ്പിക്കുകയല്ലാതെ ഞരമ്പിൽ അലിച്ചിണക്കീട്ടുള്ളവർ നേതാക്കന്മാരിൽത്തന്നെ വിരളമായിരിക്കേ, ഇടശ്ശേരിയുടെ ഭാവന സ്വപ്നസീമയിൽനിന്നു ജാഗ്രദാവസ്ഥയിലേയ്ക്കിറങ്ങുവാൻ വളരെ വളരെ കാത്തിരിക്കേണ്ടിവരും. കാത്തിരിക്കാൻ തയ്യാറില്ലാത്ത അദ്ദേഹത്തിന്റെ മനസ്സ്, അതിന്റെ സ്വതേയുള്ള തിടുക്കത്തിലാണെന്നു തോന്നുന്നു, ഒന്നാമങ്കത്തിൽ ആദ്യത്തെ രംഗത്തിൽനിന്നു മൂന്നാമത്തേതിലേയ്ക്കുള്ള പരിണാമത്തേയും അതുപോലെത്തന്നെ രണ്ടാമങ്കത്തിൽ അബൂബക്കറുടെ കുടുംബത്തെ ശ്രീധരൻനായരും പെങ്ങളും കൂടി ക്ഷണിച്ചുകൊണ്ടുപോയി സ്വന്തം വീട്ടിൽ താമസിപ്പിക്കുന്നേടത്തോളമുള്ള പരിണാമത്തേയും അല്പം തിടുക്കപ്പെടുത്തീട്ടുണ്ട്. ശ്രീധരൻനായർ ഒരുല്പതിഷ്ണുവാണെന്നു പറഞ്ഞിട്ടുള്ളതിൽ കവിഞ്ഞൊരു പശ്ചാത്തലം അയാളുടെ പരിവർത്തനത്തിന്നില്ല. അത്രയും മതിയോ അയാൾ സാധിക്കുന്ന നീതിപരിഷ്കാരത്തെ വിശ്വാസപ്പെടുത്തുവാൻ? വേറെയും ഒന്ന്: തറവാട്ടിലെ പുതിയ കാരണവരായിത്തീർന്നതിനാൽ മാത്രം ശ്രീധരന്റെ കുലധർമ്മലംഘനങ്ങൾക്കു നേരെ കണ്ണടയ്ക്കേണ്ടിവരുന്നു എന്നനുശോചിക്കുന്ന ലക്ഷ്മി അമ്മ ജീവിച്ചിരിക്കെ അവരുടെ വീട്ടിൽ അബൂബക്കറുടെയും കുടുംബത്തേയും പെട്ടെന്നങ്ങനെ കയറ്റി താമസിപ്പിച്ചാൽ എന്താകും? ആ വീട്ടിന്റെ കയ്യാലയിലോ മറ്റോ താമസിപ്പിച്ചു പിന്നെ ക്രമത്തിലങ്ങോട്ടു കയറ്റുക എന്നാണെങ്കിൽ, ശരി അങ്ങനേയും വരാമല്ലോ എന്നു സമാധാനിക്കാമായിരുന്നു. ആ സ്ത്രീതന്നെ വളരെത്താമസിയാതെ കളപറിക്കാൻ കണ്ടത്തിലിറങ്ങുക - അതും അതിവേഗത്തിലായിപ്പോയി. എത്ര വിപ്ലവകരമായ പരിണാമവും കാവ്യമണ്ഡലത്തിൽ വെച്ചാകാം. പക്ഷേ, ആ മണ്ഡലത്തിൽ നിന്നിറങ്ങിപ്പോരുന്നേടത്തോളമെങ്കിലും പരിണാമം വിശ്വാസജനകമായിരിക്കണം. എന്നുവെച്ചാൽ ഓരോ സന്ധിയിലും സാഹചര്യങ്ങൾ പടുത്തെത്തിക്കുന്നതു തൊട്ടപ്പുറത്തുള്ള നിയമലംഘനത്തെ സാധൂകരിക്കും വിധമായിരിക്കണമെന്നർത്ഥം. അതാണല്ലോ 'കാവ്യനീതി, കാവ്യനീതി' എന്നു പറയുന്ന 'കുന്തം'.

'കൂട്ടുകൃഷി' എന്ന പേരിനെപ്പറ്റിയും അല്പം പറയാനുണ്ട്. ഓരോരുത്തനും ഭൂവുടമ കയ്യൊഴിക്കാതെ സഹകരണാടിസ്ഥാനത്തിൽ ഒന്നിച്ചു കൃഷിയിറക്കി വിളവു മെച്ചപ്പെടുത്തുക എന്നതേ ഇടശ്ശേരി വിവക്ഷിച്ചിട്ടുള്ളു. അതു കൂട്ടുകൃഷിയോ കൂട്ടുകൂടിക്കൃഷിയോ? 'ജോയന്റ് ഫാർമിങ്ങി'നു കൂട്ടുകൃഷിയെന്നു പറഞ്ഞാൽ ധാരണ അല്പം തെറ്റിപ്പോകില്ലേ എന്നു സംശയം. 'കലക്ടീവ് ഫാർമിങ്' – അത് ഒരടികൂടി മുന്നോട്ടു കടന്നതാണല്ലോ.

സ്വാനുഭാവത്തെ മുൻനിർത്തി ആത്മാർത്ഥതയുള്ള ഒരുല്പതിഷ്ണുവിന്റെ ആദർശോഷ്മളമായ മനസ്സോടുകൂടി ശ്രീ. ഇടശ്ശേരി രചിച്ച ഈ കൃതിക്കു തൊട്ടുതൊട്ടനുജന്മാർ ഉണ്ടാകുമാറാകട്ടെ!.

വായനശാലയിൽ (രണ്ടാം ഭാഗം)

# കൂട്ടുകൃഷി

| കഥാപാത്രം | കഥാപാത്ര വിവരണം | (ആദ്യമായി അഭിനയിച്ചവർ) |
|---|---|---|
| അബൂബക്കർ | വൃദ്ധനായ ഒരു ഉൾനാടൻ മുസ്ലീം | – പി.സി. കുട്ടിക്കൃഷ്ണൻ (ഉറൂബ്) |
| ബാപ്പു<br>ആയിഷ | അബൂബക്കറുടെ മക്കൾ. | – പി.എം. ബാലകൃഷ്ണൻനായർ,<br>ഇ.ഹരിദാസ് |
| വേലു | ഒരു നാടൻ കൃഷിക്കാരൻ | – പി. പത്മനാഭൻ |
| ലക്ഷ്മിയമ്മ | ഒരിടത്തരം നായർ കുടുംബത്തിലെ തറവാട്ടമ്മ. | – സി. ശങ്കരക്കുറുപ്പ് |
| ശ്രീധരൻനായർ | | – അക്കിത്തം |
| സുകുമാരൻ<br>പാർവ്വതി | ലക്ഷ്മിഅമ്മയുടെ മക്കൾ. | – കെ.വി. ഡേവിഡ്,<br>കെ.വി. ജോൺ |
| പോക്കര് | പുതുമടിശ്ശീലക്കാരനായ മുസ്ലീം | – ടി. ഗോപാലക്കുറുപ്പ് |
| നമ്പ്യാര് | വ്യവഹാര കാര്യസ്ഥൻ | – പി.വി. അനന്തരാമയ്യർ |
| പറങ്ങോടൻ നായർ | പൊതുജനം. | – ഐ.വി. പദ്മനാഭപ്പണിക്കർ* |
| വാരിയർ | | – പി. എം. ശങ്കുണ്ണിമേനോൻ |
| ചക്കി, നീലി,<br>ഉമ്മ, കുറുമ്പ | കളപറിക്കാരികൾ | – കെ.വി. പോൾ, ഇ. ബാലഭാ<br>സ്കരൻ, കെ.പി. ജേക്കബ്ബ് |
| ആമീൻ. | | – പി. കുഞ്ഞുകുട്ടൻ നായർ |
| (കാലം: | വിത മുതൽ കൊയ്ത്തു വരെ.) | |

* ഈ നാടകം ഒരിക്കൽക്കൂടി അരങ്ങേറിക്കാണാൻ ഏറ്റവും കൊതിച്ചിരുന്നതിനിടയിൽ അവിചാരിതമായി ഹൃദയസ്തംഭനം മൂലം ഞങ്ങളെ വിട്ടുപിരിഞ്ഞ ഇദ്ദേഹത്തിന്റെ ആത്മാവിനു മുമ്പിൽ ഗ്രന്ഥകാരന്റെ കൃതജ്ഞതാപൂർണമായ കൂപ്പുകൈ.

# കൂട്ടുകൃഷി

**അങ്കം – ഒന്ന്**

**രംഗം 1**

(ശ്രീധരൻനായരുടെ വീട്ടിന്റെ പൂമുഖം. പ്രഭാതം. കർട്ടൻ പൊന്തുമ്പോൾ വേലു – 50 വയസ്സായ നാടൻ കൃഷിക്കാരൻ – മുറ്റത്തു ലാത്തുന്നു. പൂമുഖത്ത് ആരുമില്ല. വേലു ഒച്ചയനക്കിയും ചുമച്ചും ആളറിയിക്കുന്നു. ഇടയ്ക്ക് ഉറക്കെ 'കമ്മളിവിടെ ഇല്ലേ ആവൊ?' എന്നു ചോദിക്കുന്നു. ഒടുവിൽ അക്ഷമനായി പിറുപിറുക്കുന്നു.)

വേലു : ഇങ്ങനെന്നയാ, ഈ വലിയേടത്തൊക്കെ. ഒറ്റൊന്നിനേം പൊറത്തു കാണില്യ. (ഒരു തലക്കൽ കുന്തിച്ചിരുന്നുകൊണ്ട്) മെനക്കട്. എറങ്ങ്യേപ്പൊ ഏതിന്റെ മൊകത്തേ നോക്ക്യേ? (എഴുന്നേറ്റ് കുറച്ചുകൂടി ഉറക്കെ) കമ്മളില്യേ ആവോ ഇവിടെ?

(വൃദ്ധയായ ഗൃഹനായിക പൂമുഖത്തേക്കു വരുന്നു. സുമാറ് 50 വയസ്സ്. ഒന്നരയും മുണ്ടും. ഒരന്തസ്സുള്ള തറവാട്ടിലമ്മ.)

ഗൃഹനായിക : ആരാ, വേലുവോ? (അവർ അകത്തേക്കു തന്നെ പോയി ഒരു പുല്പായയുമായി വന്ന് പൂമുഖത്തിന്റെ ഒരറ്റത്ത് ഇട്ടുകൊടുക്കുന്നു.) അവിടെ ഇരുന്നോ. ഇവിടെ ഇപ്പോ തീയർക്കൊക്കെ പൂമുഖത്ത്തന്നെ ഇരിക്കാം. മുറ്റത്തൊന്നും നിർത്ത്ണത് ശ്രീധരന് ഇഷ്ടല്ല. ഇരുന്നോ.

വേലു : സ്രീതരൻകമ്മള് അങ്ങനൊക്കെത്തന്നയാ. (ഇരിക്കാതെ താളംചവുട്ടി, മെല്ലെ തലചൊറിഞ്ഞുകൊണ്ട്) അപ്പോ, ലക്ഷ്മിഅമ്രാള് ഇതൊക്കെ എങ്ങനെയാ പൊറ്ക്കണത് ആവോ!

ലക്ഷ്മിഅമ്മ : അതൊന്നും ഇല്യ വേലോ. കാലത്തിനൊത്ത കോലം. ഏട്ടനോടുകൂടി ആചിട്ട ഒക്കെ അങ്ങട്ട് പോയി. ഇപ്പഴത്തെ കാരണവർക്ക് ഇങ്ങിനെയാ ഇഷ്ടംച്ചാൽ ഇങ്ങിനെ. (അവർ ഒരു കസേരയിൽ ഇരിക്കുന്നു. പുൽപ്പായ ചൂണ്ടിക്കൊണ്ട്) നീയിരുന്നോ വേലോ.

വേലു : (നിന്നുകൊണ്ടുതന്നെ) ഉണിച്ചുണ്ടൻകമ്മള് മരിച്ചിട്ട് ഇപ്പൊ ഒരു കൊല്ലായ്യ്യോ?

ലക്ഷ്മി : ഇല്യല്യ. മിഥുനത്തിലേയ്ക്കല്ലെ കൊല്ലം തെകേള്ളു! ഓ അപ്പഴെക്കന്നെ എന്തൊക്കെ മാറി ഈശ്വരാ! താലപ്പൊലി വേണ്ടാച്ചു. ഭുവനേശ്വരികർമ്മം ഇല്യ. മച്ചിലട്യേന്തരം കഴിക്കാഞ്ഞാ ഒരു ദോഷം ഇല്യാത്രെ! ഭഗവാനേ, നീ തന്നെ തുണയ്ക്കണേ.

വേലു : അതൊരു കാര്യാണ് അമ്രാളേ. വല്ലോർടേം നെഞ്ഞത്ത് കേറാൻ പോണോർക്കേ ഈ ചെകുത്താന്മാർടെ ഒക്കെ സേവേം ശിപാർശീം വേണ്ടു. അവനോന്റെ പാടും നോക്കി നടക്ക്ണ സ്രീതരൻകമ്മക്കെന്തിനാ അതൊക്കെ?

ലക്ഷ്മി : ആവൂ, അതൊന്നും പറേര്ത് വേലോ. ഇതൊന്നും ചെകുത്താന്മാരല്ല; ഈ തറവാട് നെലനിർത്തണ ഈശ്വരന്മാർ തന്നയാ അവര്.

വേലു : തറവാട് നെലനിർത്തീതൊക്കെ കാരണോന്മാര് സമ്പാദിച്ച മൊതലാ, അമ്രാളേ.

(ശ്രീധരൻ ഇതുകേട്ടുകൊണ്ട് പ്രവേശിക്കുന്നു 25 വയസ്സ്. അമ്മയുടെ അടുത്തുവന്നുനിന്ന് വേലുവിനോട്)

ശ്രീധരൻ : അതൊക്കെ കാരണവന്മാരുടെ കൂടെത്തന്നെ പോവൂംചെയ്തു വേലോ! ഇനി നിലനില്ക്കണെങ്കില് മനുഷ്യൻ പ്രയത്നം ചെയ്യതന്നെ വേണം. (അടുത്ത് കസാലയിൽ ഇരിക്കുന്നു.)

വേലു : (പുല്പ്പായിൽ ഇരുന്നുകൊണ്ട് ) ആ, പ്രയത്നം കൊണ്ടുതന്നേ ഗുണള്ളൂ, കമ്മളേ.

ലക്ഷ്മി : ആരാ പ്രയത്നിക്കണത് വേലോ? (ശ്രീധരനോട്) സുകുമാരനെ ഇങ്ങിനെ കാറോടിനടക്കാൻ വിട്ടാമതിയോ? നിനക്ക് പിന്നെ അതും ഇതും ഒക്കെയായിട്ട് കുറച്ചൊക്കെ നോക്കാൻണ്ട്. ഓനേ അയച്ചൂടെ വല്ല ഉദ്യോഗത്തിന്നും?

വേലു : അത് നേരാ, കമ്മളെ. സുകുമാരൻകമ്മ്ള്ക്ക് നല്ല മാസ്പടിള്ള വല്ല ഉദ്യോഗം കിട്ടില്ലേ?

ശ്രീധരൻ : ഉദ്യോഗം ഒന്നും കിട്ടില്ല. അതിനാ ഇപ്പോ വലിയ സേവയും ശുപാർശിയും വേണ്ടത്.

ലക്ഷ്മി : എന്നാൽ ഇവിടെ എങ്ങിനെ കഴിഞ്ഞുകൂടും? ഒരു വരവും ഇല്യാഞ്ഞാൽ കുടുംബം

കഴിയ്യോ? പാട്ടക്കാരാച്ചാൽ ഒരു മണി തരില്ല.

ശ്രീധരൻ : നമ്മൾക്ക് കൃഷി നടത്തണം അമ്മേ.

വേലു : ഒന്നു നോക്കുമ്പോ, അത് തന്നെയാ ഭേദം, കമ്മളേ. ഉദ്യോഗംകൊണ്ട് കിട്ട്ണത് ഉദ്യോഗംകൊണ്ടുതന്നെ തീരും. കാലായേല് വല്ലതും ഉണ്ടായാത്തന്നേ കുടുംബത്തേക്ക് എത്തു.

ലക്ഷ്മി : അതിന് നെലം ഒക്കെ കുടിയാന്മാരുടെ കയ്യിലല്ലെ? ദാ, ആ അബൂബക്കറായിട്ട് വേണ്ടാത്ത കേസും കൂട്ടോം ഒക്കെ കൊളുത്തി, കാരണോര് മരിച്ചുംപോയി.

വേലു : അവ്വോക്കരാപ്പളെ എങ്ങനേം വളയ്ക്കായിര്ന്ന്, അമ്രാളേ. കഷ്ടായി ആയാളുമായിട്ട്.....

ശ്രീധരൻ : (ആലോചനാപൂർവ്വം) ആട്ടെ, നെലം കിട്ട്യാലെങ്ങിനെ? സുകുമാരൻ പണി എടുക്കോ? വിത്തെറക്കേണ്ട കാലത്ത് കവിത എഴുതാൻ ഇരുന്നാൽ പറ്റില്ല.

(സുകുമാരൻ അടുത്ത മുറിയിൽ നിന്നു വരുന്നു. പ്രായം 20. ലഘുവായ വസ്ത്രധാരണം. കയ്യിലൊരു പുസ്തകം)

സുകുമാരൻ : എന്റെ കവിതയെഴുത്തുകൊണ്ട് കൃഷി നടക്കാതിരിക്കണ്ട. ഞാൻ പണിയെടുത്തോളാം. ഉദ്യോഗത്തിനൊന്നും അയക്കാഞ്ഞാമതി.

ലക്ഷ്മി : നെണക്കും കയ്പാ ഉദ്യോഗം!

വേലു : കയ്ക്കാതിരിക്ക്യോ, അമ്രാളേ. കയ്യുംവീശി നടക്കണ്ട കാലത്ത് കണ്ടോര്ടെ കാല് പിടിക്കാൻ പൂവാൻ!

സുകുമാരൻ : (ശ്രീധരന്റെ മുഖത്തൊന്നുനോക്കി, അമ്മയോട്) കവിത എഴുതില്ല്യാച്ചാലും ആകാശത്തൊന്നും വിത്തെറക്കാൻ വയ്യേ!

(എല്ലാവരും ചിരിക്കുന്നു. സുകുമാരൻ അമ്മയുടെ പിന്നിൽ വന്നു കസാല പിടിച്ചു നില്ക്കുന്നു.)

ശ്രീധരൻ : വിത്തെറക്കല് നമ്മുടെ ഒഭയത്തില്.......

സുകുമാരൻ : എന്നാ വലിയ ആലഭാരമൊന്നും വേണ്ട. കുടിയാന് സ്ഥിരാവകാശോം കൊടുത്ത് ജന്മി വിത്തുംകൊണ്ട് ചെന്നാൽ വിതക്കല് വരമ്പത്താവും. (വീണ്ടും എല്ലാവരും ചിരിക്കുന്നു.)

വേലു : എന്നാലും കുടിയാന്മാർക്ക് വല്യേ രക്ഷായ്യേ!

സുകുമാരൻ : ആയ്ക്കോട്ടെ. രക്ഷകിട്ടണം. ആ രക്ഷ ഉണ്ടാക്കീത് ആരാ? കുടിയാന്മാരും വല്യേ ജന്മിമാരും അല്ല പരിഷ്കാരത്തിന്നുവേണ്ടി യുദ്ധം ചെയ്തത്. എടത്തരക്കാരാ. ഇദാ, ഈ ഏട്ടനും ഒക്കെത്തന്നെ. ഇപ്പൊ.....

ശ്രീധരൻ : എന്തേ ഇപ്പോൾ?

സുകുമാരൻ : എന്തേ ഇപ്പോ? എടത്തരക്കാരൊക്കെത്തകർന്നു. വലിയ ജന്മിക്ക് കുലുക്കല്യ. കുടിയാന്മാര് മിടുക്കന്മാരും ആയി.

വേലു : മിടുക്ക് ഒന്നുല്യ, കമ്മളേ. പാട്ടം കൊടുക്കണം ഇപ്പഴും.

ലക്ഷ്മി : അതും കൊടുക്കണ്ടാ എന്നൊക്കെ അല്ലേ ഇപ്പൊ പറേണത്?

ശ്രീധരൻ : അതേ, അതിന്നുള്ള സമരം തുടങ്ങ്ായി. (സുകുമാരനോട്) പക്ഷേ, ആ യുദ്ധം എടത്തരക്കാരൻ നടത്തില്ല. അതിനുള്ള നേതൃത്വം കുടിയാന്മാരിൽനിന്നാ വരുക.

സുകുമാരൻ : പക്ഷേ, ഇതേവരെത്തെ പരിഷ്കർത്താക്കൾക്ക് അതിനെ എതിർക്കാൻ കഴിയില്യ!

ശ്രീധരൻ : ഇല്ല, എതിർക്കില്ല. നമ്മളവരടെ ചേരീല് നില്ക്കും!

സുകുമാരൻ : അതിന് നമ്മള് അധ്വാനിക്കണ്ടെ? അതിന് നെലം വേണ്ടേ?

ശ്രീധരൻ : നമ്മൾ അവര്ടെ കൂട്ടത്തിൽ ചേരും. പരിവർത്തനം ആ വഴിക്കാണ്.

സുകുമാരൻ : (ആലോചിച്ച്) അത് മോഹമാണ്. ചേരായിരുന്നു. അവരൊക്കെ ഹിന്തുക്കളാണെങ്കില്. വിചാരഗതി ഒന്നാണെങ്കില്. നമ്മളടെ കാര്യംതന്നെ നോക്കൂ. കുടിയാന്മാരൊക്കെ മാപ്പിളമാരാ.

വേലു : അതിനെന്താ കമ്മളേ? മാപ്പളടെ കയ്ക്കോട്ട് മാപ്പളടെ കയ്യിലല്ലെ? നമ്മടെ കയ്ക്കോട്ട് നമ്മളടെ കയ്യിലും!

സുകുമാരൻ : അല്ല വേലു. നമ്മളടെ കയ്യിൽ കയ്ക്കോട്ടും മാപ്പളടെ കയ്യില് നെലോം ആയി. സ്ഥിതി ഒക്കെ തലതിരിഞ്ഞു. അവറ്റയും നമ്മളും തമ്മിൽ ചേരില്ല. ഒരു കാലത്തും ചേരില്ല.

ശ്രീധരൻ : നീയെന്താ, ആർ.എസ്.എസ്സാ?

(പാർവ്വതി പ്രവേശിക്കുന്നു. 15 വയസ്സ്. മിതമായ വസ്ത്രധാരണം. കയ്യിൽ രണ്ടു കോപ്പയും ഒരു ചായപ്പാത്രവും.)

പാർവ്വതി : ആർ.എസ്.എസ്സ് തന്നെയാ ഏട്ടാ. ഇവിടെ ആളുകളെ അടിക്കലും ലഹളകൂട്ടലും തന്നെയാ എപ്പോഴും.

(എല്ലാവരും ചിരിക്കുന്നു. സുകുമാരൻ അവളെ കനപ്പിച്ചു നോക്കുന്നു. പാർവ്വതി ശ്രീധരനും വേലുവിന്നും ചായ കൊടുക്കുന്നു.)

സുകുമാരൻ : അതേ, കാര്യം പറയുന്നവരുടെ നേർക്കുള്ളതാ ഇപ്പൊ ആർ.എസ്.എസ്സ്. പറയുന്നത് ശരിയാണോന്ന് നോക്കാൻ ആളില്ല.

ശ്രീധരൻ : ശരിയല്ല, അതുതന്നെ. കുടിയാന്മാർ മാപ്പിളമാരാണെങ്കില് അവര് അധ്വാനിച്ചിട്ട് ഇത്ര കാലം ഹിന്ദുക്കളെ പുലർത്തി എന്നല്ലേ അർത്ഥം?

(വേലു ചായ കുടിക്കുന്നു. പാർവ്വതി വീണ്ടും ഒഴിച്ചു കൊടുക്കുന്നു)

ലക്ഷ്മി : അതു ശരിയാണേ. ഇത്ര കാലോം ഇവിടെ ഉള്ളോര് ഒരു പണീം എടുത്തിട്ടില്ല. അബൂബക്കര് പാട്ടംകൊണ്ടന്ന് വടിച്ചിട്ടുതന്നെയാ കഴിഞ്ഞുകൂടീത്.

സുകുമാരൻ : അവന്റെ ദാനമൊന്നുമല്ല അത്.

ശ്രീധരൻ : വേറെയെന്താ. നിർബ്ബന്ധപൂർവ്വം വാങ്ങിയ ദാനം!

വേലു : അപ്പഴേ കമ്മളേ, അവ്വോക്കര്, മാപ്പളാണെങ്കിലും നല്ലോനാ. വേലു ഇപ്പൊ ആയാളടെ അടുത്ത്ന്നാ വര്ണ്. നിങ്ങള് തമ്മിൽ ഇക്കണ്ട കേസൂം കൂട്ടോം ഒക്കെ ആയിട്ടും അയാൾക്കാ പഴേ ഓർമ്മ ഇപ്പഴൂണ്ട്.

ലക്ഷ്മി : എന്തേ പറഞ്ഞയച്ച്. കേസ്സ് തീരാം എന്നോ മറ്റോ ഉണ്ടോ?

വേലു : അതൊന്നും പറഞ്ഞിലേയ്. എന്നാലും പറഞ്ഞാതീരും എന്നാ വേലൂന് തോന്നീത്.

ശ്രീധരൻ : അപ്പൊ ചോദിച്ചില്യ. വേലു എന്തേ പോന്നത്? ഈ കൂട്ടത്തില് അതന്വേഷിക്കാൻ മറന്നു.

വേലു : വേലൂന്റെ നെലത്ത്ന്ന് വെള്ളം ഒഴീല്യ. കൂത്തിക്കുഴിച്ച് രണ്ടു നുരി വെച്ചാൽ തിരുവാതിര ഞാറ്റുവേല കഴീമ്പഴക്ക് അതങ്ങട്ട് ചീയും. കഴിഞ്ഞ കന്നീലും അതിന്റെ മുമ്പത്തെ കന്നീലും മുഴോനും പോയി. വെള്ളം വാർക്കാൻ ഒരു നിവൃത്തീല്യ.

സുകുമാരൻ : എന്താ അബൂബക്കറ് സമ്മതിക്കില്യ അല്ലേ? ഓന്റെ നെലത്തിൽക്കൂടെ വേണലോ വെള്ളം ഒഴിയാൻ.

വേലു : സമ്മതിക്കായ ഒന്നൂല്യ. പക്ഷേ, കഴായ മുറിച്ച് വെള്ളം ഒഴിച്ചാൽ ഒഴീല്യ. ആ അരുക്കിൽക്കൂടി ഒരു തോടു വേണം. അതിനൊന്ന് മുട്ടി നോക്കീതാ മാപ്പള്യായിട്ട്.

ശ്രീധരൻ : എന്നിട്ടോ, സമ്മതിച്ചോ?

വേലു : അത് ഇവിടത്തെ സമ്മതം വേണം എന്നാ പറഞ്ഞ്. കേസ്സും കൂട്ടോം ആയതോണ്ട് നീയന്നെ പോയിട്ട് പറഞ്ഞോന്നാ പറഞ്ഞ്.

ശ്രീധരൻ : (സുകുമാരനെ നോക്കി) നോക്ക്, മാപ്പളയും ഹിന്ദുവും എന്നല്ല പ്രശ്നം. കൃഷിക്കാരനും കൃഷിക്കാരനുംകൂടി എപ്പോഴും ചേരും. എതൃകക്ഷി എപ്പോഴും ജന്മ്യാണ്.

പാർവ്വതി : ഏട്ടൻ ചായ കുടിക്കൂ.

(ശ്രീധരൻ ചായ എടുക്കുന്നു.)

ശ്രീധരൻ : സുകുമാരൻ കുടിച്ചോ?

പാർവ്വതി : ഊം രണ്ടു തവണത്തെ കഴിഞ്ഞു.

സുകുമാരൻ : (മുറിയിലേക്ക് നടന്നുകൊണ്ട്) ആ, തിന്നണേയ്; ഞാൻ പണി എടുക്കാൻ പൂവ്വാ. (ശ്രീധരൻ പിന്നിലെത്തുമ്പോൾ കയ്യിലുള്ള പുസ്തകംകൊണ്ട് പാർവ്വതിയുടെ തലയ്ക്ക് കൊട്ടുന്നു. പാർവ്വതി തിരിഞ്ഞുനിന്ന് "ആ" എന്നു പറയുന്നു. സുകുമാരൻ ചുണ്ടിൽ വിരൽവെച്ച് " മിണ്ടരുത" എന്നു കാണിക്കുന്നു)

ലക്ഷ്മി അമ്മ : (സുകുമാരനോട്) ഇതുതന്നെയാ ഞാൻ പറഞ്ഞത്, നെണക്ക് ഒരുപണീം ഇല്യാഞ്ഞാ ഇവിടെ സ്വൈരം ഉണ്ടാവില്ലെന്ന്.

ശ്രീധരൻ : (വേലുവിനോട്) ആട്ടെ, ഞാനും വരാം അബൂബക്കറുടെ അടുത്തേയ്ക്ക്. വേറെം ചിലതൊക്കെ സംസാരിക്കാനുണ്ട്. (തിരിഞ്ഞ്, വാതില്ക്കൽ നില്ക്കുന്ന സുകുമാരനോട്) ആട്ടെ, അബൂബക്കറും നമ്മളുംകൂടി യോജിച്ചിട്ടാണെങ്കിൽ നീ പണി എടുക്കോന്നാ അറിയേണ്ടത്.

സുകുമാരൻ : (തിരിഞ്ഞുനിന്ന്) മാപ്പിള മര്യാദയ്ക്ക് പെരുമാറിയാൽ, എനിക്കാരുടേയും കാലുപിടിക്കാൻ കഴീല്യ.

ശ്രീധരൻ : (ചിരിച്ച് അമ്മയോട്) മകനിപ്പോഴും പഴയ ജന്മിയാ.

(എല്ലാവരും ചിരിക്കുന്നു.)

(കർട്ടൻ)

## അങ്കം – ഒന്ന്

## രംഗം 2

(അബൂബക്കറുടെ വീട്, പൂമുഖം. ഉച്ചക്കുമുമ്പ്. ചില കാർഷികായുധങ്ങൾ പൂമുഖത്തുണ്ട്. ഒരു തേക്കുകൊട്ട, ഒരു നുകത്തണ്ട്, ഒരു കൈക്കോട്ട്, രണ്ടു കട്ടിലും ഒരു കസേലയും, ഒരു ബഞ്ചും. അബൂബക്കർ കട്ടിലിൽ ഇരിക്കുന്നു. 60 വയസ്സ്. നാടൻ മാപ്പിളയുടെ ചരടിട്ടുടുക്കുന്ന ചുകന്ന മുണ്ടുടുത്തിരിക്കുന്നു. താഴെ കോളാമ്പി. മുറുക്കാനുള്ള ശ്രമമാണ്. ശ്രീധരൻ നായരും വേലുവും പ്രവേശിക്കുന്നു.)

അബൂബക്കർ : ഇരിക്കിൻ, രണ്ടാളും ഇരിക്കിൻ.

(ശ്രീധരൻ നായർ കസേലയിൽ ഇരിക്കുന്നു. വേലു ചുറ്റി നടന്ന് പറമ്പിലേക്കു നോക്കിയിട്ട്)

അതെന്തേ, തേക്കില്ലേന്നേ? പൂക്കുലയല്ലേ കൊഴീണ്. എടമഴയ്ക്ക് തേവാഞ്ഞാ കഴുങ്ങ് ബാക്കിണ്ടാവോ?

അബൂബക്കർ : പടച്ചോൻ ബച്ചതൊക്കെ ബാക്കിണ്ടാവും, ബേലോ.

ശ്രീധരൻ : പൂക്കുലയുടെ വാസന വല്ലാതെ വരുന്നു.

അബൂബക്കർ : അപ്പഴെയ് സ്രീതരൻനായരെ, നിങ്ങടെ കാരണോരാ ഞമ്മളെ ഇങ്ങനെ മുട്ടുകുത്തിച്ചെ.

ശ്രീധരൻ : അതിനെപ്പറ്റിയൊക്കെ ഒന്നു പറയാനാണ് ഞങ്ങളിപ്പോൾ പോന്നത്. (വേലുവിനെ നോക്കുന്നു.)

വേലു : ആ, ജന്മീം കുടിയാനും അല്ലേ? നേരിട്ടൊന്നു കാണും പറേം ആവാലോ.

അബൂബക്കർ : ഒന്നൂം പറേണ്ട. ഞമ്മള് ഇപ്പോ ഇത്തിരി ബസനത്തിലാ. ഒരു ചെക്കൻ ഉണ്ടാർന്ന്.

ശ്രീധരൻ : ആര്, ബാപ്പുവല്ലേ? എന്തേ?

അബൂബക്കർ : ഓൻ ചാടിപ്പോയി.

വേലു : കഷ്ടായി. എന്തേത് തോന്നാൻ!

അബൂബക്കർ : എന്തോന്നാ! ചോയിക്ക്. (ശ്രീധരൻനായരെ ചൂണ്ടുന്നു)

ശ്രീധരൻ : (സാദ്ഭുതം) ഞാനറിഞ്ഞിലല്ലോ.

അബൂബക്കർ : നിങ്ങളറ്യേണം. നിങ്ങടെ മാട്കളല്ലേ? പാട്ടം നെല്ലുണ്ടാക്കണ മാടോള്. അപ്പോ അറ്യേണ്ടേ, പോണതെന്തേന്ന്? നോക്കിൻ. ബിഷു കഴിഞ്ഞ് മഴീം പെയ്ത്, കട്ട പൊളിച്ചിട്ട്ണ്ടോ? പാടല്ലേ മലന്ന് കെടക്കണ്!

വേലു : അതിന് മാപ്പളേ, ശ്രീധരൻ കമ്മള് എന്തേ പെഴച്ചത്?

അബൂബക്കർ : നീയാ ചോയിക്ക്ണ്. നീയും കൃഷിക്കാരനല്ലേ? വെളമോസാവ്; ഒയിപ്പിക്കാൻ ഇജ്ജാളുടെ കാർണോര് കേസ്സ് കൊടുക്ക്ാ. ഇന്ന്ട്ട് കുടീമൊതലും കൂടീ ജപ്ത്യാക്ക്ാ. ഉള്ളത് ബിറ്റും പെറുക്കീം കോടതിക്ക് നടക്ക്ാ. നയിച്ചോന് പഷ്ണി; അഫമാനം (ക്ഷോഭം കൊണ്ട് വാക്കു കിട്ടാതെ നിർത്തുന്നു.)

ശ്രീധരൻ : അമ്മാമൻ അങ്ങിനെ ചെയ്തു. കഷ്ടായ്. അതിനെപ്പറ്റി ഒക്കെ സംസാരിക്കാനാണലോ ഞങ്ങൾ പോന്നത്.

അബൂബക്കർ : ഒന്നും പറേണ്ട. എനിക്കാച്ചാൽ ആരൂല്യ. അര്തേനീം. തേവാനും ബജ്ജാ കന്നൂട്ടാനും ബജ്ജാ. അമ്മാമൻ ചെയ്തത് കസ്ടായി, ഇനി ആലോസിക്യാന്ന് പറാൻ നിങ്ങക്കെള്പ്പാ.

(എഴുന്നേറ്റ് അങ്ങോട്ടുമിങ്ങോട്ടും നടക്കുന്നു.)

വേലു : (കൂടെനടന്നുകൊണ്ട്) അങ്ങനൊന്നും വാശിപിടിക്കരുത് അവ്വോക്കരാപ്പളേ.

അബൂബക്കർ : നിജ്ജെന്താ പറേണ്! എനിക്കൊക്കെ തെകഞ്ഞീലെടോ? ഇതൊരു കേസ്സ്. കുടിയിരുപ്പിന് ബേറൊരു കേസ്സ്, പോക്കരടെ ബക. ചെക്കൻ പോയപ്പൊ കെടന്ന കെടപ്പാ തള്ള. തൊഴ്ത്ത്ലണ്ട് രണ്ടെണ്ണം. ബെള്ളം കാണിക്കാൻ ആളില്യ, എന്തേയ്?

വേലു : നിങ്ങക്കിപ്പോ കുട്ടിപോയ വെസനാ. എല്ലാവർക്കും ഉണ്ടാവും ചെയ്യും.

അബൂബക്കർ : അത് പറ. (ശാന്തനാവുന്നു. മുൻസ്ഥാനത്തിരിക്കുന്നു. അകത്തേയ്ക്കു നോക്കി. "ആയിസ്സേ" എന്നു വിളിക്കുന്നു)

നിജ്ജ് ഇരിക്ക് ബേലോ. (ബെഞ്ച് ചൂണ്ടുന്നു.)

വേലു : ബേണ്ട. ഞാൻ ഇവിടെ ഇരുന്നോളാം മാപ്പളേ. ആ മുട്ടിപ്പലക ഇങ്ങട്ട് തന്നാമതി.

(അബൂബക്കർ മുട്ടിപ്പലക നീട്ടുന്നു. വേലു വാങ്ങി ഇരിക്കുന്നു)

(ആയിഷ വന്ന് ബാപ്പയുടെ അടുത്തുനില്ക്കുന്നു. കറുത്ത കാച്ചിയും കുപ്പായവും തട്ടവുമിട്ട നാടൻ വേഷം. വയസ്സ് 15)

അബൂബക്കർ : ഈ ബെത്തിലപ്പെട്ടി അങ്ങട്ട് എടുത്തോടക്ക്, (ആയിഷ താലവുമെടുത്ത് ശ്രീധരൻ നായരുടെ മുമ്പിൽ ചെല്ലുന്നു.)

ശ്രീധരൻ : (സസ്മിതം) ഞാൻ മുറുക്കാറില്ല. അങ്ങട്ട് കൊടുത്തേക്കു. (വേലുവിനെ ചൂണ്ടിക്കാണിക്കുന്നു.)

ആയിഷ : എന്നാ കളിയടക്ക തിന്നോളിൻ, കാക്ക മുറുക്കാറില്ല. കളിയടക്ക തിന്നാറ്ണ്ട്.

ശ്രീധരൻ : (ചിരിച്ച്) അങ്ങനെ ആട്ടെ. (കളിയടയ്ക്ക എടുക്കുന്നു. ആയിഷ മുറുക്കാൻ താലം വേലുവിന്ന് കൊടുക്കുന്നു.)

ആയിഷ : കറുമ്പിപ്പയ്യ് പെറ്റോ ബേലോ?

വേലു : (സാഹ്ലാദം) പെറ്റൂലോ. മൂരിക്കുട്ട്യാ.

ആയിഷ : (ബാപ്പയുടെ അടുത്ത് ചെന്ന്) പെറ്റിട്ട് മുരിക്കുട്ട്യാച്ചാ ഞമ്മക്ക് ബാങ്ങണംന്ന് പറഞ്ഞീര്ന്ന്, കാക്ക.

അബൂബക്കർ : (ആർദ്രനായി) എപ്പഴും കാക്ക, കാക്കാന്നല്ലേള്ളൂ, മോളേ!

വേലു : പെല കഴ്യേട്ടെ. ഇവടെക്കൊടന്ന് കെട്ടിത്തരാം വേലു.

അബൂബക്കർ : അതിപ്പൊ ബേണ്ട. ഞമ്മക്കിപ്പോ ബാങ്ങണ്ട കാലല്ല, ബേലോ.

വേലു : ആട്ടെ മാപ്പളേ. വേലൂനൂണ്ട് കുട്ട്യോളും മക്കളും.

ശ്രീധരൻ : അപ്പോൾ നമ്മടെ കാര്യം? ഞാനത് തീർച്ചപ്പെടുത്തണം എന്നു വെച്ചിട്ടാ പോന്നത്. വല്ലതും പറേമ്പഴക്ക് നിങ്ങളിങ്ങിനെ ദേഷ്യപ്പെട്ടാലോ?

അബൂബക്കർ : ഞമ്മള് ദേസ്യപ്പെട്ടിട്ടില്ല. ദേസ്യപ്പെടൂല്യ. ദേസ്യോം തന്തോഷൊക്കെ നിങ്ങക്ക്ള്ളതാ. ജമ്യോൾക്ക്. എന്തേ ബേലോ.

വേലു : അതേ മാപ്പളേ. നമ്മക്കൊക്കെ എന്ത് ദേഷ്യാ? ദേഷ്യപ്പെട്ടാ എന്ത് വെലയാ?

അബൂബക്കർ : നിങ്ങടെ കാരണോര് കണ്ണുരുട്ടി; എന്ന്ട്ട് പറഞ്ഞ്, നെലൊഴിഞ്ഞോന്ന്. നിങ്ങൾ ഇപ്പോ ബന്നിട്ട് ചിരിക്ക്ണ്, എന്നിട്ട് പറേണ് നെലോഴിഞ്ഞോന്ന്. ഒക്കെ ഒന്നു തന്നെ. (എല്ലാവരും ചിരിക്കുന്നു)

ശ്രീധരൻ : (എഴുന്നേറ്റ്) അങ്ങിനെ തീർച്ചപ്പെടുത്തേണ്ട. എല്ലാം ഒന്നായിക്കോളണം എന്നുണ്ടോ? അമ്മാമൻ ആ പഴയ പാരമ്പര്യത്തിൽ ഉള്ള ആളായിരുന്നു. അന്നൊക്കെ ഒഴിപ്പിക്കല് സാധാരണല്ലേ?

വേലു : അതൊരു കാര്യാ മാപ്പളേ!

ശ്രീധരൻ : ഇന്നു കാലം മാറി. ജന്മ്യായത് എന്റെ കുറ്റം കൊണ്ടല്ല. നിങ്ങളും ഞാനും ഇന്നു കഷ്ടത്തിലാണ്. നിങ്ങൾക്കു പണിയുണ്ട്, അനുഭവം ഇല്ല. ഞാൻ പണിയെടുക്കാൻ ഒരുക്കമാണ്. പണി ഇല്ല.

അബൂബക്കർ : അത് സര്യാ. നിങ്ങള് കുട്ട്യാണെങ്കിലും കാര്യം പറേണ്.

ശ്രീധരൻ : ഈ നിലക്കെത്തിയപ്പോ, കാലത്തിന്നനുസരിച്ച് യോജിച്ച് വല്ലതും പ്രവൃത്തിക്കാമോ എന്നറിയാനാ ഞാൻ വന്നത്. നിങ്ങടെ മുമ്പിൽ ജന്മികെട്ടി ഞെളിയാനല്ല.

അബൂബക്കർ : (ആലോചിച്ച്) പക്കേങ്കില് ഒഭയം ഞാൻ ഒയീല്യ. പിന്നെ എന്താച്ചാ പറഞ്ഞോളിൻ.

ശ്രീധരൻ : ഒഴിയണ്ട. എന്നാലോ.

അബൂബക്കർ : കോടതിച്ചിലവും തരൂല്ല; എന്നെ ബെറുക്കനെ നഷ്ടപ്പെടുത്തീതാ.

ശ്രീധരൻ : കോടതിച്ചിലവും വേണ്ട; പോട്ടെ.

അബൂബക്കർ : (അത്ഭുതപ്പെട്ട്) പിന്നെ നിങ്ങള് കളിയാക്കാൻ ബന്നിരിക്ക്ാ. കുട്ട്യോ ഒരു കാര്യണ്ട്. മാപ്പളേനെ കളിപ്പിക്കാൻ നിക്കണ്ട, ട്ടോ.

വേലു : പറേണെന്റെ മുമ്പെ മൊകത്തേക്ക് ചാടിയാലോ മാപ്പളേ? നിങ്ങളെ കളിപ്പിക്കാൻ നടക്ക്ാ ബാക്കിള്ളോർക്ക് പണി?

അബൂബക്കർ : പിന്നെ, കീയ്ക്കടെപ്പോലെ നടക്കാനാ? നടക്കാലോ.

ശ്രീധരൻ : പക്ഷേ, ഒരു ചില്ലറ വ്യത്യാസം. പാട്ടം വാങ്ങി ഇരിക്കണത് നന്നല്ല. അതോണ്ടൊട്ട് കഴിഞ്ഞുകൂടൂല്യ.

അബൂബക്കർ : അപ്പൊപ്പിന്നെ ഒഴ്യേണം എന്ന് തന്നെ!

ശ്രീധരൻ : അല്ലതന്നെ.

അബൂബക്കർ : എനിക്കിതൊന്നും മനസ്സിലാവ്ണില്യ, ബേലോ.

ശ്രീധരൻ : ഞാൻ പറഞ്ഞുതരാം. (നമ്പ്യാർ പ്രവേശിച്ച് പ്രവേശനദ്വാരത്തിൽതന്നെ നില്ക്കുന്നു. വയസ്സ് 50. റിക്കാർഡുകെട്ടും കുടയുമുണ്ട്. ആയാളെ ആരും കാണുന്നില്ല. ശ്രീധരൻ തുടരുന്നു) നമ്മുടെ നിലം രണ്ടു ദിക്കിലായിട്ടല്ലെ? നടുക്ക് ഒരൊടി വേലൂന്റെയും. എല്ലാംകൂടി ഒരു നിലമാക്കാ. നിങ്ങടെ കുട്ട്യോളും പണി എട്ക്ക്ണ്ണ്ട്. ആ കൂട്ടത്തില് ഞങ്ങളും കൂടി അങ്ങട്ട് കൂടാം.

വേലു : അത് തന്നെ!

ശ്രീധരൻ : ഒരു നെലം എല്ലാരുംകൂടി പണിയെടുക്കാ. വേലൂന്റെ അളവുനോക്കി ഉണ്ടാ യേല് ഓഹരി ഓന്. ബാക്കി നമ്മൾക്ക് സമാസമം എന്താ?

അബൂബക്കർ : അപ്പോ...

നമ്പ്യാർ : (മുമ്പോട്ടുവന്ന്) അതേ, കുട്യോണ്ടല്ലെങ്കില് കൂടംകൊണ്ട്. കേസോണ്ട് ഒഴിഞ്ഞി ല്ലെങ്കില് ചപ്പടാച്ചി കൊണ്ട്. അല്ലേ, ശ്രീധരൻ നായരേ.

അബൂബക്കർ : ആ, നമ്പ്യാര് ബന്ന്വോലോ, നന്നായി. ഇരിക്കിൻ. കേസ് നടത്ത്യ ആള് തന്നാവട്ടെ രാജി ആവാനും.

(നമ്പ്യാർ ഇരിക്കുന്നു.)

ശ്രീധരൻ : (നമ്പ്യാരോട്) അത് ഞാൻ പറഞ്ഞതിന്റെ ദുർവ്യാഖ്യാനമാണ്. കാര്യം അബൂബ ക്കർക്ക് ലാഭമല്ലേന്ന് നോക്കലാണ്.

നമ്പ്യാർ : അബൂബക്കർക്ക് ലാഭമൊന്നും ഉണ്ടാക്കിക്കൊടുക്കണ്ട. നിങ്ങടെ കാരണോര് ഉണ്ടാക്കിക്കൊടുത്തതുതന്നെ മതി, അയാൾക്ക് കഴിഞ്ഞൂടാൻ.

ശ്രീധരൻ : (ആലോചിച്ച്) നിങ്ങൾ ഒരാലോചനയിലേയ്ക്ക് വരുന്നില്ല നമ്പ്യാർ. പക്ഷേ, നിങ്ങടെ ഉദ്ദേശവും അതാവാം. ഞങ്ങടെ തമ്മിൽത്തല്ലാണലോ നിങ്ങടെ കൃഷി.

നമ്പ്യാർ : (ക്ഷോഭിച്ച്) അധികപ്രസംഗം പറേര്ത്.

അബൂബക്കർ : ആയ്യായി നമ്പ്യാരേ. അവര് അവരുടെ കാര്യം പറയല്ലേ? കൂട്ടുകൃസി ആവാം എന്നുവെച്ചാ ലാഭാ. കൃസീന്റെ  കാര്യം ഞമ്മക്കറിയാം. ബേലൂംകൂടി കൂടീച്ചാ ഓന്റെ നെലത്തെ ബെള്ളോം ഒഴിക്കാം - എല്ലാറ്റിലും മൂന്നുപുകിലും എടുക്കാം.

വേലു : എന്താ മാപ്പിളെ, ഞാൻ കൂടാതിരിക്ക്യോ? എനിക്കൂല്യേ കൃഷീടെ ഇത്തിരിയോളം പിടി?

അബൂബക്കർ : അങ്ങനെ കൂട്ടുകൃസി പാങ്ങുണ്ടോ? അതാ ആലോസിക്കേണ്ടത്.

നമ്പ്യാർ : ആവോ! പുതിയ നിയമക്കാരാ ഇപ്പോ. ജന്മീം കുടിയാനുംകൂടി വെള എറക്യാ പകുതിവാരം എന്നാപറയ്യാ. വെള ഇങ്ങട്ട് എടുത്താപ്പിന്നെ കണ്ടത്തിച്ചവ്ട്ടണങ്കില് ഇതാ ഈയാളുടെ സമ്മതം വേണ്ടിവരും വക്കീലിനോട് ചോദിച്ചോളിൻ.

വേലു : അത് വേറൊരു ചെകുത്താൻ.

(ആയിഷ ചിരിക്കുന്നു.)

അബൂബക്കർ : നെന്റെ അതിപ്രായം തന്നെയാ ഇബളക്കും. കോടതീലൊക്കെ സെയിത്താ ന്മാരാണെന്നാ ഓളടെ പച്ചത്തില്.

ആയിഷ : സെയ്ത്താമ്മാരല്ലാതെ നൊണ പറഞ്ഞിട്ട്, ആളേ്ളേ തല്യൊള്ളിക്ക്വോ?

അബൂബക്കർ : (ആയിഷയെ നോക്കി) മതി. അകത്തേയ്ക്കു പോയ്ക്കോ.

നമ്പ്യാർ : നിങ്ങള് തന്നയാ കുട്ട്യോളെ ചീത്തയാക്കുന്നത്.

അബൂബക്കർ : അതെയ്, അന്ന് നിങ്ങള് പറഞ്ഞിലെ, ബാപ്പൂനെപ്പറ്റി. ഞാൻ ഓനെ പുടിച്ച് രണ്ടടിച്ച്. ഓളക്ക് ആ ദേസ്യാ.

(ആയിഷ നമ്പ്യാരുടെ നേരെ കൊഞ്ഞനം കാട്ടി അകത്തേയ്ക്കു പോകുന്നു. ശ്രീധരൻനായരും വേലുവും കണ്ടു ചിരിക്കുന്നു.)

നമ്പ്യാർ : ആട്ടെ, നാളത്തെ പോക്കരുടെ കേസ്സും തീരാൻ ഉള്ള ആലോചനയുണ്ടോ? ഇങ്ങനെ ആണെങ്കില്, അതും തീരാം. പോക്കരും താമസിച്ചോട്ടെ പകുതി സ്ഥലത്ത്. പകുതീല് നിങ്ങൾക്കും പാർക്കാം. എന്താ?

വേലു : ഊം. ഊം.  തീർന്നൂടാ. ആരു തമ്മിലും തീർന്നൂടാ.

ശ്രീധരൻ : പിന്നെ ആളുകൾ  തമ്മിൽ കടിച്ചുകീറി തിന്നണം എന്നാണോ ഹെ, നിങ്ങളുടെ അഭിപ്രായം.

വേലു : ആയാൾക്ക് പ്രാന്താ കമ്മളേ. ആ ഉമ്മക്കുട്ടി പറഞ്ഞതാ ശരി.

അബൂബക്കർ : അപ്പോ ഇബടെ ഒന്നും ഇരിക്കിണില്ലലോ, നാളത്തെ കേസ്സിന് !

നമ്പ്യാർ : പിന്നെയ്, കുടിയിര്പ്പാ കളിക്കാൻ നിക്കണ്ട.
(അബൂബക്കർ അവശനായി അകത്തേയ്ക്കു പോകുന്നു.)
നമ്പ്യാർ : (ശ്രീധരനോട്) കഷ്ടായി. കാരണോര് അത് ചൊളപ്പറിച്ച് ഇങ്ങട്ട് എടുക്കാൻ ആലോചിച്ചതാ. നമ്മളൊക്കെ എന്തായാലും ഒരു ജാതി അല്ലേച്ച്ട്ട് പറയേ്;
വേലു: ആ ഉമ്മക്കുട്ടി പറഞ്ഞത് തന്നയാ ശരി.
ശ്രീധരൻ : ഏത്?
വേലു : സെയിത്താനാണെന്നേയ്.
നമ്പ്യാർ : എടാ, നീയെന്തിനാ വല ഇട്ണ്ന്ന് എനിക്കറിയാം. ഒടിയന്റെ മുമ്പില് മായംതിരിയണ്ട വേലോ.
വേലു : നിങ്ങള് ഒടിയനല്ല, കാറൊടിയനാ.
അബൂബക്കർ : (പ്രവേശിച്ചു നമ്പ്യാരുടെ കയ്യിൽ ഒരു പണ്ടം കൊടുത്തിട്ട്) മോളടെ കഴുത്തിലത്തേതാ. മുപ്പതുറുപ്പിക വാങ്ങിക്കോളിൻ. നിങ്ങടെ ചെലവിനും ബേണ്ടേ? (സ്വഗതം) കായിണ്ടാമ്പോ ഇങ്ങട്ടെട്ക്കാലോ.
നമ്പ്യാർ : (നീരസം ഭാവിച്ച്) പണയം വെക്കാനൊക്കെ വലിയ വിഷമമാ. (കയ്യിലിട്ട് തൂക്കം നോക്കിയിട്ട്) എന്താ ചെയ്യാ. നിങ്ങടെ കാര്യായിപ്പോയിലേ! (മടിയിൽ വെക്കുന്നു) അപ്പോ ഇവരടെ കാര്യം?
അബൂബക്കർ : അതങ്ങട് അവസാനിപ്പിക്കാം എന്ന് തന്നയാ ആലോസന.
നമ്പ്യാർ : ഇഷ്ടംപോലെ ചെയ്യാം. വക്കീലിനോടൊന്ന് ആലോചിക്യാ ഭേദം. ഞാനൊന്നും പറേണില്യേ. (കുട എടുക്കുന്നു)
വേലു : നിങ്ങളൊന്നും പറയാതിരിക്ക തന്നയാ ഭേദം. ചെകു....
നമ്പ്യാർ : (ശുണ്ഠിയെടുത്ത്) അത്രയ്ക്കായൊടാ, നെണക്ക്. അത്രയ്ക്കായോ? (അടുക്കുന്നു)
വേലു : (എഴുന്നേറ്റ്) മിണ്ടാതിരുന്നോളിൻ പാട്ടിന്. കണ്ടോരടെ കരളും വെട്ടിത്തിന്ന് ഒടുക്കം എന്റെ നെഞ്ഞത്തേക്കാ?
(രണ്ടാളും അടുക്കുന്നു. ശ്രീധരൻ നടുക്കുനിന്നു സമാധാനിപ്പിക്കുന്നു. അബൂബക്കർ പരിഭ്രമിക്കുന്നു. ആയിഷ എത്തിനോക്കി ‘നന്നായി’ എന്നു കാണിക്കുന്നു.)

(കർട്ടൻ)

## അങ്കം – ഒന്ന്

### രംഗം 3

(നിലം. ആയിഷ കയ്യിൽ കട്ടതട്ടിയുമായി ഒരറ്റത്തുനിന്ന് കട്ടയുടയ്ക്കുന്നു. ഒരു മുറത്തിൽ വിത്തെടുത്ത് മറ്റെ അറ്റത്തുനിന്ന് സുകുമാരൻ വിതയ്ക്കുന്നു. അവർ ഇടയ്ക്ക് പരസ്പരം നോക്കുന്നു. ആയിഷ പെട്ടെന്ന് കട്ടതട്ടി താഴെയിട്ട് കണ്ണിൽ വിത്തുകൊണ്ടുവെന്നു നടിച്ച് കണ്ണുംപൊത്തി നിൽക്കുന്നു. സുകുമാരൻ "എന്തേ" എന്നു ചോദിച്ച് അടുത്തു ചെല്ലുന്നു.)

ആയിഷ : ആളുകളുടെ കണ്ണിലേക്കാ നിങ്ങളുടെ വെതക്കല്?

സുകുമാരൻ : ഓ, നിന്റെ കണ്ണിലായോ, ഞാനതു കണ്ടില്ല; നോക്കട്ടെ. (സുകുമാരൻ അവളുടെ കൈ പിടിച്ചുമാറ്റി കണ്ണുതുറന്ന് ഊതിക്കൊടുക്കുന്നു) (ആയിഷ കണ്ണുതുടച്ച് പുഞ്ചിരിയോടുകൂടി)

ആയിഷ : മതി; പോയി. ബിവരല്ല്യെങ്കിൽ അത് ചെയ്യണ്ടാച്ചുടെ? ഇങ്ങനെയാ ബെതക്കാ?

സുകുമാരൻ : വെതയ്ക്കാൻ വരുമ്പോൾ കണ്ടത്തിൽനിന്ന് കേറി നിന്നൂടെ? വെതയ്ക്കുമ്പോഴാ കട്ട ഒടയ്ക്കാ?

ആയിഷ : ഞാൻ സ്രീധരൻനായരോട് പറയും. ആള്കൾക്ക് കണ്ണും മുക്കുംല്ല്യാഞ്ഞാ കഴിഞ്ഞൂട്വോ?

സുകുമാരൻ : എന്താ പറയ്യാ ഏട്ടനോട്?

ആയിഷ : ആളുകളുടെ കണ്ണിലെയ്ക്കാ ഇബടെ ഒരാള് വെതക്കാന്ന്. (അവൾ വീണ്ടും കട്ടതട്ടുന്നു).

സുകുമാരൻ : എന്നിട്ട് ഇവിടെ ഒരാള് കണ്ണുമിഴിപ്പിച്ച് ഊതി തന്നൂന്നും പറയില്ല്യേ? (ആയിഷ കട്ടതട്ടുമ്പോൾ തെറിക്കുന്ന കഷണങ്ങൾ സുകുമാരന്റെ കാലിന്മേൽ വീഴത്തക്കവിധം തട്ടുന്നു.)

സുകുമാരൻ : ഇതുംകൂടി ചെന്നു പറയണം. ഇവിടെ ഒരാള് ഒരാളടെ കാലൊക്കെ എറിഞ്ഞൊടിച്ചൂന്ന്. പറയില്ല്യേ! പറേണം. ട്ടോ.

ആയിഷ : ഞാൻ നിങ്ങള് പറേണതൊക്കെ പറയാൻ ഇരിക്ക്യാ?

സുകുമാരൻ : (സസ്മിതം) എന്നാൽ ഞാൻ പറയാം. ആയിഷ പറേണതൊക്കെ ഞാൻ പറയാം. എന്താ പറയേണ്ടത്?

ആയിഷ : ആവോ! നിങ്ങൾക്ക് ബർത്താനോം പറഞ്ഞ് നിന്നാമതി. എനിക്കാ ബാപ്പടെ കയപ്പും ബിളീം കേക്ക്ാ. (കട്ട ഉടയ്ക്കുന്നു.) (സുകുമാരൻ വിതച്ചുകയറി നിൽക്കുന്നു.)

ആയിഷ : നിങ്ങടെ പെങ്ങളെന്ത്യേയ്? ഏട്ടനും ബേലും ബാപ്പയും ഒക്കെ ഇപ്പോ കോറോലോ!

സുകുമാരൻ: വരുന്നുണ്ട്; നിങ്ങടെ ഒക്കെകൂടെ. സാ... ന്ന് നടക്കാൻ ആണുങ്ങൾക്ക് കഴീല്യ.

ആയിഷ : അതിന് നിങ്ങളിപ്പൊ ഒരാണാ – ആണുങ്ങള് കണ്ടിലെ കന്നൂട്ട്ണതും ബരമ്പ് കെളക്ക്ണതും. ബെളിച്ചാവ്ണേന്റെ മുമ്പെ തൊടങ്ങീതാ.

സുകുമാരൻ : കട്ട ഒടയ്ക്കണതും. അതും വെളിച്ചാവ്ണേന്റെ മുമ്പെ തൊടങ്ങീതല്ലേ?

(രണ്ടാളും ചിരിക്കുന്നു. വേലുവിന്റെ കന്നുതെളി കേൾക്കുന്നു)

സുകുമാരൻ : ഒരു ക്ഷീണോം ഇല്ലാത്ത മനുഷ്യൻ!

ആയിഷ: നേരാ. സ്രീധരൻനായരും ബാപ്പയും എടക്കൊരു ഭാഗത്ത് ഇരിക്കും. ബേലു ബന്നവഴിക്ക് തൊടങ്ങീതാ കന്നിനെ ഉന്താൻ.

സുകുമാരൻ : ആരാ പുല്ലയെ പൂട്ട്ണത്.

ആയിഷ : ബാപ്പ.

സുകുമാരൻ : അപ്പോ ഏട്ടനാ വരമ്പു കെള്ക്ക്ണത്?

ആയിഷ : അതെ സ്രീധരൻനായരാ ബരമ്പ് കെളക്ക്ണത്. ചെല്ലിൻന്ന്. ഒന്നു സഹായിച്ചു കൊടുക്കിൻന്ന്.

സുകുമാരൻ : എനിക്ക് സാധിക്കില്യപ്പാ, ഈ കൈക്കോട്ടും പിടിച്ച് കുനിഞ്ഞുനിന്ന് കെളക്കാൻ.

ആയിഷ : (അനുകരിച്ച്) എനിക്ക് സാധിക്കില്യപ്പാ, പാട്ടു പാടാനും കറപറാന്ന് എയ്താനും അല്ലാതെ. (രണ്ടാളും ചിരിക്കുന്നു.)

സുകുമാരൻ : അതാ വേലു അടുത്ത കണ്ടത്തിലേയ്ക്ക് വന്നു. നോക്ക് ആയിഷേ, ആ കൊഴുമ്മന്ന്

മണ്ണ് പിന്നാക്കം മറീണത്. ആ പുതുമണ്ണിന്റെ വാസന മയിലനെ ലഹരി പിടിപ്പിച്ചിട്ടുണ്ട്ന്ന് തോന്നും.

ആയിഷ : ഓന്റെ ഒരു കുണുങ്ങല് നോക്കിൻ.

(ആയിഷ കട്ട ഉടയ്ക്കുന്നു. അവൾ പാടുന്നു.)

ബിത്തും കൈക്കോട്ടും
ബിത്തും കൈക്കോട്ടും
ഉഴമ്പടുത്ത കണിനിലത്ത് പുതമയ പെയ്ത്...
ബിത്തും കൈക്കോട്ടും,
ബിത്തും കൈക്കോട്ടും
കൊഴുമ്പിറക്കിപ്പുതിൽമണം ചേർന്നിളകുമീമണ്ണിൽ
പുഴയിലോളക്കളി കണക്കേ നെടിയ ചാലുണ്ടേ; നെടിയ ചാലുണ്ടേ.
ബിത്തും കൈക്കോട്ടും
ബിത്തും കൈക്കോട്ടും

(അവരുടെ പിന്നിലുള്ള കർട്ടൻ പൊന്തുന്നു. താഴ്ത്തിക്കെട്ടിയ പകുതി മറയ്ക്ക് മുകളിലൂടെ കന്നുപൂട്ടുന്ന വേലുവിനെ കാണുന്നു.)

വേലു : മണിയെരുതേ കളികളിച്ച കരിമ്പലിച്ചോ നീ
കൊഴുകൊഴുത്ത താടിയാട്ടി കരിമ്പലിച്ചോ നീ,
ബിത്തും കൈക്കോട്ടും
ബിത്തും കൈക്കോട്ടും.

(പിന്നിലുള്ള കർട്ടൻ താഴുന്നു.)

സുകുമാരൻ : കളകളങ്ങൾ പാറിവന്ന കിളികൾ പാടുന്നു.
ബിത്തും കൈക്കോട്ടും
ബിത്തും കൈക്കോട്ടും.

ആയിഷയും സുകുമാരനും കൂടി:
അകലെ മീതേ പന്തലിച്ച പിച്ചകം പൂത്തു
അതിലിരുന്നോ പാടിടുന്നു മായക്കിളി നീ
ബിത്തും കൈക്കോട്ടും
ബിത്തും കൈക്കോട്ടും

സുകുമാരൻ : അതിന്റെ പിന്നത്തെ വരികളൊന്നും ആയിഷയ്ക്കറീല്ലേ്യ?

ആയിഷ : ഇല്ല. സുകുമാരൻ നായര് പടിച്ച്ട്ട്ണ്ടോ?

സുകുമാരൻ : അരികിലെത്തുദിവ്യഗാന മുഖരവാനത്തിൽ
അലിയുകനാമിരുവരുമാ മധുരരാഗത്തിൽ
ബിത്തും കൈക്കോട്ടും
ബിത്തും കൈക്കോട്ടും

ആയിഷ : ആ ബരി ഞാൻ പാടില്ല. അതാരും പാടാറില്ല.

സുകുമാരൻ : ഞാൻ പാടാറുണ്ട്.

ആയിഷ : അത് നിങ്ങള്പ്പോ ഉണ്ടാക്കി പാട്ണതാ, ആയിസ്സെനെ പറ്റിക്കാനൊന്നും നോക്കണ്ട.

സുകുമാരൻ : ഓ, ഇല്ല മിടുക്കത്തിതന്നെ. (തലയിൽ ഒരു വലിയ പാത്രവും കയ്യിൽ കുറെ പോളകളും ഒരു ചെറിയ ഇലക്കെട്ടുമായി പാർവ്വതി പ്രവേശിക്കുന്നു. ആയിഷ പാത്രം വാങ്ങി താഴെ വെയ്ക്കുന്നു.)

പാർവ്വതി : ഏട്ടൻ ഒരൊറ്റ ഓട്ടം, വിത്ത് തലേലാ എട്ത്ത്വെച്ചിട്ട്. പിന്നെ കാവിടി എടുത്ത ആളെപ്പോലെ.

ആയിഷ : അതു ഞാൻ ബിസ്വസിക്കില്ലാന്നും. അയാള് നടക്കൂല്യാ ഓടൂല്യാ. ഇന്നലെ മോന്തിക്ക് കുടീപ്പൂവുമ്പളേയ്, ബാപ്പ തിരിഞ്ഞ് നിന്ന് ചോതിക്യാ, അപ്പോ കുട്യോളെ ഇങ്ങള് കണ്ടത്തിലക്ക് തന്നെയാ പോണത്ന്ന്. ഇക്കുംകൂടി കൊറമ്പായി.

പാർവ്വതി : എന്നാ ഇന്നെന്തേ ആവോ!

സുകുമാരൻ : (സഗൗരവം) ആ, ഇനി തൊടങ്ങി രണ്ടുംകൂടി കെലകെലാന്ന്. പിന്നെ തലേല് ഒരു ചൊമടുംവെച്ചിട്ട് പാട്ടു പാടിക്കളിച്ചല്ല നടക്കാ. (ശ്രീധരൻനായരും അബൂബക്കറും വരുന്നു. ശ്രീധരന്റെ കയ്യിൽ കൈക്കോട്ടുമുണ്ട്.)

ശ്രീധരൻ : ഇവടിരുന്ന് വർത്തമാനം പറയ്ാണ് അല്ലേ? ഓരോ കട്ടയുള്ളത് ഒടച്ചൂടെ കുട്ടികളേ? (വിത്തു നോക്കി) സുകുമാരൻ, ഇതു മതിയാവില്യ. ബാക്കിയുംകൂടി കൊണ്ടരണം. അധികം സ്ഥലം പൂട്ടീട്ടുണ്ട്.

സുകുമാരൻ : (എഴുന്നേറ്റ്) കൊണ്ടുവരാം (പോകുന്നു.)

(അബൂബക്കറും ശ്രീധരനും അയാളെ നോക്കി നിൽക്കുന്നു. പോയശേഷം)

ശ്രീധരൻ : ചെക്കൻ ആകെ കറുത്തു.

അബൂബക്കർ : നിങ്ങളും പഴേ ആളല്ല. വെയിലുകൊണ്ടിട്ടും കെളച്ചിട്ടും ബശം കെട്ടിരിക്കുന്നു. പക്കെ ഇനി രണ്ടു ദിവസമേ ബേണ്ടു.

ശ്രീധരൻ : സാരല്യ, പാറുക്കുട്ടീ, വേഗം തടകൂട്ട്. (ആയിഷയും പാർവ്വതിയും തടയുണ്ടാക്കുന്നു. ശ്രീധരനും അബൂബക്കറും കാത്തിരിക്കുന്നു.)

(കർട്ടൻ)

## അങ്കം രണ്ട്
### രംഗം–1

(വഴി. ഉച്ചതിരിഞ്ഞ സമയം. രണ്ടു കൃഷിക്കാർ എതിർവശങ്ങളിലൂടെ പ്രവേശിക്കുന്നു. ഒരു വൃദ്ധനും ഒരു ചെറുപ്പക്കാരനും. വയസ്സന്റെ കയ്യിൽ മുടിങ്കോല്. ചെറുപ്പക്കാരന്റെ കയ്യിൽ പൂക്കൊട്ട)

വൃദ്ധൻ : നിങ്ങളെന്റെ മയിലൻ മൂര്യക്കണ്ടോ, വാരരേ!

വാരിയർ : നിങ്ങടെ മയിലൻമൂര്യോ, പറങ്ങോടൻ നായരേ? നിങ്ങക്കേതാ മയിലൻ മൂരി?

പറങ്ങോടൻ : കറത്തേടത്ത്ന്ന് വാങ്ങ്യ മയിലനേയ്! കുറ്റിക്കൊമ്പ്. 137ക ക്ക് വാങ്ങീത്.

വാരിയർ : ഊം. 137 ഉറുപ്പികേയ്. ഉറുപ്പിക എന്താ വെലല്യാത്തതാ? കവിഞ്ഞാ 50 ഉറുപ്പികക്ക്ണ്ട്.

പറങ്ങോടൻ : എത്രയ്ക്ക്? അമ്പതോ? ബാക്കിക്ക് നേദ്യച്ചോറേർക്കും. അമ്പതുറുപ്പികേയ്, ണ്ണോം ണ്ണോം ന്നങ്ങട്ട് 137 എണ്ണം ഇട്ടു കൊടുത്ത്ട്ടേ മൂരിക്കുട്ടീടെ കയറിങ്ങട്ട് അഴിച്ച്യന്നുള്ളു. പറേണു.

വാരിയർ : ഹും. 137 എണ്ണം, കൊള്ളി ഉന്താൻ പോയിട്ട്, കിട്ട്യ കാശേർക്കും. 50ക. കൊടുത്താ അങ്ങനത്തെ രണ്ടെണ്ണത്തിനെ കിട്ടും .....

പറങ്ങോടൻ : ഹെയ് 137 ക. ഞാനാ കൊട്ത്ത്ന്നല്ലെ പറഞ്ഞ്! വാര്രായിപ്പോയലോ? അല്ലെങ്കിണ്ടാർന്നു. കുറ്റാ ഭഗവാനേ മഴല്യാതായത്, മിതുനം കർക്കടകത്തില്?

വാരിയർ : ഹും. ഒരു നൂറ്റിമുപ്പത്തിയേഴിന്റെ ഐരാവതം. എന്റെ ചൂട്ടന്റെ എടത്തു മറിയ്യോ അത്? മഴ ഇല്യാതായീത്രേ. നിങ്ങള് ഉള്ളപ്പൊ കടല് വറ്റും.

പറങ്ങോടൻ : (വിവശനായി) എന്താന്റെ ഭഗവാനേ, ഈ കേക്കണത്. ഏതിന്റെ എടുത്തുവെച്ചാ. എന്താന്നേയ്? ഓനെപ്പോലെ ജില്ല്ജില്ലായി നടക്കണ കന്ന്ണ്ടോ? നിങ്ങടെ ചൂട്ടൻ.

വാരിയർ : നിങ്ങടെ ഒരു മയിലൻ, 25 ഉറുപ്പികക്കില്ല അത്.

പറങ്ങോടൻ : (മയത്തിൽ) നിങ്ങളെന്താ വാരരെ, പറേണ്. എനിക്കെന്താ നൊണ പറഞ്ഞിട്ട് കാര്യം? നോക്കിൻ 137 ക. അങ്ങട്ട് എണ്ണിക്കൊടുത്തു. അധികം പറഞ്ഞാൽ ആരെങ്കിലും തര്വോ?

വാരിയർ : അപ്പൊ എന്റെ ചൂട്ടനോ? 120 ക. ക്ക് വാങ്ങീന്ന് പറഞ്ഞപ്പൊ, അന്ന് നിങ്ങളെന്തേ പറഞ്ഞത്? 20 ക. നഷ്ടായീന്ന് അല്ലെ?

പറങ്ങോടൻ : അതൊന്നല്ല. അത് 120 ക. ക്ക്, തെകച്ചുണ്ട്. കണ്ടാ അറിഞ്ഞൂടെ?

വാരിയർ : എന്നാലോ, നിങ്ങടെ മയിലൻ 137 ക. ക്കുണ്ട്. നല്ല ലക്ഷണൊത്തതാ.

പറങ്ങോടൻ : ആ. അങ്ങനെ പറയിൻ. നിങ്ങടെ വാക്ക് കേട്ടപ്പൊ ഞാൻ തന്നെ ഒന്നു ഞെട്ടി.

വാരിയർ : ഇത് തന്നെയാ അവരവര് സൂക്ഷിച്ച് പറയാഞ്ഞാലത്തെ ഫലം.

പറങ്ങോടൻ : അതല്ലാ, നിങ്ങള് കണ്ടോ മയിലനെ. ഉച്ചാമ്പോ മൊതൽക്ക് തെരഞ്ഞൊടങ്ങീതാ.

വാരിയർ : എവിടാ മേഞ്ഞീര്ന്ന്?

പറങ്ങോടൻ : ആ അവ്വോക്കര്ടെ കണ്ടത്തിന്റെ അടുത്ത്.

വാരിയർ : എന്നാ വേലു പിടിച്ച് ആലേ കെട്ടീട്ടുണ്ടാവും.

പറങ്ങോടൻ : ആലേ കെട്ട്യേ? ഓന്റെ പൂതി ഞാൻ മാറ്റിക്കൊടുക്കും. എന്താ വേലൂന്? ഓന്റെ നെലം അപ്രത്തല്ലെ?

വാരിയർ : ഹും. പറങ്ങോടൻനായർ അറീല്ല അല്ലെ? ഇക്കൊല്ലം വേലും അവ്വോക്കരും പിന്നെന്താ ആ. ഹേ... ആ മരിച്ച ഉണിച്ചുണ്ടൻ നായര്ടെ മര്വോൻ ഇല്ല്യേ. അയാളും കൂടീട്ട് നെലൊക്കെ ഒന്നാക്കീത്രെ. എന്നാലോ, ഈ നാടൊക്കെ ഒണങ്ങീട്ടും കൂട്ടരടെ നെല്ല് നന്നേയ്. കരിമ്പുപോലെ നിൽക്കുന്നു.

പറങ്ങോടൻ : അതാ കാണ്ണ മാതിരി ഒന്നൂണ്ടാവില്യ. തവുട്ടയാ. ഒരു കണ്ടത്തില് 25 ആള് വേണ്ടിവരും. പുലരിക്കാൻ.

വാരിയർ : പുല്ല്! നിങ്ങക്കെന്താ, നെല്ലും പുലരിഞ്ഞൂടെ? കണ്ണിക്കടീണ്ടെങ്കിൽ പാറോത്തിന്റെല ഇട്ട് തിരുമ്പിക്കോളിൻ. ഒന്നാന്തരം നെല്ലാ അത്. അവരുടെ ഭാഗ്യം.

പറങ്ങോടൻ : ഭാഗ്യേയ്. വേസ്ഥല്യാഞ്ഞാ ഒക്കെ ഭാഗ്യം തന്നെയാ. അശ്രീകരങ്ങള്.

വാരിയർ : അതു പറഞ്ഞിട്ടെന്താ, ഇപ്പഴത്തെക്കാലല്ലേ? വേലൂനും ഇപ്പോ അമ്പലത്തിക്കേറാലോ. പിന്നെ ഹിന്തും മാപ്പളേം ഒന്നാവണംന്നല്ലേ എല്ലാരും പറേണ്?

പറങ്ങോടൻ : എന്ത് കാലാ വാരരെ. കാലം മനുഷ്യന്മാർ ഉണ്ടാക്കിത്തീർക്കാ.

വാരിയർ : എന്നാലും വല്ലാത്ത വെള.

പറങ്ങോടൻ : അസുരവെളയാ. കലികാലത്ത് ദുഷ്ടന്മാർക്കാ ഗുണം. പിന്നെ വാരര് ഒന്നാലോചിക്ക്ണ്ണ്ടോ? അതിവെള ആപത്താ.

വാരിയർ : ഊം. അതിവെള ആപത്ത്! ഉണ്ടായാ നല്ലോണം തിന്നാം. അത് തന്നെ ആപത്ത് - ഞാൻ ദാ ഒണങ്ങിക്കരിഞ്ഞ് നിക്ക്ണതങ്ങനെ കണ്ടോണ്ട് വര്ാ. എന്റെ നെലത്തില്.

പറങ്ങോടൻ : എന്റേയോ! ഒക്കെക്കെരിഞ്ഞു. കണ്ടീലെ, 'പേക്കാം' 'പേക്കാം' എന്ന് തവള കരേണ്ട കാലത്ത് വെളുത്തേടന്റെ അറപോലെ അല്ലെ കെടക്കണ്, ആകാശം.

വാരിയർ : അതാണല്ലോ മറ്റുള്ളോരടെ കാണുമ്പൊ ഇത്ര അസൂയ. സഹിച്ചൂടാഞ്ഞ്ട്ടല്ലെ മയിലനെ അവരടെ വെള്ളേല്ക്ക് വിട്ടാക്കീത്? നിങ്ങള് വല്ലാത്തൊരാളും!

പറങ്ങോടൻ : (പതുക്കെ) വൈക്കോലില്ലാ. തിന്നണ്ടേ മയിലന്. 137 ഉറുപ്പികയാ. എത്ര ദെവസാ പഷ്ണി ഇട്ാ. ഞാനാ വിട്ടാക്കി, 'ഇന്നലെ രാത്രി മുഴോനും തിന്നിട്ട്ണ്ടാവും. നഷ്ടൊന്നും വരില്യ, ആലക്കൂലി കൊടുത്താലും,

വാരിയർ : രാത്രി തിന്നാനൊന്നും വേലു സമ്മതിക്കില്ല്യ. അയല് ഒണങ്ങീതോണ്ട് മാറീം മാറീം കാവലാ. വേലൂം ആ ശ്രീധരന്റെ അനുജൻല്യേ, സുകുമാരൻ; ഓനും. മയിലൻ രാത്ര്യന്നെ ആലേലെത്തീട്ട്ണ്ടാവും. കാല് ബാക്കിണ്ടോന്ന് നോയ്ക്കോളിൻ.

പറങ്ങോടൻ : കൊല്ല്ും ഞാനവറ്റെ. നെല്ല് ഞാൻ അരിഞ്ഞിടൊടുക്കും. അശ്രീകരങ്ങള്. (ആലോചിച്ച്) എന്താ വേണ്ട്; ഒരു കൂട്ടുകൃഷീം ഒലക്കേം.

വാരിയർ : അതാ നമ്പ്യാര് വരുന്നു. പോയി ചോക്കിൻ, എന്താ വേണ്ട്ന്ന്.

(നമ്പ്യാർ പ്രവേശിക്കുന്നു.)

നമ്പ്യാർ : (വാരരും പറങ്ങോടൻ നായരും തന്നെ നോക്കുന്നത് കണ്ടിട്ട്) എന്താ.

പറങ്ങോടൻ : അതല്ല, നമ്പ്യാരേ, നിങ്ങളൊരു കുടുമള്ള ജാതിയായിട്ട്!

നമ്പ്യാർ : എന്തേ, ഞാനൊരു കുടുമള്ള ജാതിയായ്തോണ്ട്. എന്റെ കുടുമ മുറിക്കാൻ തന്റെ കയ്യിൽത്തരണോ?

പറങ്ങോടൻ : അതാടോ പറഞ്ഞത്! എന്നോടാ അധികപ്രസംഗം!

നമ്പ്യാർ : പിന്നെ? ഞാനെന്തേ ചെയ്തത്?

പറങ്ങോടൻ : എന്തേ, കണ്ടിലേ! നായരും, മാപ്പളേം, തീയനും കൂടി ഒരു കശ! കൂട്ടുകൃഷ്യാത്രേ. നിങ്ങള് കാണുന്നില്ല്യേ ഇതൊന്നും. നാട്ടാര്ക്ക് കന്ന്നീം വളർത്താൻ വയ്യ. നാട്ടില് ആണ്ങ്ങളില്ലാത്ത കാലം.

നമ്പ്യാർ : അപ്പഴെയ് പറങ്ങോടൻ നായരെ, എന്തുണ്ടായ്യേ പറയിൻ.

പറങ്ങോടൻ : എന്തേണ്ടായ്യേ? ചോയിക്കുന്നു.

വാരിയർ : മൂപ്പരടെ മയിലൻമൂരി അവ്വോക്കരടെ നെല്ലിൽ ചാടിട്ട്ണ്ടാവും. ആലേപ്പിടിച്ച് കെട്ടീട്ട്ണ്ടാവും. അതിന്ള്ള വെളിച്ചപ്പാടാ.

നമ്പ്യാർ : അതിന് ഞാനെന്താ ചെയ്യാ. പോയിട്ട് അന്യായം കൊടുക്കിൻ, മൂരിയെ കടോാണ്ടോയീന്നും പറഞ്ഞിട്ട്. പിന്നെ ആളും മാളും കൂട്യേപ്പോ ആലേക്കൊണ്ടെക്കെട്ടിതാന്ന് സാക്ഷി പറേപ്പിക്കണം.

(പോക്കർ പ്രവേശിക്കുന്നു)

പോക്കർ: എന്താ നമ്പ്യാരേ പറേണ്?

നമ്പ്യാർ : പറങ്ങോടൻനായരടെ മയിലൻമൂര്യെ വേലും ശ്രീധരൻനായരും കൂടി കട്ടൂത്രേ. ആളും മാളും കൂട്യെപ്പൊ ആലെക്കൊണ്ടെക്കെട്ടീത്രേ. അന്യായം കൊടുക്കാനാച്ചാ വെലള്ള ഒരു സാക്ഷീല്യ.

പോക്കര്: അതിനെന്താ, അന്യായം കൊടുത്തോട്ടെ. ഞമ്മ സാക്ഷി പറയാലോ. പിന്നെ വാരരൂല്യേ?

വാരിയർ : അയ്യോ പോക്കരേ. എനിക്ക് കോടതിക്ക് നടക്കാനൊന്നും എട ഇല്യേ? രണ്ടു നേരോം അമ്പലത്തിൽപ്പോണം. എന്റെ ചോറ് അതാ.

പോക്കര് : നിങ്ങക്ക് രണ്ടു നേരേ പോണ്ടൂച്ചോളിൻ, ബാക്കിള്ളോനിക്ക് മുശുമൻ നേരോം പൂട്യേലിരിക്കണം. എന്താ നമ്പ്യാരെ?

വാരിയർ : നിങ്ങക്കെയ്, പീടികങ്ങട് പൂട്ടിട്ടാലും കൺട്രോളൊണ്ട്. കൊറെ കയ്യിലാക്കീട്ട്ണ്ട്. ബാക്കിള്ളോന് അങ്ങനെ ഒട്ടല്ലേനീം.

നമ്പ്യാർ : അതിന് നിങ്ങളും മോശം പുള്ള്യന്നല്ല വാരരെ! ഞാനറീലേ. രണ്ടുപണം പലിശയും രണ്ടരപ്പണം പലിശക്ക് പലിശയും വാങ്ങീതൊന്നും നിങ്ങള് തേവർക്ക് ദാനം കൊടുത്തിട്ടില്യലോ.

(എല്ലാവരും ചിരിക്കുന്നു.)

നമ്പ്യാർ : പിന്നെയ്, ആവശ്യം ഈ കൂട്ടുകെട്ട് അവസാനിപ്പിക്കലാ. ഇത് നല്ലേനല്ലാ. ഒരു വ്യവസ്ഥയും ഇല്യാന്നാ കേട്ട്. ഞാൻ അവ്വോക്കരടെ ആളേര്ന്ന്. ഞാൻ പറഞ്ഞേലും വെല വേലു പറേണേനാ. അപ്പോ ഞാൻ ങ്ങട്ട് വിട്ടു.

പോക്കര് : വേലൂന്റെ വീട്ടിലേള്ളു അവ്വോക്കരക്ക് വേണ്ടത്. അപ്പൊ ഓൻ പറേണതല്ലേ കാര്യം!

(എല്ലാവരും കണ്ണിറുക്കി മുഖത്തോടുമുഖം നോക്കുന്നു)

വാരിയർ : അതാണ്. എന്നാൽ പെറ്റപയ്യിനെ വിലയ്ക്ക് ചോയിച്ചിട്ടും കൊടുക്കാതെ അവ്വോക്കർക്ക് കൊണ്ടെക്കൊടുത്ത്. അവ്വോക്കരടെ കുട്ട്യോള് ചോയിച്ചിട്ട്ണ്ട്ന്നാ പറഞ്ഞ്.

പറങ്ങോടൻ : അവ്വോക്കരുടെ കുട്ട്യോളുടെ മോഹം സാധിപ്പിക്കാൻ ഇവനാ.

പോക്കർ: അത്; പറങ്ങോടൻ നായരെ, ഞാമ്പറഞ്ഞില്ല്യേ?

വാരിയർ : മറ്റെ ചെക്കൻ ഇപ്പോ അവ്വോക്കരുടെ അവടത്തന്നെ ആണത്രെ. ആര്, ആ സുകുമാരൻ.

പറങ്ങോടൻ : എല്ലാം കൂടി ചേപ്ര. ഇവറ്റെ നാടു കടത്തണം.

പാക്കര് : പോക്കര് നാട് കടത്തും, അതില് ഒരുത്തനെ. മാപ്പളില്യേ, ഓനെ. വേസ്ഥല്യാതെ മാപ്പള പെരുമാറിയാ, ഓനെ മാപ്പള തന്നെ നെലക്ക് നിർത്തും. കുടിയിരുപ്പ് ഞാൻ ഒഴിപ്പിക്കും ഓന്റെ. കണ്ടോളിൻ, നിങ്ങള് ഹിന്തുക്കളുടെ കാര്യം ഹിന്തുക്കള് ചെയ്യിൻ. ഞാൻ ബേണ്ടത് സഹായിക്കാം.

നമ്പ്യാർ : അതിന് തന്നേ പറഞ്ഞത് വാരരെ. നിങ്ങളൊരു സാക്ഷി നില്ക്കിൻ. കേസ് റജിസ്ത്ര്ചെയ്താ, വേലും കുടുങ്ങി, ശ്രീധരൻനായരും കുടുങ്ങി. പിന്നാലെ നടക്കും പട്ടി പോലെ.

പറങ്ങോടൻ : ഒന്നു മൂളിൻ വാരരേ. വേസ്ഥല്യാത്തോറ്റെ ഒന്നു പടിപ്പിക്കണം. ഇപ്പോ നമ്മള് പിൻമാറിയാ ഇവറ്റിന്റെ കോൺഗ്രസ്സ് തന്നെ ആവേ്, നാട്ടിലൊക്കെ.

വാരിയർ : നിങ്ങളൊക്കെ പറയാണ്ച്ചാ ഞാനും.

പറങ്ങോടൻ : എന്നാ നമ്പ്യാരെ, അതൊന്ന് എഴ്തിൻ.

നമ്പ്യാർ : (പോക്കരെയും വാരരെയും നോക്കി കണ്ണുകാണിച്ച്) പറങ്ങോടൻനായരെ, എഴ്താൻ തൊടങ്ങണങ്കില് തല ഒന്നു തിര്യേണം. വല്ല വഴീണ്ടോ ഇവടെ എങ്ങാനും.

പറങ്ങോടൻ : ന്റെ നമ്പ്യാരേ, തലതിര്യേണച്ചാപ്പൊ കൊട്ടപ്പാലം ചുറ്റെന്നെ വേണം. കോൺഗ്രസ്സ് അതും കുന്താക്കീലെ. (എല്ലാവരും ചിരിക്കുന്നു)

(കർട്ടൻ)

## അങ്കം രണ്ട്
## രംഗം – 2

(കൃഷിസ്ഥലത്തിന്നടുത്ത വഴി. ചക്കിയും നീലിയും ഇരുവശങ്ങളിൽ നിന്നു പ്രവേശിക്കുന്നു. രണ്ടു കളപറിക്കാരികൾ)

ചക്കി : ഇതാടീ ഇപ്പൊ കുതൂഹലം. ഓററങ്ങളൊട്ട് കുലീം തരില്ല. തരുണോരടെ പണിക്ക് പുഗ്ഗാനും പാടില്ലാത്രെ.

നീലി : ആരാന്നേ കൂലിതരാത്ത്?

ചക്കി : ആര്! പോക്കരാപ്ലതന്നെ.

നീലി : എന്നാ, ങ്ങള് പോണ്ടാ

ചക്കി : പുഗ്ഗാഞ്ഞാ പററ്വോ? കുടീക്കെടന്ന് പൊറുക്കണ്ടെ? ഓററങ്ങടെ പറമ്പിലല്ലേ ഒരു മാടം വെച്ചു കെട്ടിരിക്കണ്!

നീലി : ആരടെ പണിക്കാ പോണ്ടാ പറഞ്ഞ്?

ചക്കി : അയ്യോക്കരാപ്ലടെ പണിക്ക്. നാലണേം തരും ഉച്ചപ്പററും തരും. ഇന്നലെ ഒന്നു പോയ്യോക്കി. ന്റെ മാളോരെ, ഇനി എങ്ങാനുണ്ടോ ഒരു മാമാങ്കം? മാപ്പള വന്ന് തെരക്കും പടേം. ഒടമ്പരാനേ! തള്ളേം കുട്ട്യോളും കെടന്ന് ഒരു നെലോളി.

നീലി : ഇന്നിട്ട്?

ചക്കി : ഇന്നിട്ടോ? കൂലി തരാതെ പണിക്ക് ബരില്ലാന്ന് ഞാനും. എന്റെ പണിക്ക് ബന്നില്ലെങ്കിലും ബേണ്ടില്ല, ആ അറാംപെറന്നോന്റെ പണിക്ക് പോവല്ലേ ചക്യേന്ന് മാപ്പള. എന്ത്ര്ത്താ ഒരു കുതുകം!

നീലി : അതിന് പോക്കരാപ്ലേ പറേണ്ടാന്നെയ്. അവ്വോക്കരാപ്ലെടെ പണിക്ക് പൊന്നു കെട്ടിത്തന്നാലും മനുശ്യന്മാരാരും പുഗ്ഗില്ല.

ചക്കി : എന്താടീ പോയാല്?

നീലി : പോയാലോ. നിജ്ജ് പുഗ്ഗും. അനക്ക് വേസ്ഥല്യ. വയറ് വയറ്ന്ന് പറഞ്ഞ് നടന്നാപ്പോര. ആ തമ്പരാക്കന്മാർ ചവിട്ട്യ മണ്ണില് അപ്പ മെളാക്കില്യടീ അറിയ്യോ?

ചക്കി : അതൊക്കെ ചെരിയന്നാ; വേസ്ഥല്യ. അത് ചക്കീം പറേം. അയിന് കൂലി തന്നിട്ട് പണി എട്ക്കണേന് എന്ത്ര്ത്താന്നെയ്.

നീലി : കൂലി! ഈററും മാററും മൊടക്യ വകയാന്നേയ് ഓററ. ഒറ്റങ്ങടെ പണിക്ക് മന്ശ്യൻ പൂവ്വോ?! വാര്യേത്തെ തമ്പ്രാന്റെ പണിക്കാ, ഞാമ്പോണ്. തമ്പ്രാന് പണീല്ലെങ്കില് വേറെ വല്ലോർക്കും പുഗ്ഗും. അതുല്യെങ്കില് കുടീലിര്ന്ന് ഈര് എടുത്തുന്നെ ബരു.

ചക്കി : എന്താണ്ടി മോന്തിക്ക് ചിയ്യാ, മയ അങ്ങനെ അടച്ച് പുടിച്ച് നിക്കാ. തിന്നാല്യാത്ത കാലം. ചെക്കനാച്ചാ ബയററന്ന് പോക്ക്. ഇദോക്ക്, ഇത്തിരി കശായം അനത്തിക്കൊടുക്കാനാച്ചാ ചില്ലൊന്ന്ണ്ടോ മര്ന്ന് വാങ്ങാൻ?

നീലി : അനിക്കിപ്പോ മരുന്നും മന്ത്രോം ല്യാഞ്ഞ്ട്ട്. ഇന്റോടെ തീപ്പൂട്ടി ത്തിരിവെള്ളം തെളപ്പിച്ച് ദെവസം മൂന്നായി. എന്ന് വെച്ചിട്ട് മാപ്പളേം ഹിന്തും വേസ്ഥല്യാതെ കയ്ഞ്ഞൂട്ണ കൂട്ടത്തിലങ്ങ്ട് ചേര്ാ. (വേലു പ്രവേശിക്കുന്നു)

വേലു : ആ ചക്യല്ലേ! നടന്നോ. നമ്മടെ കണ്ടത്തിലക്ക് എറങ്ങിക്കോ. മറ്റോരൊക്കെ എവടെ?

ചക്കി : ചക്കിക്ക് തരല്യ ചോനാരേ, ചക്കിക്ക് വേറെ പണീണ്ട്.

വേലു : ഞാനിന്നലെ പറഞ്ഞിലെ നിന്നോട്.

നീലി : ങ്ങളാരാ, ഇബടത്തെ തമ്പ്രാനോന്ന്വല്ലല്ലോ. അട്യേങ്ങള് പോക്കരാപ്ലടെ പണിക്ക് പൂവ്വാ. (രണ്ടാളും പോകുന്നു. വേലു മിഴിച്ചു നില്ക്കുന്നു.)

(അബൂബക്കർ വരുന്നു)

അബൂബക്കർ : എന്താ വേലോ നിജ്ജ് അന്തം വിട്ട് നിക്കണ്?

വേലു : ഹും, ഒന്നും പറയണ്ടാ മാപ്പളേ. വിളിക്ക്ണോര് വിളിക്ക്ണോര് തിരിഞ്ഞ് നടക്കാ. പുല്ലാണെങ്കില് എമ്പാടും. അത് നമ്മള് പറഞ്ഞാ കേറിപ്പൂവ്വോന്ന് ആലോചിക്കേയ്.

അബൂബക്കർ : അമ്പത് ആള് വേണംന്നാ ഇന്നലെ സ്രീതരൻ നായരുടെ കണക്ക്. ഞാൻ പറഞ്ഞി, കെഴക്ക്ന്നങ്ങട്ട് തൊടങ്ങ്ാ. പടിഞ്ഞാട്ടെത്തുമ്പളക്ക് ബെള്ളം കൂടും. അപ്പൊ എടവാരി അങ്ങട്ട് പുഗ്ഗാംന്ന്.

വേലു : സമ്മതിക്കില്ലല്ലോ സ്രീതരൻ കമ്മള്. ഒക്കെ വിസ്തരിച്ചിട്ടാ. പറേണതൊക്കെ ഇത്തിരി ഒക്കുണൂണ്ട്. ഇതൊക്കെ എവ്ട്ന്നേ പടിച്ച് ആവോ! മുമ്പ് പരിജല്യാന്ന് തോന്നില്യ.

അബൂബക്കർ : അത് പുത്ത്യാ ബേലോ. പക്കെ. ഇതിന്ന്പ്പോ ആളെന്നെ ബേണലോ. (ദൂരെനോക്കി) ആ, അതാ ബെര്ന്ന് രണ്ട് പെണ്ണുങ്ങള്.

വേലു : നിങ്ങളെന്നെ വിളിച്ചോക്കിൻ, ഇനിക്ക് മതിയായ്ക്ക്ണ്.

(പാത്തുമ്മയും കുറുമ്പയും പ്രവേശിക്കുന്നു. മറ്റു രണ്ടു കളപറിക്കാരികൾ)

അബൂബക്കർ : ആ നടന്നോളിൻ നമ്മുടെ ഒഭേത്തിലക്ക്. നന്നാലണേം; ഉച്ചപ്പറ്റും.

ഉമ്മ : അണോണ്ടൊന്നും തരക്കടില്ലലോ. പക്കേങ്കില് ഞങ്ങക്കാർക്കും പാങ്ങില്യ.

അബൂബക്കർ : അതെന്തെയ്?

ഉമ്മ : ഞങ്ങളോട് ബാരരേമാൻ പറഞ്ഞെടക്കണ്, നിങ്ങടെ പണിക്ക് ബരര്ത്ന്ന്.

അബൂബക്കർ : അതെന്താ. ഞമ്മള് കായി അല്ലെ തര്ണ്.

ഉമ്മ : കായിണ്ടായാ ഒക്കെ ആയോ? നിങ്ങക്കൂല്യ പറേം പോലെ ഒരു ബേസ്ഥം ബെള്ള്യാച്ചീം.

കുറുമ്പ : (മുമ്പോട്ടുവന്ന്) ആരടെ പണിക്കാ വരണ്ട്. മാപ്ളടെ പണിക്കോ, തീയന്റെ പണിക്കോ, അതോ നായന്മാരുടെ പണിക്കോ! അത് തീർച്ചപ്പെടട്ടെ ആദ്യം. മ്പക്ക് പുഗ്ഗാന്നേ.

(ഉമ്മയേയും കൂട്ടി പോകുന്നു.)

(വേലു അബൂബക്കറുടെ മുഖത്തുനോക്കി ചിരിക്കുന്നു. അബൂബക്കറുടെ മുഖം ക്രമേണ ശാന്തമാവുന്നു. അവിടെ ഒരു ഹാസ്യം മാത്രം അവശേഷിക്കുന്നു.)

അബൂബക്കർ : (സഹാസം) അനക്ക് ഇപ്പോ ഈ കാലല്ലാകാലത്ത് മാർഗ്ഗം കൂടാൻ ബയ്ക്കൊ ബേലോ?

വേലു : ഇനി ആരെം വിളിച്ചിട്ട് കാര്യല്യ. നാടാകെ തിരിഞ്ഞിരിക്ക്ണ്.

അബൂബക്കർ : അതിന് ഞമ്മള് ബല്ലാർക്കും ബല്ലതും ചെയ്തോ ബേലോ?

വേലു : ചെയ്തിട്ട് ബേണോ മാപ്പളെ? കണ്ണുകടിക്ക് കാരണം വേണോ? കണ്ടിലേ, ഇത്തിരി പച്ച നമ്മടെ കണ്ടത്തിലല്ലേള്ളൂ. മറ്റതൊക്കെ മൊളേല്യാതെ ഉള്ളത് ഒണങ്ങിത്തുളിച്ച് നിക്ക്ണ് കണ്ടിലേ?

അബൂബക്കർ : കാര്യം ഇപ്പോ ഇത് ബസളാവ്വാലോ പടച്ചോനെ! (ശ്രീധരൻ നായർ വരുന്നു)

ശ്രീധരൻ : എന്തേ ആളെ ഒന്നും കിട്ടീലേ?

വേലു : ഹും. വിളിക്ക്ണോര് ഒക്കെ തിരിഞ്ഞ് നിക്ക്ണലോ! നമ്മളെ പറ്റിച്ചിരിക്ക്ണ്.

ശ്രീധരൻ : അതെനിക്കും തോന്നി. ഞാനും കുറച്ചാളെ വിളിച്ചു. അപ്പോഴാ, നാടാകെ നടന്നു മുടക്കീതാണെന്നു മനസ്സിലായത്.

അബൂബക്കർ : കാര്യം കുടുങ്ങ്യോലോപ്പൊ. കുട്ട്യേ.

ശ്രീധരൻ : സാരല്യ. നമ്മളുടെ വീട്ടിലുള്ളാരൊക്കെ പറിക്കട്ടെ. വിവരം കേട്ടപ്പൊ അമ്മയുണ്ട് പുറപ്പെട്ടിട്ട്. വേലൂന്റെ വീട്ടീന്നും എല്ലാവരും പോന്നിട്ട്ണ്ട്. അവരവർ പണിയെടുക്ക്ാ. അതാരും തടസ്സപ്പെടുത്ത്ല്ലലോ.

അബൂബക്കർ : അപ്പഴേയ്, അമ്മ ബേണ്ട. എടത്തിലെ മൂത്തമ്മ കണ്ടത്തിലെറങ്ങരുത്, അവ്വോക്കരടെ കണ്ണ് കൂടണ വരെ.

വേലു : അത് ശരിയാ വല്യമ്രാളങ്ങട്ട് പോയ്ക്കോട്ടെ. കീഴ്ക്കടെ ഉണ്ടായിട്ടില്ല്യ അത്.

ശ്രീധരൻ : ഞാനത് പറഞ്ഞു. പക്ഷേ കീഴ്ക്കടെ ഉണ്ടായിട്ടില്ല്യ, നമ്മടെ ഒഭയത്തിലേക്ക് ആളെ വിളിച്ചിട്ട് വരായ എന്നാ പറഞ്ഞത്. നടക്കട്ടെ, നമ്മള് പുതുമയ്ക്ക് എറങ്ങിയോരാ. അപ്പൊ പഴമ കൊറച്ചൊക്കെ അങ്ങുപോവും.

വേലു : (നെഞ്ഞത്ത് കൈവെച്ചിട്ട്) ഓ, ഈ കള ഉണ്ടോ മന്ശ്യൻ പറിച്ചാ നീങ്ങുന്നു.

അബൂബക്കർ : വേലോ. അന്തം വിടണ്ട. എല്ലാ കളയും പടച്ചോൻ പറച്ചിടും, നോക്കിക്കോ.

(അകത്ത് നിന്ന് കളപറിപ്പാട്ടു കേൾക്കുന്നു. രണ്ടാമത്തെ കർട്ടൻ പൊന്തുന്നു. അവിടെ സുകുമാരൻ നിൽക്കുന്നു. ആയിഷ, പാർവ്വതി, അമ്മ, വേലുവിന്റെ മക്കൾ ഇവരെല്ലാവരും കള പറിക്കുന്നു. ആയിഷ പാടുന്നു. പാർവ്വതി ഏറ്റുപാടുന്നു.)

മാറ്റാനെയാട്ടിക്കളഞ്ഞവര്
നാട്ടിനടിമത്തം തീർത്തവര്
നമ്മളെദ്ദാരിദ്ര്യച്ചേറ്റിൽനിന്നും
സമ്പത്തിൻ താഴ്‌വര പൂകിച്ചോര്
നായും നരിയുമായ് വീണുപോയ
നാല്പതുകോടി മനുഷ്യന്മാരെ
ലോകത്തിൻ മുമ്പിൽത്തലയുയർത്തി
മാനത്തിൽ നിൽക്കാൻ തുണച്ചവര്
ദുഷ്ടന്റെ കൈത്തോക്കിൻ മുമ്പിൽപ്പോലും
തുഷ്ടിയോടീശനെ വാഴ്ത്തിയോര്
നമ്മളശ്ശിഷ്ടന്റെ പിൻമുറക്കാർ
നമ്മളശ്രേഷ്ഠന്റെ സ്വന്തമാൾക്കാർ
നമ്മൾക്കു വേണ്ടിജ്ജനിച്ചു ഗാന്ധി
നമ്മൾക്കു വേണ്ടി മരിച്ചു ഗാന്ധി
നമ്മൾക്കുവേണ്ടിയാപ്പുണ്യവാന്റെ
പൊന്മെയ്യിൻ ചാമ്പലീയാറ്റിലുണ്ടേ
നമ്മളക്കാലടിപ്പാടു തന്നെ-
യുണ്മയിലെപ്പോഴും പിന്തുടരും
നമ്മളശ്രേഷ്ഠന്റെ പിന്മുറക്കാർ
നമ്മളശ്ശിഷ്ടന്റെ സ്വന്തമാൾക്കാർ.

അബൂബക്കർ: അപ്പോഴേ ബേലോ, ഇതൊരു മന്തിരം പോലേ.

വേലു : അതുതന്നെയാ മാപ്പളെ ബേലും ഓർക്ക്ണ്. ഇപ്പാട്ടങ്ങട് പാടി നമ്മളാക്കളയാ പറിച്ചാൽ അന്ത്യാവുമ്പഴക്ക് ഒരൊടിയങ്ങട്ട് കേറ്റാം. വരീൻ.

(എല്ലാവരും പുല്ലു പറിക്കാൻ ഇരിക്കുന്നു.)

(കർട്ടൻ)

## അങ്കം രണ്ട്
## രംഗം 3

(അബൂബക്കറുടെ വീട്. പ്രഭാതം. അബൂബക്കർ കട്ടിലിൻമേൽ ഇരിക്കുന്നു. ആയിഷ ഉന്മേഷരഹിതയായി നിന്നു പരുങ്ങുന്നു. അവൾ വാതിലിന്നടുത്തും തൂണിന്നടുത്തും ചെന്നു നില്ക്കുന്നു. ഇടക്കിടെ എന്തോ അവയോട് മന്ത്രിക്കുന്നു.)

ആയിഷ : (ആത്മഗതം) പൂവ്വായി, ങ്ങളെ ഒക്കെ പെരുത്ത് സ്നേഹിച്ചി.

അബൂബക്കർ: (തിരിഞ്ഞുനോക്കി) മോളേ, ആയിസ്സേ!

ആയിഷ : (അടുത്തുവന്നു നില്ക്കുന്നു. കണ്ണിൽ വെള്ളം നിറഞ്ഞിരിക്കുന്നു. മിണ്ടുന്നില്ല. ബാപ്പ മകളുടെ തലയിൽ കൈവെച്ച് പതുക്കെ തലോടുന്നു. അയാളുടെയും കണ്ഠം വിറയ്ക്കുന്നു.)

അബൂബക്കർ : വെസനിക്കണ്ട മോളേ. പടച്ചോൻ ബരുത്ത്ണേന് ഒയിവുണ്ടോ?

ആയിഷ : (മുഖമുയർത്തി) ബാപ്പാ, മ്മളെങ്ങട്ടാ പുവ്വാ. കറത്തും മുടീടല്ലേ ബര്ണ്. (മുഖംതിരിച്ച് കണ്ണീരൊപ്പുന്നു) ഉമ്മ ഇണ്ടലോ ബയ്യാതെ. ഇക്ക് അതാ.

അബൂബക്കർ : കാലല്ലാകാലത്ത് ഒരു മയേം. ശിച്ചിച്ചേമ്മ്ല് ശിച്ചിച്ചേയ്രിക്ക്വോ പടച്ചോൻ! എന്നാലും നമ്പ്യാര് ബല്ല ബീടും നോക്കി വരും.

ആയിഷ : ബാപ്പാക്ക് ഇപ്പളും നമ്പ്യാരെ ബിസ്വാസാ!

അബൂബക്കർ : ബിസ്വസിക്കല്ലാതെ എന്താ മോളെ ചെയ്യാ?

ആയിഷ : അജ്ജാളല്ലെ നമ്മളെ പറ്റിച്ചി ബാപ്പാ?

അബൂബക്കർ : പറ്റിച്ചേന് പടച്ചോൻ കൊടുത്തോട്ടെ. നമ്മള് മനിശ്യന്മാരെ ബിസ്വസിക്ക്വാ. കാണ്ണ മനിശ്യനെ ബിസ്വസിക്കാത്തോൻ കാണാത്ത പടച്ചോനെ ബിസ്വസിക്ക്വോ?

ആയിഷ : (ഒരറ്റത്തേയ്ക്കു നോക്കി) ഈ പടീടെ ചോട്ടിലിര്ന്ന്ട്ട് ഞാനും ഇക്കായും കൂടി എത്ര കളിച്ച്!

അബൂബക്കർ : അതൊന്നും നെനക്കണ്ട മോളെ. പെറന്ന സ്ഥലല്ലേച്ച്ട്ട് ബറം പിടിച്ച കാലത്തും ബിറ്റില്ല.

ആയിഷ : നമ്മക്ക് ഇതലും ബറുണ്ടർന്ന്വോ ബാപ്പാ?

അബൂബക്കർ : ഹും. നെന്റെ ഉമ്മാനെ കല്യാണം കയിച്ച് കൊണ്ടന്ന കൊല്ലം. അന്ന് ബാപ്പ്യാണ് കാര്യം നോക്ക്ണ്. ബാപ്പാന് ഒരു ബാറണ്ട്. ജേലിലേക്ക് കൊണ്ടോമ്പോ ഞാൻ പറഞ്ഞി ഈ കുടി എയ്തിക്കൊടുക്കാന്ന്. ജേലി കെടന്നാലും ഇരിക്കക്കൂര കളഞ്ഞൂട മോനേന്ന് പറഞ്ഞി ബാപ്പ (കണ്ണീര് വടിച്ചുകളഞ്ഞ്) ഇപ്പൊ എന്റെ കാലത്താ, അതും പോണ്.

ആയിഷ : ജന്മി ഒയിപ്പിക്കണേന് എന്താ ബാപ്പാ ശെയ്യ്വാ. (രണ്ടാളും തെല്ലിട നിശ്ശബ്ദരാകുന്നു) ആ ചെന്തെങ്ങിന്റെ തയ്യ് കൊല ഇട്ടു. ഇനി ആരാണാവോ നോക്ക്വാ.

അബൂബക്കർ : (മകളുടെ കയ്യ് പിടിച്ച്) ഓ, അതിന് ബള്ളം കോരിക്കോരി എത്ര ബലഞ്ഞൂന്റെ മോള് (തെല്ലിട നിശ്ശബ്ദം. പിന്നീട് ഗൗരവത്തിൽ) മോളേ, പോണേനെപ്പറ്റി ബസനിക്കണ്ട. നെണക്ക് ബേണ്ടത് പടച്ചോനെക്കൊള്ളെ ചോയിച്ചോ. ഇതൊക്കെത്തന്നോന് ഇനീം തരാൻ കയീം. (സ്വരഭേദത്തോടെ) മോളേ, ആമീനും മറ്റും ബര്ാച്ചാ നിജ്ജ് നെലോളിക്കല്ലെ! അത് നമ്മക്ക് കൊറബാ.

ആയിഷ : ആ ശ്രീധരൻനായരോട് പറഞ്ഞോ ബാപ്പ?

അബൂബക്കർ : പറഞ്ഞില. ശ്രീധരൻനായര്ന്റെ കുട്ട്യേപ്പോലാണെങ്കിലും തോറ്റൂന്നങ്ങ്ട്ട് പറയാൻ നാപ്പേര്ണ്ല്യ.

ആയിഷ : ഇക്കായോട് പറേംപോലെന്നെ അജ്ജാളോടും പറയാം ബാപ്പ.

(നമ്പ്യാർ വരുന്നു. മുഖത്ത് ഗൗരവം. കസേരയിൽ ഇരിക്കുന്നു.)

നമ്പ്യാർ : ഇന്നലേം ഇന്നുംകൂടി ഒരു മുപ്പത് പടിയായി കേറിഎറങ്ങുണു.

അബൂബക്കർ : ഇന്ന്ട്ട് വല്ലതും തരായ്യേ്യാ? എങ്ങട്ടാ എറങ്ങ്വാ!

നമ്പ്യാർ : ഒന്നും തരായില. ഈ മഴക്കാലത്ത് ഒരാള് ഒഴിഞ്ഞിട്ട് വേണ്ടേ, മറ്റൊരാൾക്ക് പെര കിട്ടാൻ! (സൗഗരവം) ഞാൻ പറയ്വാ, നിങ്ങള് പോക്കരോട് തന്നെ പറഞ്ഞാ ഇത്തിരി എടകിട്ടും എന്നാ.

അബൂബക്കർ : അതു പോട്ടേന്ന്. അന്ന് ഞമ്മക്കാ വഴിക്കെടന്നിട്ടങ്ങ് തീരാം.

നമ്പ്യാർ : വാശി നന്നല്ല മൊതലാളീ. വാശിക്ക് നാശം ഫലം.

അബൂബക്കർ : (നിശ്ശബ്ദനായിരുന്ന് ആലോചിച്ചിട്ട്) അല്ല നമ്പ്യാരെ, എല്ലാർക്കും കുടിയിരുപ്പിന് ജന്മം കിട്ട്വോലോ, ഞമ്മക്കെന്തേയ്!

നമ്പ്യാർ : (ഭാവംമാറി) ആവോ, എനിക്കറീല്യ. ഇതാണ് കേസിന് നിങ്ങൾതന്നെ പോണമെന്ന് ഞാൻ പറഞ്ഞത്. കേസ്സ് തോറ്റപ്പോ പല സംശയോം ആയിലേ?

അബൂബക്കർ : സംശയിച്ചതല്ല നമ്പ്യാരെ. സംഗതി അറിയാലോച്ചിട്ടേ, തരണ്ടെങ്കിൽ ആമീനോട് പറഞ്ഞ്വോക്കാലോ!

നമ്പ്യാർ : പറഞ്ഞു നോക്കിൻ. നിങ്ങക്ക് വല്ല രക്ഷയും കിട്ടാണ്ടെങ്കില് നല്ലത്തന്നെ. അതും എന്നെ ഏല്പിച്ചിട്ട് ഇനി ഞാൻ പണം വിഴുങ്ങീന്ന് പറയാനും ആള്ണ്ടാവും.

അബൂബക്കർ : നിങ്ങള് ബെറുക്കനെ സംശയിക്യാ, നമ്പ്യാരേ.

നമ്പാര്യ : എന്തായാലും ഗ്രഹപ്പിഴക്കാരുടെ കാര്യം തൊട്ടാൽ തൊട്ടോരും കുടുങ്ങി.

(ആമീനും പോക്കരും വരുന്നു. ആയിഷ അകത്തേയ്ക്കു പോകുന്നു. ആമീൻ കസേരയിൽ ഇരിക്കുന്നു. പോക്കർ നില്ക്കുന്നു.)

അബൂബക്കർ : (പോക്കരോട്) ഇരിക്കിൻ.

(പോക്കര് ഇരിക്കുന്നു)

ആമീൻ : (നമ്പ്യാരോട്) അ; നമ്പ്യാരോ! ഭാഗ്യമുള്ള ആളുതന്നെ.

നമ്പ്യാർ : അതേ ആമീനേ, ഇപ്പൊ കഷ്ടത്തിലായോർക്കൊക്കെ ഭാഗ്യള്ളോര് എന്നാണലോ പേര്.

ആമീൻ : (അബൂബക്കറെ ചൂണ്ടി) ഇതാ, ഈയാളല്ലേ പ്രതി?

നമ്പ്യാർ : അതേ. നില്ക്കട്ടെ, ആമീനേ.

(നമ്പ്യാര് പോക്കരൊന്നിച്ച് ഒരറ്റത്തേക്ക് നീങ്ങിനിന്ന് സ്വകാര്യം പറയുന്നു)

ആമീൻ: (അബൂബക്കറോട്) അപ്പോൾ ഇത് നടത്താൻ കല്പനയുണ്ട്. സാമാനാം ഒക്കെ ഒഴിക്കണ്ടെ?

അബൂബക്കർ : ഒട്ട് ഉച്ചാമ്പളക്ക് ഒയിക്കാം ആമീനെ. അപ്പൊ ഒര് തോർച്ചണ്ടാവോലോ,

(നമ്പ്യാരും പോക്കരും മുൻസ്ഥാനത്ത് വന്നിരിക്കുന്നു)

നമ്പ്യാർ : (ആമീനോട്) ഒരു മദ്ധ്യസ്ഥാലോചനയാ.

ആമീൻ : അങ്ങിനെ ആകട്ടെ.

നമ്പ്യാർ : (അബൂബക്കറോട് ) അപ്പഴേയ്, കാര്യം എറങ്ങാതെ കലാശിപ്പിക്കാമെന്ന്. പക്ഷെ, പോക്കർക്ക് നിങ്ങളങ്ങട്ടും ഒരുപകാരം ചെയ്യണമെന്നാ, എന്താ?

അബൂബക്കർ : (സാത്ഭുതം) എന്താ ബേണ്ടത്ച്ചാ ചെയ്യാലോ!

പോക്കര്: ഇഷ്ടമുണ്ടെങ്കിൽ ചെയ്താ മതിച്ചോളിൻ. ഈ കുടിയിരുപ്പിന് കച്ചീട്ടെയ്തിക്കോളിൻ. ഒയ്യേണ്ട. ആ ശ്രീതരൻനായര്ടെ നെലംല്യേ! അത് എന്റെടുത്താ. എനിക്കു അതിമ്മ്ലിത്തിരി കണ്ണ്ണ്ട്ച്ചോളിൻ. അത്ങ്ങട്ട് തീര്തരണം പുടിപ്പത് വെലക്ക് തന്നാമതീച്ചോളിൻ.

നമ്പ്യാർ : എന്താ മൊതലാളി, കൊടുത്തേക്കിൻ. വെറുമ്പാട്ടല്ലേ? നിങ്ങൾക്ക് ഇവിടെ അടുത്ത് നിലം വാങ്ങിത്തരാം.

പോക്കര്: ഇതാ ഈ പടിക്കലത്തെ നെലം തന്നേച്ചോളിൻ. ശ്രീതരൻനായര്ടെ നെലത്തെക്കാട്ടീലും ഇച്ചിരിപ്പോറം അതികേണ്ടാവൂ.

അബൂബക്കർ : അതിപ്പൊ എന്റെ മാത്രം കൈവഷല്ലല്ലോ, നമ്പ്യാർക്കറിഞ്ഞൂടെ? ഈ പുകില് ഞാനും ശ്രീതരൻനായരും വേലൂം കൂടിയാ നടന്നത്.

പോക്കര്: അപ്പോ കൈവഷക്കാര് പെരുത്തുച്ചോളിൻ.

നമ്പ്യാർ : അന്നും പറഞ്ഞിലേ ഞാൻ. പറഞ്ഞന്തി, ശ്രീധരൻ നായര് പറ്റിച്ചില്ലേ? അവര്വരടെ കൈവശം ഉണ്ടാർന്നത് അവരവർക്ക് ഒന്നും ചെയ്യാൻ വയ്യാന്നായീലേ! (ആലോചിച്ച്) ആട്ടെ അതിനും വഴീണ്ട്. നിങ്ങടെ അവകാശം കൊടുത്തേക്കിൻ. ശ്രീധരൻ നായരായിട്ട് പോക്കര് നോയ്ക്കോളും.

പോക്കര്: ശ്രീതരൻ നായരൊന്നും പോക്കരടെ അട്ത്ത് കളിക്കില്ലാച്ചോളിൻ. ആയാള് കണ്ടത്തിലേക്കങ്ങട്ട് എറങ്ങില്ല. എല്ലെങ്കിലോ, ഈ വെള കൊയ്യാൻ ഉള്ളതല്ലേ!

ആമീൻ : കാര്യം തീരട്ടെ, അബൂബക്കറെ; എങ്ങിനേങ്കിലും ബാപ്പ കാരണോന്മാരായിട്ട് ഉണ്ടാക്കിയ കുടിയിരുപ്പ് ഒഴിപ്പിക്കണ്ടാന്ന് വിചാരിക്കുമ്പോ... പോക്കര് നല്ലോനാ.

നമ്പ്യാര്: കുട്ട്യോളടെ കയ്യുംപിടിച്ച് ഈ പെരും മഴേത്തങ്ങിനെ എറങ്ങിപ്പോണത്

ബാക്കിള്ളോർക്ക് കാണാതെ കഴിയേലോ.

അബൂബക്കർ : (ആലോചിച്ച്) അത് ഞാൻ ശെയ്യില്യ. ആ കുട്ടി എന്നെ ബിസ്വസിച്ചിട്ടാ ഈ ഏർപ്പാടൊക്കെച്ചെയ്തത്. അവറ്റക്കും വേറൊന്നുല്യേനീം. ഞാനിപ്പോ ഇത് ചെയ്താൽ കൊലച്ചതി ആവും.

പോക്കര് : അപ്പൊ, അനക്കൊരു കാഫറിനെ സഹായിക്കണം എന്നേള്ളു അല്ലേ? അന്റെ സ്വന്തം കുട്ട്യോളടെ കാര്യല്ല. എനിക്ക് പടച്ചോന്റെ മുമ്പില് കുറ്റല്യാച്ചോളിൻ.

അബൂബക്കർ : കാഫറ് എന്നൊന്നും പറേല്ലേ പോക്കരെ. ആരാ കാഫറ്, ആരാ ഇസ്ലാംന്ന് ഒടുക്കത്തെ നാളിത്തന്നേ തിരീള്ളു.

പോക്കര് : എന്നാ എറങ്ങിക്കോ. (ആമീനോട്) എനിക്ക് ബസ്തു നടത്തിത്തരണം.

ആമീൻ : ഈ സ്ഥിതിക്ക് നിങ്ങൾ ഒഴേണ്ടിവരും.

അബൂബക്കർ : ഒട്ടുച്ചാമ്പളക്ക് സ്ഥലൊഴിഞ്ഞ്തരാം. ആ ബേലൂങ്ങ്ട്ട് ബന്നോട്ടെ.

നമ്പ്യാർ : വേലൂന്റെ കയ്യിലുണ്ടോ പെര. വെറുതെ മിനക്കട്.

പോക്കര് : അല്ല, ഇനി ബേലാച്ചോളിൻ നാട്ടിലത്തെ ബല്യേ ജന്മി!

നമ്പ്യാർ : (എഴുന്നേറ്റ്) ഞാൻ പറേണ്ടത് പറഞ്ഞു. വാശിക്ക് നാശാ ഫലം. ഏതായാലും എറങ്ങിപ്പോണ്ത് കാണാൻ ഞാൻ നില്ക്ക്ണില്യ.

ആമീൻ : ഇരിക്കിൻ നമ്പ്യാരെ. ഒപ്പം പോവാം.

അബൂബക്കർ : അതൊന്നൂല്യ നമ്പ്യാരെ. നിങ്ങക്കെന്താ? നിങ്ങടെ കുറ്റം കൊണ്ടല്ലലോ.

പോക്കര് : (ആമീനോട്) പിന്നെയ്, ഈ ഇരുപ്പിന് അടിസ്ഥാനല്യാച്ചോളിൻ. നിങ്ങക്ക് ബയ്ക്കെങ്കിങ്ങട്ട് എല്ലാറ്റിനേം പുടിച്ചെറക്കിത്തരിൻ. എറങ്ങിത്തന്നില്ലെങ്കി പിന്നത്തെപ്പണി പോക്കര് നോയ്ക്കോളാം

അബൂബക്കർ : ഇത്രയ്ക്കൊന്നും ബദ്മ്പണ്ടടോ പോക്കരെ; ഇത് ഇന്ന് എനിക്ക് ബന്ന്. നാളെ അനക്ക് അത്രക്കേള്ളു.

പോക്കര് : എന്റെ സ്ഥലത്തിര്ന്ന്ട്ടല്ലെടാ ഈ ബീമ്പ് കാച്ചണ്ടത്. എറങ്ങീട്ട് പറ.

ആയിഷ : (പ്രവേശിച്ച്) ബാപ്പാ, ഇണ്ണീക്കിൻ. സാമാനൊക്കെ കെട്ട്ണ്ണ്ട്. ഇബ്ട്ന്ന് പുവ്വാ.

അബൂബക്കർ : (എഴുന്നേറ്റ് അധീരതയോടെ) എങ്ങട്ടാ മോളെ പോണ്ടത്!

(ആമീൻ തലതിരിക്കുന്നു. പോക്കര് ഞെളിഞ്ഞ് ലാത്തുന്നു. വേലുവും ശ്രീധരൻനായരും പ്രവേശിക്കുന്നു.)

ശ്രീധരൻ : (അബൂബക്കറുടെ കൈക്കുപിടിച്ച്) എന്റെ വീട്ടിലേക്ക്. സംശയിക്കണ്ട. നമ്മൾക്ക് ഒരു കണ്ടത്തിലിറങ്ങി കൃഷിചെയ്യാമെങ്കില് ഒരു മേൽപ്പുരക്കുള്ളിൽ താമസിക്കുകയും ചെയ്യാം.

(പോക്കരും, ആമീനും, നമ്പ്യാരും അദ്ഭുതപ്പെട്ട് അന്യോന്യം നോക്കുന്നു.)

ശ്രീധരൻ : (ആയിഷയോട്) പാറുക്കുട്ടി വന്നിട്ടുണ്ട്. കുട്ടിയും ഉമ്മയും കൂടി അവളുടെ കൂടെ നടക്കു. ബാപ്പയെ ഞാൻ കൊണ്ടുവരാം.

ആയിഷ : ഉമ്മാക്ക് നടന്നൂടലോ.

ശ്രീധരൻ : അതെനിക്കറിയാലോ. മഞ്ചല് പുറത്തുണ്ട്. മെല്ലെ കയ്ക്ക് പിടിച്ച് പുറത്തേയ്ക്ക് കൊണ്ടുപോരൂ. അത് വയ്യേ?

ആയിഷ : പൊറത്തേക്കൊക്കെ ബരാം. അധികം നടന്നൂടാന്നേ ഉള്ളൂ.

ശ്രീധരൻ : (അബൂബക്കറോടു) നിങ്ങളേയും കുട്ടികളേയും എന്റെ വീട്ടിലെ അംഗങ്ങളായി സ്വീകരിക്കുന്നത് ഞങ്ങൾക്കൊരു ഭാഗ്യമാണ്. അറിയുന്നവർ നിങ്ങളെ അറിയും. ഇന്നുമുതല്ക്ക് നിങ്ങളാണ് ഞങ്ങളുടെ കാരണവർ. വരു. പോകാം (ആമീനോട്) നിങ്ങളുടെ പ്രവൃത്തി തുടങ്ങാം.

ആമീൻ : ഞാൻ നിങ്ങളെ അഭിനന്ദിക്കുന്നു, മിസ്റ്റർ നായർ. വയറ്റിപ്പിഴപ്പിന്നുവേണ്ടി ഈ വേഷംകെട്ടി നിങ്ങളെപ്പോലെ ഒരാളുടെ മുമ്പിൽ നില്ക്കുമ്പോഴാണ് ഞാൻ സ്വന്തം നീചത്വം നോക്കിക്കാണ്ണത്.

ശ്രീധരൻ : സാരമില്ല ആമീൻ. സ്വന്തം സഹോദരനെ പെരുവഴിയിലേക്ക് ഇറക്കിവിടുന്ന ജന്മിത്തമാണ് നീചം. നിങ്ങടേയും എന്റെയും വയറ്റിന്റെ കുത്തകക്കാരനാണ് ജന്മി. ആ കുത്തക മാറ്റണം. അത് മാറിയേ തീരു. തന്നത്താൻ തോന്നുന്ന ഈ ജളത്വബോധവും നമ്മൾക്ക് അന്നേ തീരു. നന്ദി.

പാറുക്കുട്ടി : (ആയിഷയുടെ കൈക്കുപിടിച്ച്) പോരു ഉമ്മ മഞ്ചലിൽ കേറിക്കഴിഞ്ഞു.

അബൂബക്കർ : നടന്നോ മോളെ, ബാപ്പ വരാം.

വേലു : അല്ല, മാപ്പളേ, നടന്നോളിൻ. സാമാനം വേലു എത്തിച്ചോളാം.

അബൂബക്കർ : (ശ്രീധരൻനായരോട്) കുട്ട്യേ, നിങ്ങളെ എന്റെടുത്തേക്ക് പടച്ചോൻ എത്തിച്ചതാ.

(അബൂബക്കറും ശ്രീധരൻനായരും മുമ്പിലും, പാറുക്കുട്ടി ആയിഷയുടെ കൈ പിടിച്ചുകൊണ്ട് പിന്നിലുമായി പോകുന്നു.)

(കർട്ടൻ)

## അങ്കം മൂന്ന്

### രംഗം 1

(ഒരു നൽക്കാവല സ്ഥലം. സമയം വൈകുന്നേരം. പറങ്ങോടൻ നായരും വാരിയരും. പറങ്ങോടൻനായര് വാരിയരുടെ കൈക്ക് പിടിച്ചിരിക്കുന്നു.)

പറങ്ങോടൻ : നമ്പ്യാരെ കാണിച്ചുതരാതെ നിങ്ങളെ ഞാൻ വിടില്യ, വാരരേ.

വാരിയർ : (കൈകുതറി നോക്കിയിട്ട്) നിങ്ങക്കെന്തിന്റെ കേടാണ്വേയ്. എന്റെ കയ്യിലാ നമ്പ്യാര്?

പറങ്ങോടൻ : നിങ്ങടെ കയ്യിലേർന്നലോ. നിങ്ങളാണലോ ആ കാലനെ കൂട്ടി ഏല്പിച്ചത്. എന്നിട്ടല്ലേ ഞാനിപ്പൊ കുടുങ്ങ്യേ?

വാരിയർ : എന്തേ നിങ്ങക്കൊരു കുടുക്ക്!

പറങ്ങോടൻ : കുടുക്കോ? ഇതിലുമ്മീതെ എന്താ വേണ്ടത്? ഇപ്പൊ പോലിസ് എന്നെ വിട്ണ്ണ്ടോ?

വാരിയർ : എന്താ പോലിസാർക്ക്? പോലീസ് അന്യായക്കാരനെയാ പിടിക്കാ.

പറങ്ങോടൻ : ആ, ഇപ്പോ പിടിച്ചത് അന്യായക്കാരനെയാ.

വാരിയർ : അങ്ങിനന്നെയാ കള്ളന്യായം കൊടുക്കാൻ പോയാല്. നൊണല്ലേ എഴുതിക്കൊടുത്തത്? വേലും ശ്രീധരൻനായരുംകൂടി കന്നിനെ കട്ടൂത്രേ!

പറങ്ങോടൻ : നിങ്ങളും നിങ്ങടെ കാലൻ നമ്പ്യാരുംകൂടി പറഞ്ഞിട്ടല്ലെ ഞാനത് ചെയ്തത്?

വാരിയർ : അതിന്? മൂര്യെ കണ്ടോരടെ വെളേല്ക്ക് വിട്ടാക്കാൻ പറഞ്ഞത് ഞാനേ?.... നമ്പ്യാരേ?....

പറങ്ങോടൻ : (കൊഞ്ഞനം കാട്ടികൊണ്ട്) ഞാനേ?..... നമ്പ്യാരെ?.... ചോയിക്കുണു. അതിപ്പൊ കാണാം. എനിക്ക് കിട്ട്യേന്റെ ബാക്കി വെച്ചിട്ട്ണ്ട്. ഞാൻ ഏഡിനെ നല്ലോണം കണ്ടിരിക്കുണു. പിടിച്ചുകൊണ്ടു ചെല്ലാൻ പറഞ്ഞു.

വാരിയർ : എന്നിട്ടോ?

പറങ്ങോടൻ : എന്നിട്ടോ? ആളെ കുടിക്കീട്ട് ഒര് എന്നിട്ടോ. (മയത്തിൽ) നിങ്ങള് കണ്ടോ. എവിടെയാ ആയാളിപ്പോ ഉണ്ടാവ്വാ.

വാരിയർ : (ദൂരത്തേയ്ക്കു നോക്കീട്ട്) ആട്ടെ, നമ്പ്യാരെ കാട്ടിത്തരാം. നിങ്ങടെ മയിലൻ മൂരീനെ നാളെ പൂട്ടാൻതര്വോ?

പറങ്ങോടൻ : ആ, തരാലോ. ഹാ, ഹാ, എന്ത് ജില്ല് ജില്ലായി നടക്കുംന്നറിയോ മയിലൻ?

വാരിയർ : തീർച്ച?

പറങ്ങോടൻ : തീർച്ച.

വാരിയർ : എന്നാ കയ്യടിക്കിൻ. (കൈ നീട്ടുന്നു).

പറങ്ങോടൻ : (കയ്യടിച്ചിട്ട്) എവിടെ?

വാരിയർ : (പ്രവേശനദ്വാരത്തിലേയ്ക്കു ചൂണ്ടി) അതാ വരുന്നു, വണ്ടി എറങ്ങീട്ട്. പോക്കരുണ്ട്. പിന്നെ ആരാ ആ തുർക്കിത്തൊപ്പിക്കാരൻ? ആ അവ്വോക്കർടെ മോൻ ഇല്ലെ, ബാപ്പു? ഓനും.

പറങ്ങോടൻ : ഈ കള്ളെല്ല്യാന്നും പറേല്ലെ!

(നമ്പ്യാരും, പോക്കരും, ബാപ്പുവും പ്രവേശിക്കുന്നു.)

പറങ്ങോടൻ : (നമ്പ്യാരോട്) നമ്പ്യാരേ,

നമ്പ്യാർ : (തിരിഞ്ഞ്) ആ, എന്താ കാരണോരെ, എന്തായി?

പറങ്ങോടൻ : ആ, അതൊക്കെ ചൊവ്വായി. ഇനി അതിലൊന്നു നേരാക്കി കൊടുക്കാൻ ഉണ്ടത്രേ. ഏഡ് നിങ്ങളെ വിളിച്ചോണ്ട് ചെല്ലാൻ പറഞ്ഞു.

നമ്പ്യാർ : എന്ത് നേരാക്കാൻ?

വാരിയർ : എല്ല്, എല്ല് നേരാക്കാനേയ്.

പറങ്ങോടൻ : (വാരിയരെ തുറിച്ചുനോക്കിക്കൊണ്ടു) ആ മറ്റവന്റെ എല്ല് നേരാക്കാനേയ്. അന്യായത്തില് ഒന്നു നേരാക്കാന്ണ്ടത്രേ.

നമ്പ്യാർ : (ആലോചിച്ച്) വല്ലതും കൂട്ടിച്ചേർക്കാൻ ഉണ്ടാവും. കേസാക്കാനാ ഭാവം (പോക്കരോട്) നമ്മടെ പണി ഫലിക്ക്ണ്ണ്ട്.

പോക്കര് : ഊം നടക്കട്ടെന്നേയ്. നിസീബ് ഉണ്ടെങ്കില് ഒക്കെ നേരാവുംച്ചോളിൻ.
നമ്പ്യാർ : എന്നാ ഒരു മിനിട്ട് ഇവിടെ നില്ക്കിൻ.
(നമ്പ്യാരും പറങ്ങോടൻനായരും വാരിയരും പോകുന്നു.)
പോക്കര് : (ബാപ്പുവിനോട്) നല്ലോനാ. ഇപ്പോത്തന്നെ ഉണ്ണീ, നെന്നെ കണ്ടുപുടിക്കാൻ അജ്ജാളെത്ര മെനക്കട്ടൂന്നോക്ക്. അന്റെ ബാപ്പോട്ള്ള കൂറാ അത്.
ബാപ്പു : ആള് നല്ലോൻതന്നയാ. സംശല്യ. ആയാള് വന്നപ്പോൾ ഞാൻ മലബാർ റസ്റ്റോറന്റെറിൽ ഇരിക്ക്ാണ്. നമ്മടെ നാട്ടുകാരൻതന്നെ ഒരു ഇസ്ലാമാണ് അത് നടത്ത്ണത്. അപ്പോൾ പിടിച്ചതാ എന്നെ. ആപ്പീസിൽ ചെല്ലുമ്പോഴും ലീവ് റിപ്പോർട്ട് ചെയ്യുമ്പോഴും ഒക്കെകൂടെത്തന്നെ. പിന്നെ, ഇതാ ഇപ്പോഴാ പിരിഞ്ഞത്.
പോക്കര് : പിന്നീം പോയെങ്കിലോന്ന് പേടിച്ചിട്ടാച്ചോ. സ്നേഹള്ളോനാ.
ബാപ്പു : സ്നേഹള്ളോൻതന്നെയാ. ഇബടെ എത്ത്ണവരെ പറഞ്ഞിര്ക്ക്ണ്, ബാപ്പാനെ ശ്രീധരൻനായര് പറ്റിച്ചകഥ. പാവം, കണ്ണീന്ന് വെള്ളം ചാട്ാ.
പോക്കര് : അജ്ജാൾക്ക് എങ്ങനെ സഹിക്ക്ാ. മനിശ്യന്മാക്ക് ആർക്കും സഹിക്കില്യാച്ചോ.
ബാപ്പു : ആർക്കും സഹിക്കില്യ. അപ്പൊ, ഒടമസ്ഥന്റെ കഥയോ കാക്കാ. കുടിയിരുപ്പും പോയി. നെലോം പോയി.
പോക്കര് : അത് നിജ്ജ് ബിജാരിക്കണ്ട ഉണ്ണി. നെന്റെ കുടീര്പ്പ് തട്ടി എട്ക്കണ അന്ന് പോക്കര് മയ്യത്തായീന്നേ ബരൂച്ചോ.
ബാപ്പു : അല്ല, നിങ്ങളത് ചെയ്തത് ഇന്നതിനാണെന്നും നമ്പ്യാർ പറഞ്ഞ്.
പോക്കര് : പറയും. അയാള് ഹിന്ത്വാച്ചാലും നല്ലോനാച്ചോ. നിജ്ജോന്ന് നെനക്ക്ണ്ണ്ടോ? അന്ന് നടത്തീലാച്ചെങ്കില് അതിപ്പൊ കാഫറിന്റെ കയ്യിലാണേ.
ബാപ്പു : നമ്പ്യാര് പറഞ്ഞ്. ശ്രീധരൻനായർക്കു ബാപ്പ തീര് കൊടുക്കാൻ തീർച്ചപ്പെടുത്തീന്ന്.
പോക്കര് : ഇതൊന്ന് നെനച്ചോക്ക്ണ്ണി. സ്ഥിരാവകാശോള്ള നെലം, പാട്ടം പുതുക്കണ ഗവർമ്മേണ്ട്, അത് ഒഴിഞ്ഞുകൊടുത്തിട്ട് പകുതിക്ക് നടക്കണോ ആ തന്ത! ഒരു ബേലൂനീം കൂട്ടീട്ട് !
ബാപ്പു : കഷ്ടായീ, ബാപ്പാനെ പറ്റിച്ചതാ. ബാപ്പ ശുദ്ധനാ. സംശല്യ.
പോക്കര് : ഈ ഹിന്ദുക്കള്ണ്ടലോ, ഇങ്ങിനെതന്നെയാ ഇസ്ലാമിനെ പറ്റിക്ക്ാ. നമ്മള് നയിക്ക്ാ, അബര് തിന്ന്ാ.
ബാപ്പു : ഹൊ, ഇബറ്റടെ ശല്യം ബോമ്പേലല്ലെ കാണണ്ടത് പടച്ചോനെ. ഇസ്ലാമും ബെറുതെ ഇരിക്കില്ല. മുറക്ക് അങ്ങട്ടും കാച്ച്ണ്ണ്ട് അവിശ്വാസികളെ.
പോക്കര് : ഹും, ഇസ്ലാമ് കണ്ടുണ്ടിരിക്ക്വോ ഉണ്ണി. എന്നാപ്പിന്നെ ഇസ്ലാമാ? കാഫറ് നമ്മളെ ചതിച്ചു പുടിക്കും. നമ്മള് അവറ്റെ നേരിട്ട് കാച്ചും.
ബാപ്പു : എന്റെ ബാപ്പാനെ പറ്റിച്ചോനെ ഞാൻ വെറുതെ വിടൂല്യ.
പോക്കര് : ഇതിലെടക്ക് ഒരൊറ്റ ഇസ്ലാമും അങ്ങനെ വെറുതെ ബിട്ടിട്ടില്ലാച്ചോ. പിന്നെ കുടീര്പ്പൊന്നും പോവില്ലാ പോക്കര്ള്ളപ്പോ. എനിക്ക് തട്ടാനാണെങ്കില് ഈ പണോം ചെലവിട്ട് നെന്നെ തെരഞ്ഞ് പുടിക്കണോ.
ബാപ്പു : അതിനി കാക്കാന്റെ ഇഷ്ടം.
പോക്കര് : കാഫറിനെ ഞാനതിൽ കടത്തുല. അല്ലെങ്കിൽ നിജ്ജോന്ന് ആലോസിക്ക്. ഇബടെ ഇസ്ലാമിങ്ങടെ കുടീം പെരേം ബേറെല്ല്യെ? ആ കാഫറിന്റെ ബീട്ടിപ്പോണോ? പണ്ട് ഉണ്ടായിട്ട്ണ്ടോ ഇങ്ങനെ? ഞമ്മള് പുവ്വോ? അവര് കേറ്റോ. ഒന്നിന് മാത്രം പോന്ന ഒരു പെണ്ണില്ല്യേ ഓന്റെ കൂടെ? തലനീർത്തി നടക്കാൻ ബയ്ക്കോ ഇസ്ലാമിന്ന്. ബയ്ക്കോ ഉണ്ണീ?
ബാപ്പു : (അവമാനത്താലും വ്യസനത്താലും ക്ഷുഭിതനായി) കാക്കാ, പെങ്ങള്ണ്ട്, ഉമ്മ ഉണ്ട്, ബാപ്പതന്നെ ഉണ്ട്. മതത്തിന്ന് വിരോധാണ് അവര്ന്ന് വന്നപ്പൊ, ബാപ്പൂന് അവരൊന്നും ആരല്ല. ആരെ പിടിച്ചുവേണെങ്കിൽ ആണ ഇടാം. ദീനിന് എതിരായിട്ട് ബാപ്പു നടക്കില്ല്യ. പിന്നെ, ഇതൊക്കെ ഇങ്ങനെ ആക്കീലെ, ഓനെ; ബാപ്പതന്നെ പറഞ്ഞാലും ശരി. ബാപ്പൊട്ടു കാച്ചാതിരിക്കൂല്യ.
പോക്കര് : മെല്ലെപ്പറ. നമ്പ്യാര് ബര്ണ്. കാര്യം എന്തായാലും ആജ്ജാളും ഹിന്ത്വാച്ചൊ.
ബാപ്പു : അത് അത്രതന്നെ ഉള്ളു.
(നമ്പ്യാര് വരുന്നു. തലയിലൂടെ മുണ്ടിട്ടിട്ടുണ്ട്. നടക്കുമ്പോൾ ഒരു മുടന്തും.)
പോക്കര് : എന്തേ നമ്പ്യാരെ നിങ്ങക്ക്?

നമ്പ്യാർ : (ദീനസ്വരത്തിൽ) സാര..ല്യ. ഒന്നു വീണു. സ്റ്റേഷനീന്ന് എറങ്ങേര്ന്ന് കാല്തെറ്റി. (അടുത്ത് വന്ന് ഇരിക്കുന്നു.)

ബാപ്പു : അയ്യോ നോക്കട്ടെ. (മുഖത്തെ മുണ്ടെടുത്തിട്ട്) തല പൊട്ടിയോ? (കവിളിന് തൊട്ട്) ഇവടെ മൊഴച്ചിട്ട്ണ്ടലോ.

പോക്കര് : അപ്പോ പറങ്ങോടൻ നായരും ബാരരും എവടെ?

നമ്പ്യാര് : കള്ളന്മാര്, കൂട്ടിനുള്ളിലായി. രണ്ടും ചോദിച്ചപ്പോ ഒക്കെ തെറ്റിച്ചു. ഇൻസ്പെക്ടരുണ്ടായിരുന്നു. കള്ളന്യായത്തിന് ചാർജ്ജ് വെക്കുംന്നും പറഞ്ഞ് അവടെ ഇട്ടിട്ട്ണ്ട്.

പോക്കര് : നിങ്ങള് ബീണത് തന്നെയാ? പറീൻ.

നമ്പ്യാര് : അയ്യോ! ആ കല്ലിമ്മല് ബീണതാ.

ബാപ്പു : (താങ്ങിക്കൊണ്ട്) വരിൻ മെല്ലെ നടക്കാ. (മൂന്നാളും മെല്ലെ പോകുന്നു)

(കർട്ടൻ)

## അങ്കം മൂന്ന്

### രംഗം 2

(കൃഷിസ്ഥലം. പ്രഭാതം. വേലുവും സുകുമാരനും നില്ക്കുന്നു. വേലുവിന്റെ കയ്യിൽ ഒരു കയ്ക്കോട്ട്.)

സുകുമാരൻ : നെല്ലൊക്കെ വീണ്വലൊ. ഇതുവരെ ഞാൻ വഴിവരമ്പത്ത് വീണത് കണ്ടത്തിലേയ്ക്ക് ചായ്ക്കേര്ന്ന്.

വേലു : കതിരിന്റെ കനം കൊണ്ടാ അത്. കതിരങ്ങട്ട് വലിഞ്ഞ് പോന്നിട്ടുണ്ട്. കരിങ്കണ്ണന്മാരാരും ഇതിലേ വരാഞ്ഞാ നമ്മള് ജയിച്ചു. എങ്ങിനേ കുപ്പായൊക്കെ നനഞ്ഞ്?

സുകുമാരൻ : നെല്ല് കണ്ടത്തിലേക്ക് ചായ്ച്ചിട്ട്. കാലോണ്ടൊന്നും ചായ്ക്ക വയ്യ. തോന്നൂല്യ. ഞാനതൊക്കെ കയ്യോണ്ട് തന്നെ എടുത്തു ചായ്ക്കെ.

വേലു : (ചിരിച്ചിട്ട്) നേര് തന്നെയാ. ഉണ്ടാക്കിയോന് തോന്നില്ല, ഇതിങ്ങനെ തലവെച്ച് കെടക്കുമ്പൊ കാലോണ്ട് ചായ്ക്കാൻ.

സുകുമാരൻ : വെള്ളം കൊറച്ചു വാർന്നു. ഇല്യെ വേലു. ഞാൻ പേടിച്ചീരുന്നു.

വേലു : ഹും, വാർന്നില്യെങ്കില് വേലു വാർക്കില്യേ? വേലൂന്റെടുത്ത് എന്ത് കൊങ്ങൻ വെള്ളാ?

സുകുമാരൻ : അത് രണ്ട് ദിവസംകൂടി നിന്നാൽ അറിയായിരുന്നു.

വേലു : അറ്യാനൊന്നൂല്യ. വേലു ഒരു ദിവസം രാത്രി ആ കെഴക്കെ ചെറവരമ്പങ്ങട് കൊത്തും. പറങ്ങോടൻ നായരടെ നെല്ലും നമ്മടെ കണ്ടത്തിലെ വെള്ളോംകൂടിച്ചെന്നട്ട് പടിഞ്ഞാറെക്കാരടെ കൊക്കറണിയങ്ങട് തുരും; അത്രന്നെ.

സുകുമാരൻ : ഹ. ഹ. ഹ. നല്ലപുള്ളി. അപ്പൊ പറങ്ങോടൻ നായരടെ വെള എന്താ, നെല്ലല്ലെ? നമ്മളടെ നെല്ല് പോണ പോലെതന്നെ അല്ലെ അയാളടെം.

വേലു : ആ പോഴത്തൊക്കെ അവ്വൊക്കരാപ്ലടെ അട്ത്ത്. വേലൂന്റെട്ത്ത് അതിനൊന്നും ചെലവില്ല. പറങ്ങോടൻനായരടെ നെല്ല് പോണത് പറങ്ങോടൻ നായര് നോക്കാ, വേലൂന്റെ നെല്ലിന്റെ കാര്യം വേലൂന്.

സുകുമാരൻ : (തലകുലുക്കി) നന്ന്! പൊടിപ്പനായിട്ടുണ്ട്!

വേലു : നന്നാവ്ന്നെ ചെയ്യും. കന്നിനെക്കട്ടു വേലൂം ശ്രീധരൻനായരും എന്ന് പറഞ്ഞിട്ട് ആ കൊരണ അന്യായം കൊടുത്തിലേ? വേലു കട്ടൂന്ന് പറഞ്ഞോട്ടെ. മഹാപാപം ഇല്യേ നിങ്ങടെ ഏട്ടനെ പറഞ്ഞാൽ! നമ്മള് അയാളെ വല്ലതുംചെയ്തിട്ടേ?

സുകുമാരൻ : ഫലം അയാൾക്ക് തന്നെ കിട്ടീലെ. സഹായിക്കും വയറു നിറഞ്ഞീല്യേ? എന്തായാലും തല്ലണ്ടേര്ന്നില. കഷ്ടായി, ഞാനതറിഞ്ഞില്യ.

വേലു : ഒരു കഷ്ടോം ആയിട്ടില്ല. ആളോള്ക്ക് ഇപ്പഴും പണ്ടത്തെ കയ്ക്കൂലിക്കാരാണ് പോലിസാര്ന്നാ വിചാരം. കാശുകൊടുത്താൽ ആര്ടേം മേക്കട്ട് കേറ്റാമെന്ന്. ആ കാക്ക പറന്നു. അത്രതന്നെ.

സുകുമാരൻ : (പ്രവേശനദ്വാരത്തിലേക്ക് നോക്കിക്കൊണ്ട്) ആരാ വര്ണത്?

വേലു : ഓ, ഹോ, അത് അവ്വോക്കരാപ്ലടെ മോനല്ലേ?

സുകുമാരൻ : ആര്? ബാപ്പ്വോ? (ബാപ്പു പ്രവേശിക്കുന്നു)

വേലു : അത്തന്നെ. എപ്പളേയ് വന്നാവോ?

ബാപ്പു : (വേലുവിനോട്) നീയ്യും എല്ലാരും കൂടീട്ട് നമ്മളെ വെച്ചു. അല്ലെ വേലോ?

(വേലു അമ്പരന്നു നില്ക്കുന്നു)

സുകുമാരൻ : മി. ബാപ്പു, നിങ്ങൾ എപ്പോൾ വന്നു?

ബാപ്പു : ഇന്നലെ.

സുകുമാരൻ : എന്നിട്ട്?... ഇതുവരേയ്ക്കേ എത്തീട്ടുള്ളു? ബാപ്പയെ കണ്ടോ?

ബാപ്പു : (അമർത്ത ഉച്ചാരണത്തോടെ) ഇതുവരെയ്ക്കേ എത്തീട്ടുള്ളു? അല്ലേ? ബാപ്പയെ കാണാൻ സാർ, നിങ്ങളുടെ അനുവാദം വേണ്ടെ?

സുകുമാരൻ : അതെന്തിന്? ഞങ്ങളുടെ വീട് നിങ്ങളുടെ ബാപ്പയുടെ വീടായിക്കഴിഞ്ഞിരിക്കുന്നു. അപ്പോൾ എന്തുകൊണ്ട് നിങ്ങളുടെയും വീടല്ല?

ബാപ്പു : മി. നായർ, നാട്യം നന്നല്ല. ഞാനൊരു മുസ്ലീമാണ്. ഞാൻ നേർക്കുനേർ പറയും.

നടിക്കില്യ. നാട്യം വകവെച്ച് കൊടുക്കുകയുമില്ല. നിങ്ങളുടെ വീട് ഒരിക്കലും എന്റെ വീടല്ല. ഞാനിന്നും ഒരു മുസ്ലീമാണ്.

സുകുമാരൻ : (ചിരിച്ചിട്ട്) നിങ്ങളുടെ ബാപ്പ മുസ്ലീമല്ലേ?

ബാപ്പു : അറിയില്ല. ആണെങ്കിൽ നിങ്ങളുടെ വീട്ടിൽ താമസിക്കാൻ എടയില്ല.

സുകുമാരൻ : (ആലോചിച്ച്) എന്തോ അപകടമുണ്ട്. നിങ്ങൾ വളരെ അധികം തെറ്റിദ്ധരിച്ചിരിക്കുന്നു.

വേലു : അപ്പഴെയ് ബാപ്പു മാപ്പളേ, നിങ്ങള് വർണവഴി തന്നെ ആ കാലൻ നമ്പ്യാർടേം നരിവായൻ പോക്കര് മാപ്ലടേം വലേൽപ്പെട്ടു.

ബാപ്പു : എടോ, ആര് ആരുടെ വലേലാ പെട്ടിരിക്ക്ണ്ന്ന് ഉള്ളത് ഇരിക്കട്ടെ. ആരെപ്പറ്റിയും ആക്ഷേപിക്കണ്ട. അത് നല്ലതിനാവില്ല.

വേലു : ഹും, ആയിരം പ്രാവശ്യം...

സുകുമാരൻ : (തടഞ്ഞ്) ശരി, നമ്മൾക്ക് ആരേയും ആക്ഷേപിക്കണ്ട മി. ബാപ്പു. നിങ്ങൾ കാര്യങ്ങൾ വളരെയധികം തെറ്റിദ്ധരിച്ചിരിക്കുന്നു.

ബാപ്പു : ശരിയാണ്, എപ്പോഴും തെറ്റിദ്ധാരണ, വിവരമില്ലായ, വിഡ്ഢിത്തം, അവിവേകം..... ഇതെല്ലാം മുസ്ലീമിന്നുള്ളതാണ്, ഹിന്തുക്കളുടെ നാട്ടിൽ. നയിക്കുന്ന കാലത്ത് അവന്റെ തെറ്റിദ്ധാരണകൊണ്ട് പട്ടിണികെടന്നു ഗതികെട്ട് നാട്ടീന്നു പോണത് അവന്റെ വിവരല്യായ. അവനെ അവന്റെ ആളുകൾ സഹായിക്കാനെത്തുമ്പോൾ അവന്റെ വിഡ്ഢിത്തം കൊണ്ട് ആ സ്നേഹിതന്റെ വലയിൽ കുടുങ്ങലായി. സർ, ഒരൊറ്റ ദയയേ വേണ്ടു; നിങ്ങൾ ഉപദേശിക്കരുത്!

സുകുമാരൻ : ബാപ്പു,

ബാപ്പു : സർ, മര്യാദയ്ക്കു വിളിക്കു.

സുകുമാരൻ : മാപ്പ്. മി. ബാപ്പു, നിങ്ങളെന്തിനാണ് ഇവിടെയൊരു ഹിന്ദുമുസ്ലീം വഴക്ക് ഉത്ഭാവനം ചെയ്യുന്നത്?

ബാപ്പു : ഉത്തരം വ്യക്തം; നിങ്ങളൊരു ഹിന്തുവും ഞാനൊരു മുസ്ലീമും ആയതുകൊണ്ട്.

വേലു : പിന്നെ നിങ്ങളുടെ ബാപ്പ ആരാ, കാഫറാ?

ബാപ്പു : (ക്ഷുഭിതനായി) എടോ, മര്യാദ നീ തെറ്റിച്ചാൽ ഞാനും മര്യാദ തെറ്റും. (സുകുമാരനോട്) നിങ്ങളുടെ കൂട്ടുകാരനോട് നിലക്ക് നില്ക്കാൻ പറയണം... അല്ലെങ്കിൽ, അവൻ വിവരമില്ലാത്തോൻ. ഉള്ളതു പറഞ്ഞു പോകുന്നു.

സുകുമാരൻ : അപ്പോൾ ഞാൻ ഉള്ളതൊക്കെ മറച്ചുവെച്ച് നിങ്ങളെ വഞ്ചിക്കയാണൊ?

ബാപ്പു : അല്ലേ, മി.നായർ? ഞങ്ങടെ കൃഷിസ്ഥലം ഒഴിക്കാൻ നിങ്ങൾ വ്യവഹാരപ്പെട്ട് ഉപ്പുചരുവം കൂടി നിങ്ങൾ ജപ്തി ചെയ്യിച്ചു. അവമാനിച്ചു, എരപ്പിച്ചു. എന്നെ നാട്ടിൽനിന്നയച്ചു. എന്നിട്ടും ഗുണമില്ലെന്നായപ്പോൾ സാധു ബാപ്പയെ മിരട്ടി നിങ്ങൾ നിലം കയ്യിലാക്കി ഇല്ലേ? ഇല്ലെങ്കിലെങ്ങിനെ നിങ്ങൾ വിളയിറക്കി? ഇന്ന് ബാപ്പയാര്? നിങ്ങടെ പകുതിവാരക്കാരൻ! അല്ല, ഇരിക്കക്കൂരകൂടി പോയ കന്നൂട്ടിക്കയ്യൻ!

സുകുമാരൻ : ഞാൻ വ്യസനിക്കുന്നു, സേർ. നിങ്ങൾ കാര്യങ്ങൾ നോക്കിക്കാണുന്നത് മറ്റാരുടേയോ കണ്ണിൽക്കൂടിയാണ്.

ബാപ്പു : ആട്ടെ, അങ്ങിനെയാണ് പ്രചാരവേല വേണ്ടത്. നിലം നിങ്ങൾ തട്ടിയെടുത്തു. ബാപ്പയെ കന്നുപൂട്ടുകാരനാക്കി. അവിടംകൊണ്ടും അവസാനിച്ചുവോ? (സക്ഷോഭം നോക്കിനില്ക്കുന്നു). എന്തിനധികം; നിങ്ങൾക്കറിയാവുന്നത്, നിങ്ങൾ നിഷേധിക്കും എന്നുറപ്പുമുള്ളത്, ഞാനെന്തിനു നിന്നു നിലവിളിക്കുന്നു! (അധികം ക്ഷുഭിതനായി) പക്ഷെ, ഇതാലോചിക്കൂ, നിങ്ങളെപ്പോലെ ഒരു ചെറുപ്പക്കാരനാണ് ഞാൻ. മാപ്പിളയാണെന്നു പുച്ഛിച്ചുകൊള്ളു. മാനവും അവമാനവും എനിക്കുമുണ്ട്.

സുകുമാരൻ : ഞങ്ങളെന്തു ചെയ്തു, മി. ബാപ്പു! നിങ്ങളിക്കഴിഞ്ഞ സംഭവങ്ങളെപ്പറ്റി ഒരു ഭാഗത്തുനിന്നുള്ള വാർത്തകളേ കേട്ടിട്ടുള്ളു. വരൂ. എന്റെ വീട്ടിൽ വരൂ. അവിടെ താമസിക്കാൻ ഞാൻ പറയുന്നില്ല. നിങ്ങളുടെ ബാപ്പയെ കാണൂ. ആ വന്ദ്യവയോധികന്ന് എന്തെങ്കിലും നിങ്ങളോട് പറയാനുണ്ടാവും. അതൊന്നു കേൾക്കു.

ബാപ്പു : സർ, ഞാനൊരിക്കൽ പറഞ്ഞു. ഞാനൊരു യഥാർത്ഥമുസ്ലീമാണ്. എനിക്ക് ഒരു ഹിന്തുവിന്റെ വീട്ടിൽ ബാപ്പയുണ്ടാവാൻ വയ്യ!

വേലു : നിങ്ങളെന്താ മാപ്പളേ, പറേണ് ! പിന്നേ അവടെ ഇരിക്കണത് നിങ്ങടെ ആരാ? ഓ, നാലഞ്ചുമാസം ഈ രാജ്യത്തിന്നാ വിട്ടപ്പഴക്ക് എങ്ങുല്യാത്ത ഒരു ഇസ്ലാമാവേ!

സുകുമാരൻ : അരുതു വേലു.

വേലു : എന്തരുത്! തോന്ന്യാസം പറേണേനും വേണ്ടെ ഒരതിര്. കണ്ട അവടെം ഇവിടെം നടക്കുമ്പൊ കുടീലുള്ളോരെ ആരെങ്കിലും സഹായിച്ചൂന്ന്വെച്ചാൽ അവരടെ നെഞ്ഞത്തേക്കാ കേറ്റാ?

ബാപ്പു : ശരി, ഞാനർഹിക്കുന്നത് നിയ്യ് തന്നു. പക്ഷേ, ഇത് വിശ്വസിച്ചോ, എന്റെ നെലത്തെറക്കിയ വെള കൊയ്യാമെന്ന് നിയ്യ് വിചാരിക്കണ്ട. എന്നെ അവമാനിച്ചവരോടും പറഞ്ഞേക്ക്, ബാപ്പു ഇത് കണ്ടിരിക്കാനല്ല പോണ് എന്ന്.

സുകുമാരൻ : ഞാൻ ഭയപ്പെടുന്നു.

ബാപ്പു : നിർത്തു സർ; അവിശ്വാസിക്ക് ഭയമുണ്ടാവും. മുസ്ലിമിന്ന് ഭയമില്ല. ഭയം മരണമാണ്. ഒരു മുസ്ലീം ഒരിക്കലെ മരിക്കൂ. (തിരിഞ്ഞു പോകുന്നു)

സുകുമാരൻ : (നോക്കി നില്ക്കുന്നു)

വേലു : ഇത് അപകടത്തിലേക്കാ പോക്ക്. വേലൂന്റെ വെളേല് എറങ്ങ്യാ, എറങ്ങ്യ കാലുംകൊണ്ട് കേറില്യ. ഇസ്ലാമും ശരി, കാഫറും ശരി.

സുകുമാരൻ : വേലു ഒന്നുംപറയാതെ. അയാളെ തെറ്റിദ്ധരിപ്പിച്ചിരിക്കുന്നു. നമുക്ക് അബൂബക്കറെ മറന്നുകൂടാ. അദ്ദേഹത്തെ വ്യസനിപ്പിക്കാനും പാടില്ല. പോകാം. ഏതായാലും ഏട്ടനോട് വിവരം പറയട്ടെ.

വേലു : ഊം. ഊം. പൂവ്വാ.

(രണ്ടാളും പോകുന്നു)

(കർട്ടൻ)

## അങ്കം മൂന്ന്

### രംഗം 3

(ശ്രീധരൻനായരുടെ വീട്. അകത്തെ തളം. രാത്രി മേശമേൽ വിളക്കിരുന്നു കത്തുന്നു. രണ്ടുമൂന്നു കസേരകൾ. വിളക്കിന്നടുത്ത് ഇരുന്ന് ആയിഷ തുന്നുകയാണ്. തുന്നൽ നിർത്തി അവൾ ഗാഢമായ ചിന്തയിൽ ലയിക്കുന്നു. മുഖം വ്യസനമയമായിരിക്കുന്നു. കണ്ണിൽ നീർ നിറഞ്ഞുനില്ക്കുന്നു.)

(അമ്മയും പാർവ്വതിയും പ്രവേശിക്കുന്നു)

പാർവ്വതി : എന്തേ, ആയിഷേ, നിനക്കിന്ന് ഊണില്യേ?

(ആയിഷ ഞെട്ടി തിരിഞ്ഞുനോക്കുന്നു)

അമ്മ: (സൂക്ഷിച്ചുനോക്കി) എന്തേ നീ കരയായിരുന്നു!

ആയിഷ : അല്ല.

അമ്മ : എന്ത് അല്ലാ! കണ്ണീരിപ്പൊഴും വറ്റീട്ടില്ല. (അവളെ പിടിച്ച് ചേർത്ത്) എന്തേ കുട്ടീ?

ആയിഷ : (കൺതുടച്ച്) അമ്മേ, നിങ്ങള് എന്റെ ഉമ്മാനേം ബാപ്പാനേം നല്ലോണം നോക്കണം. (വീണ്ടും കരയുന്നു)

അമ്മ : ആയിഷേ, നീ കരഞ്ഞിട്ട് ഞാൻ കണ്ടിട്ടില്ലലോ. എന്തേ, വല്ല ബുദ്ധിമുട്ടും ഉണ്ടായോ ഉമ്മയ്ക്കും ബാപ്പയ്ക്കും? എന്തേ പാർവ്വതീ?

പാർവ്വതി : ഞാനൊന്നും അറിഞ്ഞില്ല.

ആയിഷ : ഒന്നൂല്യ, അമ്മേ, ഒന്നൂണ്ടായിട്ടില്ല.

അമ്മ : പിന്നെ എന്തെങ്കിലും ഉണ്ടെങ്കിൽ മടിക്കര്ത് പറയാൻ. ഞങ്ങൾക്ക് എന്തായാലും നിങ്ങള്ടെ പാകം ഒന്നും അത്രക്കറീല്യലോ. നെണക്ക് എന്നോട് പറഞ്ഞൂടെ, കുട്ടീ?

ആയിഷ : അമ്മേ, ഞങ്ങടെ കുടീല് ഞങ്ങക്ക് ഇത്രസുഖം ഇല്യ. അത്രക്കും സുഖാണ് ഇവടെ. ഞങ്ങൾക്ക്വേണ്ടി നിങ്ങള് ബുദ്ധിമുട്ട്ണതും എനിക്കറ്യാം.

പാർവ്വതി : നിങ്ങൾക്ക് വേണ്ടി ഒരു ബുദ്ധിമുട്ടും ഇവിടെ ഇല്യ. എനിക്ക് നീയുള്ളതോണ്ട് ഉള്ള സഹായം ചില്ലറ അല്ല.

അമ്മ : എനിക്കാണെങ്കിലോ, നിങ്ങളൊക്കെ വന്നേന്റെ ശേഷേ ഇവടെ ആളും മനുഷ്യനും ഉണ്ട് എന്ന് തോന്നീട്ടുള്ളു. വലിയൊരു വീടും രണ്ട് ആളുമായിട്ട് എവടേം ഒരു ശൂന്യതേര്ന്ന്.

ആയിഷ : ബുദ്ധിമുട്ട് എന്നല്ല. പലേ വിട്ടുവീഴ്ചയും ബരുത്തീട്ട്ണ്ട്ന്നാ ഞാൻ പറഞ്ഞ്.

പാർവ്വതി : എന്തു വിട്ടുവീഴ്ച.

ആയിഷ : ഞങ്ങള് ബന്നേപ്പിന്നെ നിങ്ങള് ഇബടെ ഒന്നും ചാണം മെഴകീട്ടില്ല. ഇബ്ട്ത്തെ നാമം ചെല്ലലും ഒക്കെ മെല്ലെ ആക്കീരിക്ക്ണ്. അത് തന്നേ നിസ്കരിക്കണ സമയം കഴിഞ്ഞിട്ടെ നിങ്ങള് ചെല്ലുന്നുള്ളു. എന്തിനാ അതികം, ബരണ ഓണത്തിന് തൃക്കാക്കരപ്പനെ ബക്കണ്ടാന്നൂടി നിങ്ങള് തീർച്ചപ്പെടുത്തീട്ടില്ലേന്നേയ് !

പാർവ്വതി : അതോണ്ടൊക്കെ എന്താ ഒരസൗകര്യം. ചാണം മെഴ്കാത്തോണ്ട് ഏട്ടൻ സിമന്റിട്ടുതന്നു. അത്രതന്നെ.

അമ്മ : നാമം ചെല്ലല് അല്ലെങ്കിലും മെല്ലെ അല്ലേ. കുട്ട്യാളല്ലേ ഒറക്കെ നാമംചെല്ലൂ?

പാർവ്വതി : ആ, ആ, തൃക്കാക്കരപ്പനെ വെക്കേണ്ടാന്ന് വെച്ചേനാ നീയ്യ് കരേണ്. ഏട്ടനോട് പറയാം വെക്കാൻ. നിയ്യ് പൂവറുത്തിട്ടോ. നെണക്ക് അത്രന്നേ ആയിട്ടുള്ളു. അതാ കുട്ട്യോളെപ്പോലെ കരേണ്.

അമ്മ : ഈ തൃക്കാക്കരപ്പനെ വെക്കല് ഒക്കെണ്ടലോ, അത് ഒരാചാരാ. ഇപ്പൊ ഇപ്പഴായിട്ട് ആർക്കും അതിലൊരു വിശ്വാസോം ഇല്ല. കുട്ട്യോള് ഉണ്ടെങ്കിൽ അവർക്കു അതൊക്കെ ഒരു രസാ, അതില്യാത്തേടത്തെന്താ?

പാർവ്വതി : ഇതൊന്നും അല്ല, നെന്റെ മനസില് വേറെ എന്തോ കടന്നുകൂടീട്ട്ണ്ട്.

ആയിഷ : ഒന്നൂല്യാന്നും. നിങ്ങള് എന്റെ ബാപ്പാനേം ഉമ്മാനീം നല്ലോണം നോക്കണം എന്നു പറയേ.

അമ്മ : അപ്പോ നെന്നെയോ?

ആയിഷ : (മുഖം താഴ്ത്തി) ഞാൻ കാക്കാന്റെ അടുത്തേക്ക് പുവ്വാ.

പാർവ്വതി : ബോമ്പേല്ക്കോ.

ആയിഷ : അല്ലാന്നും കാക്ക ബന്നിരിക്ക്ണ്. ആ മഹാപാപികള് കാക്കാനെ പുടിച്ച് തിരിച്ചിരിക്കാന്നേ കേട്ട്.

അമ്മ : എന്നാ ബാപ്പയോട് പറയ്. ആലോചിച്ചിട്ടേ വല്ലതും ചെയ്യാവു. ഏതായാലും പോയി ഊണുകഴിക്ക്. പാറുക്കുട്ട്യേ, അവൾക്ക് ചോറുകൊടുക്ക്. ഞാൻ നാമം ചെല്ലട്ടെ.

(അടുത്ത മുറിയിലേയ്ക്ക് പോകുന്നു.)

പാർവ്വതി : നെന്നോട് ഇതൊക്കെ ആര് പറഞ്ഞു?

ആയിഷ : ഞാൻ സ്വകാര്യയിട്ട് അറിയ്ടേ.

പാർവ്വതി : എങ്ങനെ? എനിക്കറ്യേണലോ.

ആയിഷ : നിങ്ങള് ആരോടെങ്കിലും പറയ്യോ?

പാർവ്വതി : ഇല്യ. തീർച്ചയായും പറേല്യ.

ആയിഷ : ഇപ്പൊ, കൊറച്ചുമുമ്പെ ഞാൻ ഇബടെ ഇര്ന്ന് തുന്നേര്ന്ന്. ഇമ്രത്ത്നിന്ന് നിങ്ങടെ ഏട്ടനും ചെറിയ ഏട്ടനുംകൂടി പറേയ്. ഇന്നലെ നിങ്ങടെ ചെറിയ ഏട്ടനെ കാക്ക കണ്ടൂത്രേ.

പാർവ്വതി : എന്നിട്ടോ.

(ആയിഷ മിണ്ടാതിരിക്കുന്നു.)

പാർവ്വതി : പറയ്. എന്നോട് പറയ്.

ആയിഷ : ഞാൻ കാക്കാന്റെ അടുത്തേക്കു പുവ്വാ.

പാർവ്വതി : ഇതു പറയ്. എന്തേ അവര് തമ്മിൽ പറഞ്ഞത്.

ആയിഷ : കാക്ക ശുണ്ഠിപിടിച്ച് പറഞ്ഞുത്രേ, നിങ്ങടെ ഏട്ടനേം... ഏട്ടനേം...

പാർവ്വതി : (മിണ്ടാതെ നില്ക്കുന്നു.)

ആയിഷ : (സഖേദം) അപ്പോ ഞങ്ങള് കാരണം നിങ്ങൾക്കൊക്കേം അത്യാപത്താ. ഉമ്മാക്ക് നടക്കാൻ ബയ്യ. ബാപ്പാക്കാണെങ്കില് വയസ് കാലോം.

പാർവ്വതി : ആയിഷേ. നീയെന്റെ സഹോദരിയാണ്. നിയ്യ് കാരണം ഒരാപത്തും ഞങ്ങൾക്ക് വരില്ല. നമ്മള് രണ്ടുകൂട്ടരും യോജിച്ചിരിക്കേ്ാണ്ട് നാട്ടിൽ ഇഷ്ടമില്ലാത്ത കൊറേ പഴമക്കാര്ണ്ടാവും. അത് സാരല്യ. നെന്റെ കാക്കക്ക് ആ പറഞ്ഞപോലെ ഒന്നും ചെയ്യാനാവില്യ. നെന്റെ സഹോദരനല്ലേ.

ആയിഷ : അതല്ല, ഞാൻ എന്റെ കാക്കാനെക്കണ്ടാ ഒക്കെ നേരാക്കികൊള്ളാം. അല്ലെങ്കില്......

പാർവ്വതി : നെന്നെ അങ്ങട്ട് അയക്ക അല്ലേ, ഇപ്പൊ, ആ ദുഷ്ടകൂട്ടത്തിലേക്ക്!

ആയിഷ : എത്ര ദുഷ്ടക്കൂട്ടായാലും എന്റെ കാക്ക എന്നെ എടുത്തോളും. നിങ്ങക്കറിയോന്ന്. എന്റെ കാക്കാനെ. ഞങ്ങള് എയ്താൻ പൂവുമ്പളെയ് ഒരൂസം ഏതോ ചെക്കൻ എന്റെ തുണീലക്ക് ചെത്തിലെ വെള്ളം തെറിപ്പിച്ചി. ഓനെ എട്ത്ത് കൊണ്ടോവ്, ചെയ്ത് പിന്നെ. ഉമ്മ ചോയ്ക്കാറ്ണ്ട് നിങ്ങള് എങ്ങനാ കുട്ട്യോളെ പിരിഞ്ഞിരിക്ക്ാന്ന്. (കണ്ണീരൊപ്പിക്കൊണ്ട്) എന്നിട്ട് ഞങ്ങളും പിരിഞ്ഞിരിക്കേണ്ടിബന്ന്.

പാർവ്വതി : ആയിഷേ. നിയ്യ് ആലോചിച്ചാലോചിച്ച് മനസ്സ് കലക്കുന്നു. അത്രക്കൊന്നും വിഷമം വരില്ല. നീ വല്ലതും കഴിക്ക്.

ആയിഷ : എനിക്ക് ചോറു വേണ്ട.

പാർവ്വതി : എന്നാ, വാ. പാലിരിക്ക്ണ്ണ്ട്. എന്തെങ്കിലും കൊറച്ച് കഴിക്ക്. ഞാൻ ഇങ്ങട്ട് കൊണ്ടരട്ടെ? (അകത്ത് നിന്ന്) ആയിസ്സേ!

ആയിഷ : (എഴുന്നേറ്റ്) ബാപ്പ കെടന്നോ? (ഉറക്കെ) ഇതാ ബര്ണ്.

(അബൂബക്കർ പ്രവേശിച്ച് കസേരയിലിരിക്കുന്നു)

ആയിഷ : ബാപ്പ എന്തേ കെടക്കാത്ത്?

അബൂബക്കർ : കെടക്കാലോ (കുറച്ചിട നിശ്ശബ്ദം) നെന്റെ കാക്ക ബന്നിട്ട്ണ്ടത്രേ.

(ആയിഷ പാർവ്വതിയെ നോക്കി കണ്ണിറുക്കുന്നു)

അബൂബക്കർ : അവൻ ഇങ്ങട് ബന്നിലാ. തന്നെല്ലാ, ഇത്തിരി ഒരത്തിട്ടാണെന്നും കേട്ട്.

ആയിഷ : ബാപ്പയും ഇക്കയും തമ്മിൽക്കാണാഞ്ഞിട്ടാ.

അബൂബക്കർ : അതിന്, എന്നെ എറക്കി അയച്ച ദിക്കിലേക്ക് ഞാൻ പോണോ മോളെ?

ആയിഷ : ബാപ്പ പോണ്ട. ഞാൻ പോയി പറഞ്ഞോളാം.

അബൂബക്കർ : നെണക്ക് ധൈര്യണ്ടോ, പോവാൻ.

പാർവ്വതി : ആയിഷയെ തനിച്ച് അയക്കണത് നന്നല്ല.

അബൂബക്കർ : എന്ത്യേ? ഓളടെ ഏട്ടനല്ലെ? നന്നായാലും ചീത്തായാലും ഓള് അനുഭവിക്കേണ്ടോളല്ലേ?

ആയിഷ : ഞാൻ ബെളുക്കുമ്പൊ പൊയ്ക്കോളാം ബാപ്പാ! എനിക്ക് കാക്കാനെ കാണണം എന്നുണ്ട്.

അബൂബക്കർ : എന്നാ ഓനോട് പറഞ്ഞീക്ക്, ഓൻ ഇസ്ലാമിലേക്ക് ബന്നത് എന്റെ മോനായിട്ടാണെന്ന്. അറിയാൻ ഉള്ളത് അറിഞ്ഞിട്ടാണ് ഒരിസ്ലാം പ്രവൃത്തിക്ക്ാന്നും. പിന്നെ വെളകൊയ്യൂന്നും കേട്ടു. ഓൻ വെതക്കാൻ പോണ വെള കൊയ്യാൻതന്നെ ഓന് കെല്പില്ല. മറ്റുള്ളോര് വെതച്ചത് വെതച്ചോർതന്നെ കൊയ്യുള്ളൂന്നും പറഞ്ഞേക്ക്.

(പാർവ്വതിയും ആയിഷയും അന്യോന്യം നോക്കുന്നു)

(കർട്ടൻ)

## അങ്കം മൂന്ന്

### രംഗം 4

(അബൂബക്കറുടെ പഴയ വീട്ടിൽ ഒരുമുറി. ഒരു കട്ടിൽ, ഒരു മേശ, ഒരു കസാല. സമയം രാത്രി. മേശമേൽ വിളക്ക്. ബാപ്പു അസ്വസ്ഥനായി ലാത്തുന്നു. ഇടയ്ക്ക് നില്ക്കുന്നു; തുറിച്ചുനോക്കുന്നു. പിറുപിറുക്കുന്നു.)

ബാപ്പു : ഈ ബുദ്ദിനെ വെച്ചാരാധിക്കുന്നവര്, ഈ അവിശ്വാസികള്, ഞങ്ങളെ പറ്റിക്കുന്നു, തട്ടിപ്പറിക്കുന്നു. എങ്ങിനെ? ചിരിച്ചു ചിരിച്ചുകൊണ്ട്. അവർക്കറിയാം; ഹിന്തുക്കൾക്കറിയാം, മുസ്ലീമിനോട് കരുത്ത് നടക്കില്ലെന്ന്. എന്നിട്ട്, എല്ലാം തട്ടിപ്പറിച്ചശേഷം അവർ പ്രമാണിമാരായി ദയകാണിക്കുന്നു. ബാപ്പോ നെന്റെ ബാപ്പയെ ഞങ്ങൾ രക്ഷിച്ചു. നെന്റെ ഉമ്മ ഞങ്ങളുടെ രക്ഷയിലാണ്. നെന്റെ പെങ്ങളെ... (പല്ലുകടിച്ചുകൊണ്ട്) ഹ! ഹ! ചെകുത്താന്മാരെ! നിങ്ങളെ വെറുതെ വിടില്ല!
എന്റെ ബാപ്പ ഞാൻ പോയപ്പൊ ഉള്ള ബുദ്ധികൂടി കെട്ടു. ആ തക്കം അവരുപയോഗപ്പെടുത്തി. ഒരു കുടുംബത്തിന്റെ ഉപജീവനം മുഴുവൻ തട്ടിപ്പറിക്കുക. യഥാർത്ഥ ഉടമസ്ഥനെ വഞ്ചിക്കുക, കന്നൂട്ടിക്കയ്യനാക്കുക. അവർ നായിനെ വളർത്തുന്നുണ്ട്. അതുപോലെ കൊണ്ടുപോയി വളർത്തുക. എന്നിട്ട്, ബാപ്പയുടെ മകൻ, ഒരേ മകൻ, തണ്ടുംതടിയുള്ള മകൻ അത് കണ്ടിരിക്കുക... അയ്യ! ചെകുത്താന്മാരേ, നിങ്ങളെ വെറുതെ വിടില്ല! പോക്കര്ക്ക. അയാള് ഇസ്ലാമിന്ന് യോജിച്ചതു ചെയ്തു. എന്നിട്ട് ഒരിസ്ലാമിന്ന് ചേർന്നവിധം പ്രവർത്തിക്കാൻ എന്നോട് പറഞ്ഞു......അതേ, എല്ലാ മുസ്ലീമും കാണും. ബാപ്പു ഒരിസ്ലാമിനെപ്പോലെതന്നെ പെരുമാറും. വേണ്ടിവന്നാൽ വിശ്വാസിയായ ഒരിസ്ലാം എങ്ങിനെ തൂക്കുമരം കേറുമെന്നു ഞാൻ കാണിച്ചുകൊടുക്കും. ഞാൻ കൊടുക്കുന്ന ഈ നേതൃത്വം ഇസ്ലാമിലെ എല്ലാ യുവാക്കളേയും ഉശിരു പിടിപ്പിക്കും. ഹാ! എന്നിട്ട്, ആ പോക്കർക്കായുടെ പേരിൽ ഈ ജന്തുക്കൾ എന്തൊരു പ്രചാരവേല നടത്തുന്നു നയവഞ്ചകന്മാർ.

(പുറത്തേയ്ക്കുനോക്കി) കിഴക്കു ചുകന്നിട്ടുണ്ട്. അതേ, ഇസ്ലാമിന്റെ കൊടിയടയാളം ഉയരുകയാണ്. അതു പോലെ ഞാനിന്ന് അവിശ്വാസികളുടെ രക്തം ചിന്തും. എന്നിട്ട് എന്റെ അവമാനത്തെ, ഇസ്ലാമിന്ന് പൊതുവെ വന്ന അവമാനത്തെ ഞാനാ ചുടുചോരയിൽ കഴുകും.

(മേശവലിപ്പുതുറന്ന് കത്തിയെടുക്കുന്നു) ഹ. ഹ. ചിരിക്ക്! ഒരു വിശ്വാസിയായ ഭടന്റെ കയ്യിലിരിക്കുമ്പോൾ നീ ചിരിക്ക തന്നെ ചെയ്യും. ചിരിക്ക്. കുറച്ചുകൂടികഴിഞ്ഞാൽ നീയ്യ് മുറുക്കി ചോപ്പിച്ച ചിറികൊണ്ടാണ് ചിരിക്കുക. അതേ, നീയിന്ന് പ്രതികാരത്തിന്റെ ചുണ്ണാമ്പു കൂട്ടി മുറുക്കും.

(കത്തി അരയിലുള്ള ഉറയിൽ തിരുകുന്നു. മുഖം ഭയങ്കരമാവുന്നു)

ഇസ്ലമിനുവേണ്ടി പോരാടീട്ടുള്ള എല്ലാ മഹാന്മാരും എന്റെ കൂടെയുണ്ട്. ഞാനവരെ പിന്തുടരും.

(തുറിച്ചുനോക്കി നില്ക്കുന്നു. കലികൊണ്ട് വിറച്ചു വിറച്ചു നടന്നുപോകുന്നു)

(കർട്ടൻ)

## അങ്കം മൂന്ന്

## രംഗം 5

ശ്രീധരൻനായരുടെ വീടിന്റെ കിഴക്കെ മുറ്റം. ഒരു പടുകൂറ്റൻ എരഞ്ഞിയുടെ ചുവട്. രാത്രി നേരിയ നിലാവ്. ബാപ്പു പ്രവേശിക്കുന്നു.)

(ബാപ്പു നടന്നു നോക്കുന്നു)

ആയിഷ : (പിന്നിലൂടെവന്ന്) കാക്കാ.

(ബാപ്പു ഞെട്ടിത്തിരിഞ്ഞു നോക്കുന്നു)

ആയിഷ : ഇന്നലെയാ അറിഞ്ഞ്, കാക്ക ബന്നിട്ട്ണ്ട്ന്ന്. നേരം ബെളുത്തിട്ട് അങ്ങട്ട് ബരണം എന്നിച്ച് പുറപ്പെട്ട് ഇര്ന്നതാ. ഒറക്കം ബന്നില. അപ്പോണ്ട, ജനാലക്കലൂടെ നോക്കുമ്പം കാക്ക ബര്ണ്.

ബാപ്പു : (ചുണ്ടത്തു കൈവച്ച്) മിണ്ടരുത്. ഞാൻ നെന്റെ കാക്കയല്ല. നീ എന്തിനെന്റെ മുമ്പിൽ ചാടിവീണു (ക്രുദ്ധനായി നോക്കുന്നു) നോക്ക്; ഒരക്ഷരം മിണ്ടരുത്. ഞാനിന്നും ഒരിസ്ലാമാണ്. നെനക്ക് എന്നോട് ഒന്നുമില്ല.

ആയിഷ : എന്നാ എന്തിനേ കാക്ക ബന്ന്?

ബാപ്പു : നെന്നെ കാണാനല്ല. ആ മൂത്തുനരച്ച തന്ത ഉണ്ടലോ, നീ ബാപ്പാ എന്നുവിളിക്കുന്ന ആ തന്ത! ആയാളെ കാണാനും അല്ല. എന്നെ, എന്റെ മതത്തെ അവമാനിച്ച നയവഞ്ചകന്മാരുണ്ട്. എനിക്കവരുമായിട്ടാണ് കാര്യം. പോ, അകത്തു പോ. വന്നവഴി ശബ്ദിക്കാതെ അകത്തുപോ. ഊം.

ആയിഷ : (അഞ്ചലയായി) കാക്കാ, നിങ്ങള് നല്ലേന്ള്ള പൊറപ്പാടല്ല, നിങ്ങളാദ്യം ബാപ്പാനെ കാണിൻ. എന്നിട്ട് എന്താച്ചാ ചെയ്തോളിൻ.

ബാപ്പു : ആയിഷേ, ഞാൻ നിന്നോട് പറഞ്ഞു, നീ പോ എന്ന്. ഇപ്പോൾ എന്റെ മുമ്പിൽ നില്ക്കാതെ.

ആയിഷ : ഞാൻ പൂവില്യ. കാക്ക ബാപ്പാനെ ആദ്യം കാണണം. ആരൂല്യാതെ കുടീന്ന് പുടിച്ച് പുറത്താക്യേപ്പൊ വഴീക്കെടന്ന് തെണ്ടണ്ടാച്ച്ട്ട് ഞങ്ങക്ക് ഒരെടം തന്നോരോടാ നിങ്ങക്കിപ്പോ ബിരോതം. അവരെ അപകടാക്കാനാ നിങ്ങള് പൊറപ്പാട്. നിങ്ങളെ പടച്ചോൻ ബെടിയും.

ബാപ്പു : നിന്നോട് വാദിക്കാനാണോ പറഞ്ഞത്? പോവാനല്ലേ? നീ പോവില്ലെ പെണ്ണേ?

ആയിഷ : ഞാൻ പൂവില്യ. ഇബടെക്കെടന്ന് നെലോളിച്ച് എല്ലാരേം ഒണത്തും ചിയ്യും.

ബാപ്പു : (കലികൊണ്ട് വിറച്ച്) പെണ്ണ് ഇത്രക്കായാൽ നന്നല്ല. എന്നാൽ നിന്നെ ആദ്യം.

(ഇടംകൈകൊണ്ട് കഴുത്തിൽ പിടിക്കുന്നു. വലങ്കയ്യിൽ കത്തി. പെട്ടെന്ന് എന്തൊ തടഞ്ഞപോലെ വിടുന്നു) ഞാൻ പറയുന്നു, നീ പോ.

ആയിഷ : അതെ, നിങ്ങടെ കയ്യിമ്മൽത്തടഞ്ഞീലേ, ആ മുറീന്റെ ബടു? കാക്കായ്ക്ക് ഓർമ്മണ്ടാവും. പണ്ട് കാക്കാന്റെ കയ്യീന്ന് കത്തിതട്ടിപ്പറച്ചിട്ട് പറ്റീതാ. അന്ന് ചോര ബന്നപ്പൊ നിങ്ങള് കരഞ്ഞ്. ഇന്ന് നിങ്ങള് തന്നെ ആ ചോര ചാടിക്കി. എനിക്ക് സമ്മതാ, എന്നെയാ ആദ്യം കൊല്ല്ണ്ച്ചാ ഞാൻ മിണ്ടില്ല. ഇന്നിട്ട് നിങ്ങക്ക് എല്ലാരേം കൊല്ലാം. (സ്വരംമാറ്റി) കാക്കാ, നിങ്ങള് ബാപ്പാനെ കാണ്ണ്ല്ലെങ്കില് ഞാൻ ഉമ്മാനെ ബിളിച്ചോണ്ടരാം. അവരെക്കാണിൻ.

(ബാപ്പു കർത്തവ്യമൂഢനായി നില്ക്കുന്നു)

ആയിഷ : നോക്കിൻ, ഈ മുറീന്ന് ചോര ഇറ്റുമ്പളുംകൂടി നിങ്ങളെ കുറ്റപ്പെടുത്താൻ തോന്നാഞ്ഞിട്ട് കളിക്കാൻ ബന്നേന് എന്നെ ചീത്ത പറഞ്ഞ ആ ഉമ്മണ്ട് ഇബടെ. കാക്ക പോയെപ്പിന്നെ ഇണ്ണീട്ട് നടന്നത് ഇബടെത്താനാ. പെരേന്ന് പൊറത്താക്യപ്പൊ ഇബടെ പാർപ്പിച്ചില്ലെങ്കില് ഈ കഴിഞ്ഞ മഴേംകൊണ്ട് മണ്ണിക്കെടന്ന് മയ്യത്തായീര്ന്ന്. ആ ഉമ്മാനെ കാക്ക കാണിൻ. ഇന്നിട്ട് ആയ്ക്കോളിൻ നിങ്ങടെ ദീൻ നടത്തല്.

ബാപ്പു : (അസ്തവീര്യനായി കത്തി അരയിൽതന്നെ തിരുകിക്കൊണ്ട്) ആയിഷേ, നീയെന്നെ കൊന്നു, അതേ, ഒരിസ്ലാം അശക്തനായിക്കൂടാ, പക്ഷേ, ഞാനിതാ ദുർബ്ബലനായി.

ആയിഷ : കാക്കാ, കണ്ടോര് പറഞ്ഞ് നിങ്ങളെ കേറ്റീതാ. കൊറെ ഒക്കെ ഞങ്ങക്കും പറയാണ്ടാവില്ലെ? നിങ്ങള് പോയിട്ട് ഇത്രല്ലേ കാലായിട്ടുള്ളു? അപ്പഴ്ക്ക് ജനിച്ചുവളർന്ന്

ഉണ്ടായ ബിസ്വാസൊക്കെ പോയി ഞങ്ങള് കാഫറ്ങ്ങളായീന്നങ്ങ്ട്ട് ബെച്ചാലോ കാക്കാ.
ബാപ്പു : എന്നാലും തെറ്റാണ് ചെയ്തത്. നിങ്ങൾക്ക് വീട് കിട്ടീലെങ്കില് വഴീക്കെടന്ന് ചാവണം. ഇവിടെയുള്ള മുസ്ലീമിങ്ങൾ അത് കണ്ടിരിക്കില്ല.
ആയിഷ : കാക്കാ. ബാപ്പ അത് ശെയ്തില്ല! ഞങ്ങടെ ബുദ്ധിമോസായിരിക്കും. കാക്കാന്റെ കടം അതോണ്ട് ബീടിയോ? അജ്ജാള്, ആ മൊതലാളി മനുഷ്യേനുമല്ല, മൃഗോല്ല.
ബാപ്പു : ഛേ, അയാളെ പറേര്ത്. ആയാളില്ലെങ്കിൽ ഈ നായന്മാരിപ്പോൾ ആ വീടുംകൂടി തട്ടി എട്ത്തീര്ന്ന്.
ആയിഷ : എന്ത് തട്ടണ്, കാക്ക?
ബാപ്പു : ആ വീടും പറമ്പും. അതിവർക്ക് തീര്കൊടുക്കാൻ തീർച്ചപ്പെടുത്തീർന്നീലേ?
ആയിഷ : ഇതാര് പറഞ്ഞ നൊണയാ, കാക്ക?
ബാപ്പു : ഒന്നുകിൽ നീയ്യിപ്പോൾ പറഞ്ഞത് നൊണ. അല്ലെങ്കിൽ പോക്കര് പറഞ്ഞത് നൊണ.
ആയിഷ : എന്നാ ഇതിപോലെത്തന്നെ നൊണയാ അജ്ജാള് പറഞ്ഞതൊക്കെ.
ബാപ്പു : എന്നാൽ പോട്ടെ. എല്ലാം അറിയണലോ. നമ്മടെ നെലം ഇവര് ഒഴിപ്പിച്ചതോ?
ആയിഷ : നമ്മുടെ നെലംണ്ടോ ഒയിഞ്ഞിട്ട് !
ബാപ്പു : പിന്നെ, നെണക്കറീല്യ. ഇത്തവണ പകുതിക്കല്ലേ നടക്കണത്?
ആയിഷ : നൊണ, കാക്കാ. ഒഴിഞ്ഞിട്ടൂല്യ ഒയിപ്പിച്ചിട്ടൂല്യ. നമ്മടെതന്നെയാ കൈവഷം. അവരുംകൂടി പണി എടുക്കുന്നു. കാക്ക പോയപ്പൊ ബാപ്പക്കാരാ സഹായം? ഉണ്ടായോണ്ട് എല്ലാവർക്കും ഒപ്പാപ്പം എന്നാ നിശ്ചയം. ബേലൂന്റെ നെലോം ഇല്യേ? അതിപ്പൊ ഒയിപ്പിച്ചിട്ടാ?
ബാപ്പു : എനിക്ക് സംശയമുണ്ട്. എനിക്ക് ബാപ്പയെക്കണ്ട് സംസാരിക്കണം.
ആയിഷ : നിങ്ങളെ ചെകുത്താൻ ബിട്ടു, കാക്ക.
(കണ്ണു തുടക്കുന്നു)
ബാപ്പു : നീയെന്നെ എന്തു ചെയ്തു എന്ന് എനിക്കറീല്യ. (കണ്ണൊപ്പുന്നു) ഉമ്മ എവിടെ? ആദ്യം ഉമ്മടെ അടുത്തേക്ക് പൂവ്വാ.
(രണ്ടാളും പോകുന്നു.)

(കർട്ടൻ)

**അങ്കം നാല്**

**രംഗം 1**

(ആധാരമെഴുതുന്ന സ്ഥലം. പകൽ 12 മണി. നമ്പ്യാർ ഇരുന്നെഴുതുന്നു.)

പോക്കര് : (പ്രവേശിക്കുന്നു) നമ്പ്യാരെ, ഞമ്മളെ ബാപ്പു പറ്റിച്ച്.

നമ്പ്യാർ : (എഴുതുന്നതിൽ നിന്നു കണ്ണെടുക്കാതെ) എന്തേ?

പോക്കര് : ഞാനന്നും പറഞ്ഞിലേ, കച്ചീട്ട് റജിസ്രാക്കണ്ടാന്ന്. ഇപ്പോ ആ പറമ്പും പെരേം ഓന് കിട്ടും ചെയ്തുച്ചോളിൽ. ഓനോ, ഇപ്പൊ മറ്റെ കൂട്ടത്തിൽത്തന്നെ!

നമ്പ്യാർ : അതുവ്വോ?

പോക്കര് : പിന്നെ? എന്തു ചതിയാ ചതിച്ചത് ഓൻ! ബല്യഇസ്ലാമാണ്. ബാപ്പ ചെയ്തതൊക്കെ ദീനിന് എതിരാണ്, ആനയാണ് ചേന്യാണ് എന്നൊക്കെപ്പറഞ്ഞ് കച്ചീട്ടും പറ്റിച്ച് നമ്മളെപ്പോ ബെച്ചൂച്ചോളിൻ.

നമ്പ്യാർ : ഇപ്പോൾ താമസം?

പോക്കര് : താമസം മാറ്റോറ്റിന്റെ കൂട്ടത്തിത്തന്നെ. ബറുക്കനെ അന്യായോം കൂട്ടോം കൂടിത് ലാഭായി. കയ്യില് വന്നതാ, അങ്ങട്ട് പോയത്ച്ചോളിൻ.

നമ്പ്യാർ : പെരപോയി കയ്‌വശപ്പെട്ടത്ത്. കച്ചീട്ട് ബലത്തില് വന്നിട്ടില്ലാന്ന് പറയാം.

പോക്കര് : നിങ്ങടെ കയ്യില് ഇത്തിരി പണം തന്നീര്ന്നിലേ? കച്ചീട്ടെയിതുമ്പോ എനിക്ക് തരാൻ. ഓന് ബിസ്വാസായ്ക്കോട്ടെച്ച് ഞാൻ അന്ന് ബാങ്ങീലലോ. കണ്ണിട്ട് കാണിച്ച് തന്നില്ലേ, നിങ്ങടെ കയ്യില് ബെച്ചോളാൻ. ആ കായിങ്ങട്ട് തന്നേക്കിൻ. ബന്നതും അറ്വേണ്ട, പോയതും അറ്വേണ്ട.

നമ്പ്യാർ : അതെങ്ങനെയാ നിങ്ങക്ക് തര്ണ്. നിങ്ങക്ക് ബേണ്ടാന്ന് ഓൻ കേക്കച്ചിലെ പറഞ്ഞതല്ലേ? ഓനത് ഞാൻ കൊടുക്കേണ്ടി വരില്ലേ?

പോക്കര് : (പ്രകൃതം മാറി) നമ്പ്യാരേ, എനിക്ക് തരാൻ ബേണ്ടി ഓൻ നിങ്ങളെ ഏല്പിച്ചതല്ലെ?

നമ്പ്യാർ : നിങ്ങക്ക് വേണ്ടാന്നും പറഞ്ഞിലേ?

പോക്കര് : (ഉറക്കെ) നിങ്ങള് കളിപ്പിക്കാൻ നിക്കാ. പോക്കർക്ക് അത് ബാങ്ങാനും ഒക്കെ അറിയാംച്ചോളിൻ.

നമ്പ്യാർ : പിന്നെയ്, വാങ്ങലും കൊടുക്കലും ഒക്കെ ശരി. ഇവിട്ന്ന് പൊറത്ത് കടന്നിട്ട് നെലവിളിച്ചൊ. നീയ് മൊതലാളിയാച്ചാ എനിക്ക് പേടി ഒന്നൂല്യ. തോന്ന്യാസോ!

പോക്കര് : (ചാടി എഴുന്നീറ്റ് നമ്പ്യാരുടെ കഴുത്തിൽ പിടിച്ച് തള്ളിട്ട്) ഹമ്ക്കേ, നീയെന്നെ പറ്റിക്കാം എന്നാടാ ബെച്ച്? ബെക്ക് എന്റെ പണം.

(നമ്പ്യാര് അങ്ങോട്ടും പിടിക്കുന്നു, ഉന്തുംതള്ളും. ആളുകൾ കൂടുന്നു.)

(കർട്ടൻ)

**അങ്കം നാല്**

**രംഗം 2**

(വഴി. പകൽസമയം. വാരിയരും പറങ്ങോടനായരും രണ്ടു വഴിക്ക് വരുന്നു.)

വാരിയർ : ആ, പറങ്ങോടൻനായരോ? ശ്ശി ദിവസായ്യേനീം കണ്ടിട്ട്. ഇന്നിട്ട് പിന്നെ അന്ന് എങ്ങനേ ഒഴിവായ്യേ?

പറങ്ങോടൻ : ഒഴിവായതോ? അന്നും കെടന്നു, പിറ്റേന്നും കെടന്നു അവിടെ. പിറ്റേന്റെ പിറ്റേന്ന് ശ്രീധരൻ നായരുടെ അനിയൻ ഇല്യ? അയാള് വന്നു. ഞാൻ കെടന്ന് ഒരു നെലവിളി. കാര്യം കാണാൻ കഴുതക്കാലും പിടിക്കണ്ടേന്നാങ്ങട് വിചാരിച്ചു. അന്നു പൊറത്തും പോന്നു.

വാരിയർ : ആ, അതിനെന്താ? ഞാനിപ്പോ അവരടെ വീട്ടീന്ന് വര്ാണലോ. എന്നാ മാപ്പളാരാണെന്ന് പറഞ്ഞിട്ടെന്താ? എന്തൊരു വൃത്തീം വെടിപ്പാ അവറ്റയ്ക്ക്.

വാരിയർ : നിങ്ങളും തൊപ്പിടുന്നാ തോന്ന്ണ്.

പറങ്ങോടൻ : വാരരേ, ഇത് തൊപ്പിടലാച്ചാ, നല്ലോരൊക്കെ തൊപ്പിട്ടോരാ. നിങ്ങളും നിങ്ങടെ ചെകുത്താൻ നമ്പ്യാരില്ലേ, ആയാളും മാത്രേ തൊപ്പിടാത്തോരുണ്ടാവൂ.

വാരിയർ : (അത്ഭുതപ്പെട്ട് ) ഇതെന്തു മയക്കുവിദ്യാ തേവരേ, അവറ്റിന്റെ. അപ്പോ നിങ്ങളല്ലേ പറഞ്ഞീര്ന്നത് കലികാലാണ്, അശ്രീകരങ്ങളാണ് എന്നൊക്കെ?

പറങ്ങോടൻ : അതേ, ഞാൻ തന്നേ പറഞ്ഞ്. നിശ്ചല്യാഞ്ഞിട്ട് പറഞ്ഞു. അതിനല്ലേ ഞാൻ ഉള്ള കാശൊക്കെ ചെലവാക്കി രാമേശ്വരത്തുപോയി കുളിച്ചുതൊഴുത് പോന്നത്. ഭഗവാനേ, ആ പാപം ഇനിക്കിനി തോന്നരുത്.

വാരിയർ : ആ, ആ. അപ്പോ തീർത്ഥയാത്ര പോയതേര്ന്ന്.

പറങ്ങോടൻ : ഇനി ഇതും പറഞ്ഞുതരാം. കേട്ടോളിൻ. ഏതായാലും ഞങ്ങള് തൊപ്പിട്ടവകയായി. അബൂബക്കറടെ ഒഭയത്തിന്റെ കെഴക്കെ നെലണ്ടലോ ഞാൻ ചീര വെതച്ചതേയ്. അതും ചേർത്തു അവരടെ ഒഭയത്തിന്റെ കൂടെ. ഇപ്പൊ കാലായപ്പണീലാ.

വാരിയർ : അതുശരി. ഇപ്പഴേ കള്ളി തിരിഞ്ഞുള്ളു. ലാഭള്ള ദിക്കിലേ പറങ്ങോടമ്മാൻ ചാടൂ.

പറങ്ങോടൻ : വേണെങ്കില് നിങ്ങളും കൂടിക്കോളിൻ. അതിന്റെ തൊട്ട അയല് നിങ്ങടെയാ. നാമൂസും പറഞ്ഞിരുന്നാ തിന്നാൻ കൂടില്ല. പിന്നെ, അവര് നല്ലോരാണേനീം. എല്ലാർക്കും ഉണ്ടാവട്ടേന്നുള്ള വിചാരക്കാരാ.

വാരിയർ : ആട്ടെ, ആലോചിക്കട്ടെ.

(കർട്ടൻ)

## അങ്കം നാല്

### രംഗം 3

(കൂട്ടുകൃഷിയുടെ കളം. നെൽക്കറ്റക്കൂമ്പാരങ്ങൾ ഒരിടത്ത്. ഒരിടത്ത് ആയിഷ നെല്ല് കാറ്റത്തിടുന്നു. പാർവ്വതി മുറംകൊണ്ടു പിന്നിൽനിന്ന് വീശുന്നു.)

ആയിഷ : നിങ്ങക്കെന്താന്നെയ്. കയ്യിനൊട്ടു കെല്പ്പൂല്യേ? ഇങ്ങനാണെങ്കില് എന്റെ കാക്കാനെ കെട്ടാനൊന്നും മോഹിക്കണ്ട.

പാർവ്വതി : (ചിരിച്ചിട്ട്) ഞങ്ങളാരും കാക്കേനേം പൂച്ചേനേം കെട്ടാറില്ല. മനുഷ്യന്മാരെ കിട്ടാത്ത കാലായിട്ടില്യലോ?

ആയിഷ : (ഹാസ്യഭാവത്തിൽ) പിന്നെ ചേട്ടൻ എന്നാ പറയ്ാ. ഏട്ടൻ. ഞങ്ങളാരും ചേട്ടേനീം മൂട്ടേനീം കെട്ടാറില്യാ (രണ്ടാളും ചിരിക്കുന്നു)

പാർവ്വതി : ആ, അപ്പോ, നെണക്കൊരാളുടെ ഏട്ടനെ കിട്ട്യാക്കൊള്ളാം എന്നുണ്ട്. ഇല്ലേ?

ആയിഷ : (തിരിഞ്ഞുനിന്നിട്ട്) നിങ്ങളിന്ന് തോന്ന്യാസം പറയാൻതന്നെ മെനക്കെട്ടാ?

പാർവ്വതി : അതുപോട്ടെ ആയിഷേ! കൊറേശ്ശെ ഒക്കെ എനിക്കും അറീല്യേ?

ആയിഷ : (ചിരി ഒതുക്കി) അപ്പോ, എന്ത്ര്ത്താണെന്നും ഈയമ്മ പറേയണ്!

പാർവ്വതി : നെല്ല് കോര്, വേഗാവട്ടെ. ഏട്ടൻ വന്നാൽ ചീത്ത കേൾക്കല് എനിക്കാ. തന്നെ ഒന്നും പറേല്യ. (ഇടങ്കണ്ണിട്ട് ആയിഷയെ നോക്കുന്നു. രണ്ടാളും പൊട്ടിച്ചിരിക്കുന്നു)

(നെല്ല് കാറ്റത്തിടുന്നു)

പാർവ്വതി : അപ്പോ, ആയിഷേ, എന്നാ നെന്റെ കല്യാണം.

ആയിഷ : ആള് കെട്ടാൻ ബരുമ്പോ.

പാർവ്വതി : ആരെങ്കിലും വന്നാ മതിയോ ആയിഷേ!

ആയിഷ : ഉം. ആരായാലും മതി. ബാപ്പാന്റെ മുണ്ടംവടി എല്ലാരടെ പൊറത്തയ്ക്കും പാകാ.

പാർവ്വതി : എന്നാ ഇനി നെന്റെ കാക്ക പുവ്വാ.

ആയിഷ : എന്റെ കാക്കാ പുവ്വാഞ്ഞിട്ട് നിങ്ങക്കെന്താന്നും. ഞങ്ങളെ കാഫ്റങ്ങളാക്കീതും പോരാ, ഇനീം കാക്കാനെ ആട്ടിപ്പായിക്കണംന്നുണ്ടോ?

പാർവ്വതി : ആ, കാക്ക പോയാ കാക്കാന്റെ പെങ്ങളെ ഞങ്ങക്ക് കിട്ടോലോച്ചിട്ടാണ്-നെന്റെ പണ്ടം എടുത്തോ? നമ്പ്യാര് പണയം വെച്ചതേയ്.

ആയിഷ : ബാപ്പ പണ്ടം എട്ക്ക്ണ്. അതൊക്കെ ആ നമ്പ്യാർക്ക് പൊലിച്ചിലേ? അജ്ജാളും പോക്കരും കൂടി അടീം പുടീം ആയീന്നല്ലേ കേട്ട്. കേസിമ്മലായീത്രേ.

പാർവ്വതി : ആ, കേസ് നടത്ത്ണേന്റെ സാദ് അയാളും അറിയണലോ.

ആയിഷ : ഇതൊന്നും അല്ലാന്നും. ആ രണ്ടെണ്ണത്തിനേം സെയിത്താൻ പുടിക്കും.

പാർവ്വതി : പോക്കര് വീടൊക്കെ മടക്കിത്തന്നിലേ? ആയാളെ എന്തിനാ പിന്നെ ചെകുത്താൻ പിടിക്കണ്?

ആയിഷ : എന്നിട്ടേന്തേ കാര്യം? ബാപ്പ ഇനി അതിലക്ക് പോവില്ലാത്രേ. അതല്ലെ നിങ്ങടെ ആങ്ങള പുതിയ വീട് എട്പ്പിക്കണത്.

പാർവ്വതി : ഏതായാലും കഷ്ടപ്പാടൊക്കെ കഴിഞ്ഞൂ തോന്നുന്നു.

ആയിഷ : പുതിയ വീട്ടിൽ ചെന്നാല് ഞാൻ കാക്കാനേം കൂട്ടി നിങ്ങടോടെക്ക് ബരണ്ട്.

പാർവ്വതി : എന്തിന്?

ആയിഷ : (സസ്മിതം) നിങ്ങളെ കാണിച്ചുകൊടുക്കാനെയ്.

പാർവ്വതി : ആ പറഞ്ഞോ. എന്തെങ്കിലും പറഞ്ഞിട്ട് നെന്റെ സ്വന്തം മനസ്സിലെക്ക് ഒരു കാറ്റു ചെന്നോട്ടെ.

ആയിഷ : (അണിയറയിലേക്കു നോക്കി) അല്ലാ, എന്റെ പയ്ക്കുട്ടി എവിടെ പോയി?

പാർവ്വതി : ഞാൻ നോക്കി വരാം. ഇപ്പോൾ കാറ്റുണ്ട്. നിയ്യ് കോരി ഇട്ടോ.

(പാർവ്വതി മുറം താഴെവെച്ചുപോകുന്നു. ആയിഷ തനിയെ കാറ്റത്തിടുന്നു. പിന്നിലൂടെ സുകുമാരൻ പ്രവേശിച്ച് ആയിഷയുടെ പിന്നിൽ നിന്ന് മുറമെടുത്തു വീശുന്നു)

ആയിഷ : (ആൾ മാറിയതറിയാതെ) പയ്ക്കുട്ടീനെ കണ്ടോന്നേയ്.

സുകുമാരൻ : ഊം.

ആയിഷ : മോന്ത്യാവാറായേ്യലോ. എപ്പഴാ ഇനി ബാപ്പേം മറ്റും ബര്ാ? ഇപ്പോ ബരണ്ണ്ടാവും

ഇല്യേ?
സുകുമാരൻ : ആ.
ആയിഷ : നിങ്ങടെ ആങ്ങള എന്തിനാന്നേയ് ഇങ്ങോട്ട് ബര്ണ്? അജ്ജാൾക്ക് പാട്ടെയ്താനല്ലാതെ കൊയ്തും മെതീം ഒക്കെ പുടീണ്ടോ?
സുകുമാരൻ : ഊംഉം.
ആയിഷ : പിന്നെന്തിനാ ബരണ്?
സുകുമാരൻ : (ആയിഷയുടെ സംഭാഷണത്തെ അനുകരിച്ചുകൊണ്ട്) കാക്കോച്ചിനെ നോക്ക്ാനേയ്!
(ആയിഷ തിരിഞ്ഞുനോക്കി മുറം താഴത്തിടുന്നു. ലജ്ജിച്ച് മാറിനില്ക്കുന്നു. പാർവ്വതിയെനോക്കി, കാണാതെ) ആ, ഹാ നിങ്ങള് രണ്ടാളും ഒത്തിട്ടാ, അല്ലേ?
സുകുമാരൻ : (ചിരിച്ച്) ആര് രണ്ടാള്. ഞാൻ ഒറ്റക്കേ ഉള്ളു.
ആയിഷ : നിങ്ങടെ പെങ്ങള് ഇണ്ടാർന്നോാലോ ഇബടെ.
സുകുമാരൻ : (ഒരടിവിട്ടുനിന്ന് നാലുപുറവും നോക്കുന്നു.) പെങ്ങളോ?
ആയിഷ : (അനുകരിച്ചുകൊണ്ട്) പെങ്ങളോ? നിങ്ങളറിഞ്ഞിട്ടില്ല, അല്ലേ?
സുകുമാരൻ : ഞാൻ കളത്തിൽ പണിയെടുക്കാൻ വന്നതാ. പെങ്ങളെ അന്വേഷിച്ച് വന്നതല്ല.
ആയിഷ : എന്നാ പണിയെടുക്ക്ാ ചെയ്യ്ാ; കണ്ടപെണ്ണ്ങ്ങടെ പിന്നില് ബന്ന് നിക്ക്ല്ല.
സുകുമാരൻ : അതിന് നീയിപ്പോ ഒരു പെണ്ണാ?
(അവൾ അടുക്കിവെച്ച ചുരുട്ടുകളിന്മേൽ ഇരിക്കുന്നു.)
സുകുമാരൻ : ഞാൻ വീശിത്തന്നതോ പണി ഒന്നുമല്ലേ?
ആയിഷ : ആ പണിക്ക് തന്നെയേ പാർവ്വതിയമ്മ ഇവിടെ നിന്നീര്ന്നത്. അപ്പഴക്ക് എങ്ങടേ ആയമ്മ പോയത്? എന്നെക്കൊണ്ടാവില്യ. ബാപ്പവരട്ടെ. ബീശാനാളില്യാതെ എങ്ങനയാ കാറ്റത്തിട്ാ.
സുകുമാരൻ : നല്ല കേസ്. ഞാനല്ലേ വീശിത്തന്നീര്ന്നത് ! ഇന്നപണി ഇന്ന ആൾതന്നെ ചെയ്യണന്ന്ണ്ടോ?
ആയിഷ : പുടീള്ളോര് ചെയ്യണം നിങ്ങക്ക് പുടീല്യ, മൊറം കൊണ്ട് ബീശാൻ.
സുകുമാരൻ : ശരി. എന്നാൽ നിശ്ചള്ള പണി ചെയ്യാം. കറ്റഅടക്കി വെക്കട്ടെ.
(ആയിഷ ഇരിക്കുന്ന കന്നുകൾ വലിച്ചെടുക്കുന്നു. അവൾ ചെരിഞ്ഞു വീഴാൻ പോകുന്നു.)
ആയിഷ : (എഴുന്നേറ്റ് മാറിനിന്നിട്ട്) നിങ്ങള് ഇന്ന് കുത്തും മുറിക്കും ബന്നതാ?
സുകുമാരൻ : എന്നാവരു. ഞാൻ വീശിത്തരാം. കാറ്റത്തിടൂ.
ആയിഷ : എനിക്ക് കഴീല്യ. ഞാൻ ബീശാം. കാറ്റത്തിട്ടോളിൻ.
സുകുമാരൻ : എന്നാലും വേണ്ടില്യ. വരു.
(സുകുമാരൻ മുറമെടുത്ത് നെല്ലുകോരി കാറ്റത്തിടുന്നു. ആയിഷ വീശുന്നു. കൂട്ടത്തിൽ മുറംകൊണ്ട് പുറത്തൊരടി കൊടുക്കുന്നു. സുകുമാരൻ തിരിഞ്ഞുനോക്കുന്നു)
ആയിഷ : ആ, ഞാൻ കാക്കോച്ചിനെ നോക്കീതാ.
(സുകുമാരൻ ഒരുപിടി നെല്ലുവാരി തട്ടം പകുതികിഴിഞ്ഞ തലയിലിടുന്നു. എന്നാ കാക്കോച്ചി തിന്നോട്ടെ)
(ആയിഷ ഒഴിഞ്ഞുമാറുന്നു. പാർവ്വതി വരുന്നു. സുകുമാരൻ മുറം താഴത്തിട്ട് കറ്റ അടുക്കി വെയ്ക്കുന്നു. പാർവ്വതി ആയിഷയെ നോക്കി പൊട്ടിച്ചിരിക്കുന്നു)
ആയിഷ : (തട്ടമെടുത്ത് തലയിൽനിന്ന് നെല്ല് തട്ടികൊണ്ട്) എന്റെ തലേല് ഇനി നെല്ല്ണ്ടോ നോക്കിൻ.
പാർവ്വതി : (നോക്കി തട്ടിയിട്ട്) ഓ, തലേലെഴുത്തും കൂടി കാണാണ്ട്. ഇനി നിയ്യ് നെല്ല് കോരിക്കോ.
(പാർവ്വതി വീശുന്നു. ആയിഷ നെല്ല് ചൊരിയുന്നു. സുകുമാരൻ കന്നടക്കി വെയ്ക്കുന്നു. അബൂബക്കറും വേലുവും ശ്രീധരനും ബാപ്പുവും വരുന്നു)
അബൂബക്കർ : തീർന്നില്യേ മക്കളെ. പണിക്കാരൊക്കെ പോയോ?
പാർവ്വതി : പണിക്കാര് നേരത്തേ പോയി. ഇതു കഴിയാനായി. ഇത്രയും കൂടിയേ ഉള്ളു.
(വേലു നെല്ല് കൂട്ടിയത് നോക്കി വായും തുറന്ന് അന്തം വിട്ടു നില്ക്കുന്നു)
ബാപ്പു : എന്താ വേലോ, നീയിതിപ്പോ വായോണ്ടങ്ങട് അളന്നളയാംച്ചീട്ടാ?
(എല്ലാവരും ചിരിക്കുന്നു)

വേലു : അല്ലെന്റെ കുട്ട്യേ. ഞാൻ ആലോചിക്യ.
ശ്രീധരൻ : എന്താലോചിക്കണ് !
വേലു : അല്ലാ ശ്രീധരൻ കമ്മളേ, ഇക്കണ്ട നെല്ലൊക്കെ ദൈവം നമ്മക്ക് തന്നെങ്ങ്ട്ട് എറക്കിത്തന്നതല്ലെ?
അബൂബക്കർ : ബേലൂന്റെ ആശ്ചര്യം സരിയാ. ഇതൊക്കെ ഈ നെലത്ത്ണ്ടായീന്ന് ബിസ്വസിക്കാൻ ബയ്യ! ബേലോ, ഇതെത്രണ്ടാവും.
വേലു : ഒരു തെള്ളായിരത്തമ്പത് – ആയിരത്തിന്റെ അഹേക്കണ്ട് ഉണ്ടാവും.
സുകുമാരൻ : കൃത്യം വേലോ, 985 പറ അളന്നു. ഇനി ഇതാ ഒരു പതിനഞ്ച് പറയോളം
ആയിഷ : പിന്നെ അതാ ആ കൂന മെതിക്കാനൂല്യേ?
അബൂബക്കർ : തരണ്ടോൻ തന്നാ തരും പോലെ തരും. ഇതിലിപ്പോ ബേലൂന്റെ എത്രക്ക്ണ്ടാവും?
ശ്രീധരൻ : കൃത്യം മൂന്നിലൊന്ന്. നെലത്തിന്റെ അളവ് അങ്ങനെയാ.
വേലു : (ചിരിച്ച്) 98 പറയാ കഴിഞ്ഞ പുകില്.
അബൂബക്കർ : ഹും, ഞമ്മക്ക് 150 പറ തെകഞ്ഞില്ല കഴിഞ്ഞ കന്നീല്.
ശ്രീധരൻ : നമ്മൾ രക്ഷപ്പെടും.
അബൂബക്കർ : ഇനി ബാക്കിള്ളേല് കുട്ട്യേ, 6–ം, 4–ം, ആയിട്ടങ്ങ്ട്ട് പാകിച്ചോളിൻ. 6 നിങ്ങക്കും 4 ഞമ്മക്കും.
ശ്രീധരൻ : അതെന്താ? നിശ്ചയം സമാസമം എന്നല്ലേ?
വേലു : അതേ, മാപ്പളേ, നിശ്ചയം അങ്ങനെത്തന്നയാ.
അബൂബക്കർ : അത് പാങ്ങില്യ. നിങ്ങക്ക് ചെറുപ്പാ. വല്ലോരും കേട്ടാ ഞമ്മളെയാ പറയ്ാ. അല്ലേടാ ബാപ്പു?
ബാപ്പു : അതെ ബാപ്പ. അവരല്ലേ ജന്മി. പണീം എട്ത്തിട്ട്ണ്ട്.
ശ്രീധരൻ : ജന്മിയെയും കുടിയാനെയും നമ്മള് നാടുകടത്തീലെ? ഇവിടെ ഇപ്പോൾ മനുഷ്യന്മാരല്ലേ ഉള്ളു. വിത്തും കന്നും നിങ്ങടെയാ. പരിചയവും നിങ്ങൾക്ക്. സമാസമം തന്നെ എനിക്ക് കൂടുതൽ ലാഭമാ. നിശ്ചയത്തിൽ കവിഞ്ഞ് ഞാനെടുക്കില്ല. എന്താ സുകുമാരാ.
സുകുമാരൻ : നമ്മൾക്ക് ഒരു മണീം അധികം വേണ്ട. ഇത്തന്നെ ഇവര് ഉണ്ടാക്കിത്തന്നതാ.
അബൂബക്കർ : അത് സരിയല്ല കുട്ട്യോളെ.
വേലു : കൂട്ടരേ നിങ്ങള് തമ്മിൽ തർക്കിക്കണ്ട. ഓരോരുത്തർക്ക് വേണ്ടത്മാത്രം എടുത്താമതി. ബാക്കിഉള്ളത് അവടെ കെടന്നോട്ടെ. വേലു കൊണ്ടോയ്ക്കോളാം. (എല്ലാവരും ചിരിക്കുന്നു)
ശ്രീധരൻ : ഈശ്വരാ, അങ്ങയുടെ ഉഭയം. ഞങ്ങളിട്ടിരുന്ന എടവരമ്പൊക്കെ ഞങ്ങൾതന്നെ കൊത്തിയിട്ടു. ആ വരമ്പുകളാണ് കണ്ടത്തിൽ നീരൊഴുക്കില്ലാതാക്കിയത്. ഞങ്ങൾക്കിന്നത് മനസ്സിലായി.
ബാപ്പു : ശ്രീധരൻനായരേ, നിങ്ങൾ മതത്തിന്റെ എടവരമ്പും കൊത്തി. നന്നായി, കൊറച്ചൊക്കെ നീരൊഴുക്കം അവടെയും ഉണ്ടാവും.
ശ്രീധരൻ : ബാപ്പു, ആ കാര്യത്തിൽ നമ്മൾ വിജയിച്ചുകഴിഞ്ഞില്ല. ഈശ്വരൻ നമ്മളെ അവടെയും തുണക്കട്ടെ. മതപരമായ വിജ്ഞാനത്തിലും നടപ്പിലും നമ്മൾക്ക് കൂട്ടുകൃഷി വേണം. പക്ഷെ നിലം പാകപ്പെട്ടിട്ടില്ല.
സുകുമാരൻ : കൃഷിക്കാരൻ എറങ്ങിയാൽ ആ നെലവും പാകപ്പെടും.
(ആയിഷ ആശാപൂർവ്വം സുകുമാരനെ നോക്കുന്നു. സുകുമാരൻ ആയിഷയേയും)
ശ്രീധരൻ : കൃഷിക്കാരൻ മാത്രം പോര. ദൈവം തന്നെ വേണം നെലം പാകപ്പെടാൻ. കാലവർഷം കാത്തിരിക്കണം. നാം ബദ്ധപ്പാടു കാണിച്ചുകൂടാ. (അബൂബക്കറെ നോക്കുന്നു)
അബൂബക്കർ : അതും സരിയാണ് കുട്ട്യോളെ. നമ്മള് കാത്തിരിക്കണം.
ശ്രീധരൻ : നമുക്കു കാക്കാം. ക്ഷമയോടും ഒരുമയോടുംകൂടി നമുക്കു കാക്കാം. ഇന്നീ കൂട്ടുകൃഷിയിലുണ്ടായ സമൃദ്ധിപോലെ, അടുത്ത പുകിലിൽ നാം സമൃദ്ധമായ ഒരു പുതിയ തലമുറയെ വിളയിക്കും.
(സുകുമാരനും ആയിഷയും നെടുവീർപ്പിടുന്നു. അവരെ മറ്റുള്ളവർ ഒന്നിച്ചു നോക്കുന്നു. അവർ രണ്ടാളും മുഖം താഴ്ത്തുന്നു)

അബൂബക്കർ : (ആ യുവാവിനേയും മകളേയും മാറിമാറി നോക്കി, ഭക്തിപൂർവ്വം) പടച്ചവനേ, ഇനി ഇതിനെന്താ ബഴി?

(കർട്ടൻ)